# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25

www.karunikan.com

Vol. 18 | No. 7

JULY 2021



## കച്ചവടമല്ല കല്ല്യാണം;
## ആത്മഹത്യയല്ല പരിഹാരം!




# ന്യൂനപക്ഷങ്ങളും വെല്ലുവിളികളും

**ഭരണഘടനയെപ്പോലും മറികടക്കുന്ന**
**ന്യൂനപക്ഷാവകാശ**
**ധ്വംസനത്തിനെതിരെയുള്ള അക്ഷരരവം!**

## ന്യൂനപക്ഷാവകാശങ്ങൾ
## അറിയേണ്ടതും പ്രതികരിക്കേണ്ടതും

**പ്രൗഢലേഖനങ്ങൾ**

ബിഷപ് ഡോ. സ്റ്റാൻലി റോമൻ
ഡോ. എസ്. മുരളീധരൻ നായർ
ഫാ. തോമസ് തറയിൽ
ജോസഫ് ജൂഡ്
അഡ്വ. ഷെറി. ജെ. തോമസ്
ജോൺ തറപ്പേൽ
എം. ആർക്കാഞ്ചലോ
അഡ്വ. യേശുദാസ് പറപ്പിള്ളി
അഡ്വ. ഹെൻറി ജോൺ
ലൂയിസ് തണ്ണിക്കോട്ട്

**കൂടാതെ സ്ഥിരം പംക്തികളും.**

**കാരുണികൻ ആഗസ്റ്റ് ലക്കം**

# എഡിറ്റോറിയൽ

ഇന്ന് സ്റ്റാൻസ്വാമി! നാളെ ഞാനോ? നീയോ? അതെ, സമൂഹമനഃസാക്ഷിയുടെ പ്രതികരണത്തിന്റെ പടിക്കൽപോലും എത്താതെ എത്രയോപേർ ഇതുപോലെ അനുദിനം കൊലചെയ്യപ്പെടുന്നു. നീതിക്കും ധർമത്തിനും സത്യത്തിനുംവേണ്ടി നിലകൊള്ളുന്ന വ്യക്തിയോടും ജീവനോടുമുള്ള ആദരം ഒരു സമൂഹത്തിന്റെ അടിസ്ഥാനമാക്കിമാറ്റാതെ എന്തു വികസനം? എന്തു പരിഷ്ക്കാരമാണ് നാം സ്വന്തമാക്കിയത്? മനുഷ്യരാശിയെക്കുറിച്ചുള്ള ഏറ്റവും വലിയ തെറ്റുധാരണ എന്തെന്ന ചോദ്യത്തിന് യുവൽ നോവ ഹരാരി നൽകുന്ന മറുപടി ഇന്നേറെ ചിന്തനീയമാണ്: 'ലോകത്തിനും പരിസ്ഥിതിക്കും മേൽ ശക്തി നേടുന്നതിലൂടെ ജീവിതം കൂടുതൽ സംതൃപ്തവും സന്തുഷ്ടവുമാകുമെന്ന വിചാരം.' ഏതെല്ലാം തലങ്ങളിൽ ഇന്നു നമ്മൾ ശക്തിനേടിക്കഴിഞ്ഞു; എന്നിട്ടും സംതൃപ്തരല്ല എന്നതല്ലേ യാഥാർത്ഥ്യം?

ഭരണകൂടഭീകരതയുടെ രക്തസാക്ഷിയായ സ്റ്റാൻസ്വാമി മുതൽ കരിയിലക്കൂനയിൽ ഉപേക്ഷിക്കപ്പെട്ട നവജാതശിശുവരെ കേഴുന്നത് ജീവനുവേണ്ടിയാണ്. അഹിംസയുടെ ഈ നാട് കൊലപാതകങ്ങളുടെ കേളിയരങ്ങായി മാറിയിരിക്കുന്നു.

ഒരുവശത്ത് എല്ലാവർക്കും വാക്സിൻ ഉറപ്പാക്കാനുള്ള രജിസ്ട്രേഷൻ ഡ്രൈവുകൾ. ജീവൻ സംരക്ഷിക്കാനുള്ള തീവ്രയത്നം. കോവിഡുമൂലമോ മറ്റു വൈറസുകൾമൂലമോ ഒരു ജീവൻപോലും പൊലിയരുതെന്ന ദൃഢനിശ്ചയത്തോടെ നമ്മൾ മുന്നേറുന്നു. ഇതേ ജാഗ്രതയല്ലേ മനുഷ്യജീവന്റെ തുടക്കം മുതൽ ഒടുക്കംവരെയുള്ള ഓരോ ഘട്ടത്തിലും ഉണ്ടാകേണ്ടത്? കേവലം കരിയർ സ്വപ്നസാക്ഷാത്കാരത്തിനായി ഉദരത്തിലെ കുഞ്ഞിനെ ഇല്ലാതാക്കുന്ന 'സാറ' മാരും പിറന്നയുടനെ ശിശുവിനെ കരിയിലക്കൂനയിൽ തള്ളുന്ന രേഷ്മമാരും കുടുംബജീവിതവേദിയിൽ നിഷ്ക്കരുണം കൊലചെയ്യപ്പെടുന്ന ഉത്ര-വിസ്മയ-അർച്ചനമാരും ഫ്രീഫയർ ഗെയിമുകളിലും മറ്റും ജീവിതം ഒടുക്കുന്ന വിദ്യാർത്ഥികളും അവർക്ക് മദ്യവും ലഹരിയും വിളമ്പുന്ന കച്ചവട- ഇടനിലക്കാരും നീതിയുടെ പ്രവാചകശബ്ദത്തെ കൊലചെയ്ത് ചിന്നം വിളിക്കുന്ന ഭരണകൂടവുമെല്ലാം ചെയ്യുന്നത് ജീവൻ എന്ന അതിശ്രേഷ്ഠദാനത്തോടുള്ള പൊ

റുതിയർഹിക്കാത്ത പാതകംതന്നെയാണ്. ആരോഗ്യസുരക്ഷയിലും അനുബന്ധകാര്യങ്ങളിലും ഒന്നാമത് എത്തിയെന്ന് നമ്മൾ അഭിമാനിക്കുമ്പോൾ സ്ത്രീധന- ഗാർഹിക പീഡനങ്ങൾ നാട്ടിൽ തുടർവാർത്തകളാകുന്നത് എത്ര ലജ്ജാകരമാണ്. എന്തുകൊണ്ട് സ്ത്രീധന നിരോധനം കർശനമായി നടപ്പാക്കിയില്ല എന്ന് സർക്കാരിനോട് ഹൈക്കോടതി ഈയിടെ ചോദിച്ചത് ഇതിനോടു ചേർത്തുവായിക്കണം. എല്ലാ ജില്ലകളിലും ചട്ടങ്ങൾ നടപ്പാക്കാൻ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കുമെന്ന സർക്കാർ നിലപാട് പ്രതീക്ഷനൽകുന്നു. സ്ത്രീശരീരത്തോടുള്ള അക്രമം സ്ത്രീയിൽ നിന്ന് ജന്മമെടുത്ത ദൈവത്തോടുള്ള അക്രമംതന്നെയാണെന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ ഓർമ്മിപ്പിക്കുന്നു. എന്നാൽ, സ്ത്രീകളോടുള്ള മനോഭാവത്തിലെ മാറ്റം സമൂഹം ഒന്നുചേർന്ന് വിലയിരുത്തേണ്ടതും സ്വയം തിരുത്തേണ്ടതുമാണ്. *പുരുഷനോടൊപ്പം സ്ത്രീയും സ്വാതന്ത്ര്യം കൈക്കൊള്ളട്ടെ, പേറട്ടെ സീമാദരം രണ്ടുകൂട്ടരും സമം.* ആൺകുട്ടി മൂലധനമാണെന്നും പെൺകുട്ടി ബാധ്യതയാണെന്നുമുള്ള ചിന്താഗതി മാറണം. സ്ത്രീയും പുരുഷനും തുല്യനീതിയും തുല്യബഹുമാനവും അർഹിക്കുന്നവരാണെന്ന ബോധ്യം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാകണം.

ജീവൻ ആദരിക്കപ്പെടുന്ന ഒരു മഹത്സംസ്കാരത്തിന്റെ വാക്സിനേഷനാണ് ഇന്ന് നമുക്കാവശ്യം. അതിന് നമ്മുടെ മഹിത പാരമ്പര്യത്തിന്റെ അഹിംസാതത്വവും അപരവിചാരത്തിന്റെ ആത്മീയതയും കൊല്ലരുത് എന്ന ദൈവപ്രമാണബോധ്യവുമാണ് വേണ്ടത്. ഈ അടിത്തറ പുനഃനിർമിച്ചെങ്കിലേ ഇവിടെ മാറ്റംവരൂ. സ്ത്രീസുരക്ഷ മുൻനിർത്തിയുള്ള പീഡനരഹിതസമൂഹം നിയമനിർമാണത്തിലൂടെ എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഈ കുലീനവിചാരങ്ങളുടെ പാഠപുസ്തകങ്ങളും പാഠ്യവിഷയങ്ങളും പരിശീലനക്കളരികളും സിനിമകളും കലകളും സാഹിത്യവും ഇവിടെ ഉണ്ടാകണം. അതിനുവേണ്ടി നമുക്ക് കർമനിരതരാകാം.

ചീഫ് എഡിറ്റർ

# ഉള്ളടക്കം





പുസ്തകം 18 ലക്കം 7 2021 ജൂലൈ



രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ MCBS

പത്രാധിപർ
ഫാ. ജോയി ചേഞ്ചേരിൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

സർക്കുലേഷൻ മാനേജർ
ഫാ. ചാക്കോ വടക്കേത്തലക്കൽ MCBS

മുഖചിത്രം
വർഗീസ് ജോർജ്

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ



വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം - 682 015
ഫോൺ : 0484 - 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com



ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം


**BANK DETAILS**

| | |
|---|---|
| A/c Name | : Director Karunikan |
| A/c No. | : 17530100030870 |
| IFSC Code | : FDRL0001753 |
| Bank | : Federal Bank, Thevara |

## സംവാദം




08 വിവേകത്തിന്റെ പെൺവഴികൾ
13 കേരളം ആത്മഹത്യയുടെ നാടോ?
16 ആത്മഹത്യ കൗമാരക്കാരിൽ
19 വിവാഹം കച്ചവടമോ?
22 സ്ത്രീധനത്തിന്റെ സാമൂഹികനിയമമാനങ്ങൾ
25 കൈപിടിക്കാനായാൽ കയറെടുക്കേണ്ടിവരില്ല
28 നടുവൊടിക്കുന്ന വിവാഹമാമാങ്കങ്ങൾ
31 ഭൂമിയിലെ പനിനീർ സുമങ്ങൾ


## ക്രൈസ്തവം


46 | ലോക മനഃസാക്ഷിയെ ഞെട്ടിച്ച ക്രൂര വേട്ടയാടൽ
48 | ഇടയകരുണയിൽ ഒരു വെന്റിലേറ്റർ ചലഞ്ച്
54 | മതനിരപേക്ഷതയുടെ കറുത്ത തിങ്കൾ
57 | എല്ലാം ശുഭമാകും
60 | വെള്ളിയാഴ്ച മാംസവർജനം അനിവാര്യമോ?


www.karunikan.com



## സാമൂഹികം


63 | കാറ്റിനരികെ
67 | വന(സു)വിശേഷം
03 എഡിറ്റോറിയൽ
06 പ്രതികരണം



# പ്രതികരണം

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയ പ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യ മായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

*– പത്രാധിപർ*

## നിക്ഷേപം

കോവിഡ് 19 നമ്മെ പഠിപ്പിക്കുന്നതും ലോകരോഗ്യസംഘടന ദിനംപ്രതി നമ്മെ ഉദ്ബോധിപ്പിക്കുന്നതും ആരോഗ്യമെന്ന വലിയ നിക്ഷേപത്തെക്കുറിച്ചാണ്. ഭൂമിയിൽ നല്ലൊരു ജീവിതം നയിക്കണമെങ്കിൽ ഏറ്റവും അത്യാവശ്യമായത് ആരോഗ്യമാണെന്ന് കോവിഡ് 19 നമ്മെ ഓർമിപ്പിക്കുന്നു.

അതീവജാഗ്രതയോടെ പല ആസൂത്രണപരിപാടികളും നടത്തിയപ്പോൾ ചില പാളിച്ചകളെത്തുടർന്ന് വ്യാപനം രൂക്ഷമായി. എങ്കിലും ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ അഭിനന്ദനാർഹമാണ്. മുൻ ആരോഗ്യമന്ത്രി ഷൈലജ ടീച്ചറുടെ നേതൃത്വത്തിൽ ദീർഘവീക്ഷണത്തോടെ കൈക്കൊണ്ട കരുതൽനടപടികൾ ഒരു പരിധിവരെ നിയന്ത്രണ വിധേയമാക്കിയെങ്കിലും സ്വയം നിയന്ത്രണ രേഖകൾ ലംഘിച്ചതിന്റെ ഭവിഷ്യത്തുകളാണ് പലയിടത്തും ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതുമൂലം, രണ്ട് തിരഞ്ഞെടുപ്പുകളും അതിന്റെ പ്രചാരണ കോലാഹലങ്ങളും വൈറസിന്റെ വ്യാപനത്തിനും തുടർന്ന് ഉയർന്ന മരണനിരക്കിനും കാരണമായി.

കരുത്തും കരുതലുമായി ആരോഗ്യവിഭാഗം ഉണർന്ന് പ്രവർത്തിച്ചതിന്റെ, ഉയർന്ന് ചിന്തിച്ചതിന്റെ പരിണിതഫലമാണ് മരണനിരക്ക് കുറയ്ക്കാനും തുടർന്ന് ജീവിക്കാനും ജനങ്ങളെ പ്രാപ്തരാക്കിയത്. ഷൈലജ ടീച്ചറുമായി കാരുണികൻ നടത്തിയ അഭിമുഖം തികച്ചും അഭിനന്ദനാർഹമാണ്. ഇത് നേരിന്റെ, നന്മയുടെ പാഠങ്ങൾ തുറന്നു കാട്ടിയിട്ടുണ്ട്.

രോഗപ്രതിരോധശേഷി വർധിപ്പിക്കാൻ ഇനിയും കേരള ജനത ശീലിക്കേണ്ടിയിരിക്കുന്നു. ശരിയായ വ്യായാമവും ജീവിതശൈലിയും ഭക്ഷണരീതികളും നമ്മൾ ശീലിച്ചില്ലെങ്കിൽ ഭാവിയിൽ ഇതിലും വലിയ വിപത്തുകൾക്ക് നമ്മൾ സാക്ഷിയാകേണ്ടിവരും. കോവിഡുകാലത്തെ മാത്രമല്ല എക്കാലത്തെയും ശരിയായ നിക്ഷേപം നമ്മുടെ ആരോഗ്യം തന്നെയാണെന്നും അതിനാൽ, സ്വയം പ്രതിരോധമാർഗങ്ങൾ അവലംബിക്കണമെന്നും ടീച്ചറിന്റെ ലേഖനം വ്യക്തമാക്കുന്നുണ്ട്. ആരോഗ്യപ്രദമായ നല്ല നാളുകൾ നമുക്ക് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കാം.



**സിസ്റ്റർ മോളി ദേവസ്സി FMM**
*പ്രധാനധ്യാപിക, OLCGHS, പള്ളുരുത്തി*

# സംവാദം



സ്ത്രീധന നിരോധനനിയമവും ഗാർഹികപീഡന നിരോധിത നിയമവും ശക്തമായുള്ളൊരു സംസ്ഥാനത്ത് നിയമങ്ങൾക്ക് പുല്ലുവില നൽകിക്കൊണ്ട് അനുദിനം സ്ത്രീധനത്തിന്റെയും സ്ത്രീപീഡനങ്ങളുടെയും കുരുക്കുകൾ മുറുകുമ്പോൾ കേരളത്തിന്റെ നെഞ്ചകം പിളർന്ന് രക്തം കിനിയുകയാണ്. മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ ചിത്രവും മൂല്യസങ്കൽപ്പങ്ങളിലും ജീവിത ദർശനങ്ങളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന അട്ടിമറികളുടെ ശരിതെറ്റുകളും വിചാരണ ചെയ്യുകയാണ് ഈ ലക്കം കാരുണികൻ.

## കച്ചവടമല്ല കല്ല്യാണം; ആത്മഹത്യയല്ല പരിഹാരം!

- വിവേകത്തിന്റെ പെൺവഴികൾ
- കേരളം ആത്മഹത്യയുടെ നാടോ?
- ആത്മഹത്യ കൗമാരക്കാരിൽ
- വിവാഹം കച്ചവടമോ?
- സ്ത്രീധനത്തിന്റെ സാമൂഹികനിയമമാനങ്ങൾ
- കൈപിടിക്കാനായാൽ കയറെടുക്കേണ്ടിവരില്ല
- നടുവൊടിക്കുന്ന വിവാഹമാമാങ്കങ്ങൾ
- ഭൂമിയിലെ പനിനീർ സുമങ്ങൾ

പ്രൊഫ. മോനമ്മ കോക്കാട്
ഡോ. തോമസ് ജോൺ കുട്ടിച്ചിറയിൽ
ഡോ. സിസ്റ്റർ ആനി സിറിയക്
ഡോ. ലിജിമോൾ പി. ജേക്കബ്
അഡ്വ. ലിറ്റോ പാലത്തിങ്കൽ
ആനി ശിവ
മരിയ റാൻസം
രേഖ ആർ താങ്കൾ
ജോഷി ജോർജ്
എലിസബത്ത് ബാബു മന്ത്രയിൽ
പ്രൊഫ. ജെനി പീറ്റർ
ചൈതന്യ എൻ. ജി
ആന്റണി ചടയംമുറി
എ. എസ്. ഇന്ദിര
ഫ്രെഡിൻ പി. ഫ്രാൻസിസ്
മാത്തച്ചൻ അറക്കൽ
മോളി ഫ്രാൻസിസ് കുറുങ്ങംപിള്ളി

# വിവേകത്തിന്റെ പെൺവഴികൾ



പ്രൊഫ. മോനമ്മ കോക്കാട്
*ഡയറക്ടർ, കേരള സ്റ്റേറ്റ് മൈനോറിറ്റി ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ*

**സ്ത്രീപീഡനങ്ങളും സ്ത്രീധനപീഡനമരണങ്ങളും നിർബാധം തുടരുമ്പോൾ സ്ത്രീവിമോചനകാഹളമുയർത്തി പ്രതികരിക്കുന്നതിനപ്പുറം പെൺകുട്ടികളെയും മാതാപിതാക്കളെയും ആത്മഹത്യയിലേക്ക് നയിക്കുന്ന കാര്യകാരണങ്ങൾ വിശകലനം ചെയ്യേണ്ടതും തീരുമാനങ്ങൾ എടുക്കുന്നതിൽ വരുന്ന വീഴ്ചകൾ പുനഃപരിശോധിക്കേണ്ടതുമാണ്. വിസ്മയമാരും ഉത്രമാരും ഇനി ഉണ്ടാകാതിരിക്കാൻ സമൂഹമനഃസാക്ഷിയെ ഉണർത്തുകയാണ് ലേഖിക.**

'ഓരോ സ്ത്രീരോദനത്തിലും കേൾപ്പൂ ഞാൻ, ഒരു കോടി ഈശ്വരവിലാപം.' ഒരു സ്ത്രീശരീരത്തിന്റെ ഉടമയായതുകൊണ്ടുമാത്രം, കണ്ണുനീരും ചോരയുംകൊണ്ട് ജീവിതകഥകൾ രചിക്കുന്ന പതിനായിരക്കണക്കിന് സ്ത്രീകളുടെ അശരണവും അശാന്തവുമായ ദയനീയവിലാപങ്ങൾ എമ്പാടും ഉയരുന്നതുകൊണ്ടാണ് കവിവചനത്തിലെ ശിശുരോദനം, സ്ത്രീരോദനമായി തിരുത്തിക്കുറിക്കേണ്ടി വന്നത്. സ്ത്രീപീഡനം, സ്ത്രീധനപീഡനം, ഗാർഹിക പീഡനം, ബലാത്സംഗം, ലൈംഗിക അതിക്രമം, കാമുകപ്രതികാരം അങ്ങനെ എന്തെല്ലാം തലക്കെട്ടുകളിലാണ് സ്ത്രീകളുടെമേൽ കഠോര അക്രമങ്ങൾ വന്നടിയുന്നത്; എല്ലാം വരുന്നതോ സമൂഹത്തിലെ ആൺപാതിയിൽനിന്നും.

സ്ത്രീകളിൽ മൂന്നിലൊരാൾ എന്നെങ്കിലുമൊരിക്കൽ പുരുഷന്റെ അതിക്രമങ്ങൾക്ക് വിധേയരാകുന്നുണ്ടെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കരളലിയിക്കുന്ന കൊടിയ സ്ത്രീയാതനകളാണ് ദിവസേന സംഭവിക്കുന്നത്. അധമനായ ഭർത്താവിനാൽ മുറിച്ചുമാറ്റപ്പെട്ട കൈയുമായി, ചട്ടുകംവച്ച് പൊള്ളിച്ച വയറുമായി, കണ്ണിനുതാഴെ കുത്തിയിറക്കപ്പെട്ട കത്തിയുമായി, സിഗരറ്റ് കുറ്റികൊണ്ട് ആസകലം പൊള്ളലേറ്റ ശരീരവുമായി പത്രത്താളുകളിൽ കണ്ടിട്ടുള്ള കണ്ണീർചിത്രങ്ങൾമാത്രം മതി പുരുഷപൈശാചികതയുടെ ആഴം തെളിയിക്കാൻ. ഒരു വിവാഹം കഴിച്ചതുകൊണ്ടുമാത്രം കണ്ണുനീർച്ചുഴലിയിൽ പെട്ടുപോകുന്ന ഹതഭാഗ്യകൾ കെട്ടിത്തൂങ്ങിയും വിഷം കഴിച്ചും പൊള്ളേലേൽപ്പിച്ചും കിണറ്റിൽ ചാടിയും



റെയിൽപാളത്തിലും ദുരിതപർവ്വം അവസാനിപ്പിക്കുന്നതും നിത്യസംഭവങ്ങളാണ്. യാതനകളുടെ കൊടുമുടിയിലെത്തുമ്പോൾ മരണമെന്ന മോചനമാർഗം തേടുന്നത് സ്ത്രീഗതികേടിന്റെ നാനാർത്ഥങ്ങളാണ് വെളിപ്പെടുത്തുന്നത്.

## കൊലയാളികളിൽ മുമ്പൻ സ്ത്രീധനം

പണമുണ്ടാക്കാൻ നീചന്മാരുടെ മുമ്പിലെ കുറുക്കുവഴിയാണ് സ്ത്രീധനം. 1961 മുതൽ രാജ്യത്ത് സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും നിയമംമൂലം നിരോധിച്ചിരിക്കുകയാണെങ്കിലും നിയമനിഷേധകരുടെ സ്വന്തം നാട്ടിൽ സ്ത്രീധന ദുർഭൂതം ഉഗ്രശക്തിയോടെ ഇന്നും അഴിഞ്ഞാടുന്നു. വിലപേശി സ്ത്രീധനം വാങ്ങിക്കുക മാത്രമല്ല; വിവാഹശേഷം കൂടുതൽ സ്വത്തും പണവും വാങ്ങിച്ചെടുക്കാൻ ഭാര്യയുടെമേൽ മൂന്നാംമുറ പ്രയോഗിക്കുന്നത് പുരുഷമനസ്സിലെ ഏറ്റവും വലിയ മ്ലേച്ഛതയാണ്. ഇണയായി, തുണയായി, സുഖമായി ജീവിതത്തിലേക്ക് കടന്നുവരുന്ന പ്രാണപ്രേയസിയെ ഒന്നുകിൽ ഈ കാപാലികർ ആത്മഹത്യയിലേക്ക് തള്ളിയിടും; അല്ലെങ്കിൽ അതിവിദഗ്ധമായി നിർമാർജനംചെയ്യും. ജീവിതസഖിയെ കരിമൂർഖനെക്കൊണ്ട് കടിപ്പിച്ചുകൊന്ന സംഭവം ലോകത്ത് മറ്റൊരിടത്തും സംഭവിച്ചതായി അറിവില്ല. ഉത്രയും വിസ്മയയും ശ്രീജയും സുചിത്രയും ധന്യയും അശ്വതിയും ഇങ്ങനെ പതിനായിരക്കണക്കിന് പെൺകുട്ടികളും സ്ത്രീധനത്തിന്റെപേരിൽ ജീവബലി അർപ്പിച്ചിട്ടും ഈ നരഭോജികൾക്ക് കൂച്ചുവിലങ്ങിടാൻ ഒരു സർക്കാരിനും ഒരു കോടതിക്കും സാധിക്കാത്തതെന്തേ?

## സ്ത്രീധനഭീകരനെതിരേ വിവേകത്തിന്റെ പെൺവഴികൾ

ലോകത്തിലെ ഏറ്റവും നിറമുള്ള പൂവിതളുകളാണ് പെൺകുട്ടികൾ. പെൺമ ഇന്ന് കൈവരിക്കാത്ത നേട്ടങ്ങളോ എത്തിച്ചേരാത്ത ഉയരങ്ങളോ ഇല്ല. ആത്മവിശ്വാസത്തിന്റെയും അറിവിന്റെയും മുഖമുദ്രയണിഞ്ഞ് വ്യക്തിഗത, സാമൂഹ്യനേട്ടങ്ങളുടെ കൊടുമുടി കീഴടക്കുന്നവരാണ് ആധുനികകാലത്തെ പെൺയുവത്വം. പക്ഷേ വിവാഹം ഇവരിൽ അസംഖ്യംപേർക്ക് കണ്ണുനീർ കടലോ മരണക്കെണിയോ

ആയിമാറുന്നു. വിവാഹത്തോടെ ആർത്തിപ്പാരങ്ങളുടെ കരാളഹസ്തങ്ങളിലേക്ക് വീണ് ജീവിതം ചിന്നഭിന്നമാകുന്നതും ജീവനഷ്ടം സംഭവിക്കുന്നതും ലോകചരിത്രത്തിൽ ഒരിടത്തും സംഭവിക്കാൻ പാടില്ലാത്ത മനുഷ്യപൈശാചികതയുടെ മൂർധന്യരൂപമാണ്.

സ്ത്രീധനത്തെ ദാമ്പത്യത്തിന്റെ ആധാരശിലയാക്കുന്ന പ്രാകൃതത്വം തൂത്തെറിയണമെങ്കിൽ ആത്മധൈര്യത്തിന്റെയും വിവേകത്തിന്റെയും പെൺശക്തി ഉണരണം. മധുരമോഹന സ്വപ്നങ്ങളോടെ ഏറ്റുവാങ്ങുന്ന വരണമാല്യം ഒട്ടുംവൈകാതെ കൊലക്കയറായി മാറാതിരിക്കണമെങ്കിൽ പ്രതിരോധത്തിന്റെ പടച്ചട്ട അണിഞ്ഞുവേണം വിവാഹത്തെ സമീപിക്കാൻ.

പ്രതിശ്രുതവരനെ സ്വയമേവ കണ്ടെത്തിയാലും മാതാപിതാക്കൾ വഴി കണ്ടെത്തിയാലും അത്യധികം വിവേചനബുദ്ധിയോടെ അയാളുടെ സ്വഭാവവും പെരുമാറ്റവും സമീപനവും ചിന്തകളും കൃത്യമായി ഗ്രഹിച്ചിട്ടുമാത്രമേ വിവാഹത്തിന് സമ്മതിക്കാവൂ. വിവാഹപൂർവ്വ കാഴ്ചകളിൽ ഭ്രമിച്ച്, പ്രണയപുഴയിൽ പൊങ്ങുതടി പോലെ ഒഴുകി, കൃത്യമായ തീരുമാനങ്ങളിൽ എത്തിച്ചേരാത്തവരെ കാത്തിരിക്കുന്നത് മിക്കപ്പോഴും തോരാക്കണ്ണീരും പീഡനപരമ്പരകളുമായിരിക്കും. സ്വർണത്തിലും പണത്തിലും കഴുകക്കണ്ണുമായി നടക്കുന്ന അത്യാർത്തി, മദ്യപാനം, മയക്കുമരുന്ന്, സൈബർ മ്ലേച്ഛത ഇവയിലുള്ള ആസക്തി, പെരുമാറ്റ വൈകല്യം, മനോരോഗം തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ ആ വിവാഹത്തിന് ശക്തമായ 'നോ' പറയാൻ പെൺകുട്ടികൾക്ക് വിവേകവും തന്റേടവും വേണം; സ്വന്തം ജീവനും ജീവിതവും രക്ഷിക്കാൻ പെൺകുട്ടികളുടെ കൈയിലെ വജ്രായുധമാണിത്. ഈ ആയുധം ഉപയോഗിക്കുന്നതിന് മാതാപിതാക്കളുടെ പിന്തുണയും ഉറപ്പുവരുത്തണം. സ്ത്രീധനവീരന്മാരെ ബഹിഷ്ക്കരിക്കാൻ കേരളത്തിലെ എല്ലാം പെൺകുട്ടികളും ഒന്നടങ്കം തീരുമാനിച്ചാൽ അതോടെ ഈ അതിനീചവ്യവസ്ഥിതി തൂത്തെറിയപ്പെടും; തീർച്ച.

വിവാഹശേഷം നിഷ്ഠൂരപീഡനങ്ങൾ നേരിട്ടാൽ, ആ ബന്ധത്തിൽ കടിച്ചുതൂങ്ങിക്കിടക്കരുത്. രക്ഷപെട്ടുപോയില്ലെങ്കിൽ വിസ്മയയെപ്പോലെ മണ്ണടിയേണ്ടിവരും പെൺകുട്ടികൾക്ക്. സുന്ദരിയായ ആ നിഷ്ക്കളങ്കയുവതി 24 വയസ്സുവരെ ഭൂമിയിൽ ജീവിച്ചാൽ മതിയെന്ന് അവളുടെ ഭർത്താവായ നരാധമൻ വിധിയെഴുതി. താലിച്ചരട് കൊലക്കയറായി മാറുന്നത് മനസ്സിലാക്കി സ്വന്തം ജീവൻ രക്ഷിക്കാൻ അവൾക്ക്

> **പ്രതിശ്രുതവരനെ സ്വയമേവ കണ്ടെത്തിയാലും മാതാപിതാക്കൾ വഴി കണ്ടെത്തിയാലും അത്യധികം വിവേചനബുദ്ധിയോടെ അയാളുടെ സ്വഭാവവും പെരുമാറ്റവും സമീപനവും ചിന്തകളും കൃത്യമായി ഗ്രഹിച്ചിട്ടുമാത്രമേ വിവാഹത്തിന് സമ്മതിക്കാവൂ. വിവാഹശേഷം നിഷ്ഠൂര പീഡനങ്ങൾ നേരിട്ടാൽ, ആ ബന്ധത്തിൽ കടിച്ചുതൂങ്ങിക്കിടക്കരുത്.**

സാധിച്ചില്ലല്ലോ എന്ന ചിന്ത മനസ്സുകളിലേക്ക് തറച്ചുകയറി മോചനമാർഗ്ഗം കണ്ടുപിടിക്കാൻ കേരളത്തിലെ ഓരോ പെൺകുട്ടിക്കും കഴിയട്ടെ.

## കൊലയ്ക്കു കൊടുക്കാൻ പെൺമക്കൾ ഉണ്ടോ?

സ്ത്രീധനപീഡനത്തിൽ തകർന്നടിയുന്ന എണ്ണമറ്റ പെൺജീവിതങ്ങളെ കാണുന്ന വേദനയിൽ, പെൺമക്കളുള്ള മാതാപിതാക്കളോട് കണ്ണുനീരിൽ കുതിർന്ന ഒരു ചോദ്യം– "നിങ്ങളുടെ പൊന്നോമന മകളെ സ്ത്രീധനക്കുരുതിക്ക് വിട്ടുകൊടുക്കണോ? മരിച്ചുകിടക്കുന്ന മകളെയാണോ വിവാഹജീവിതം നഷ്ടപ്പെട്ട മകളെയാണോ നിങ്ങൾക്ക് കാണേണ്ടത്? ചോദ്യം ക്രൂരമാണെങ്കിലും ഒട്ടനവധി പെൺകുട്ടികളുടെ ജീവിതങ്ങൾ തകർന്നു തരിപ്പണമാകുന്ന അനുദിന സംഭവങ്ങളുടെ വെളിച്ചത്തിൽ മാതാപിതാക്കളുടെ ചുമതലയാണ് ഓമന മക്കളുടെ ജീവൻ രക്ഷിക്കേണ്ടത് എന്നത് ഒരു നിമിഷംപോലും വിസ്മരിക്കരുത്.

മകളുടെ വിവാഹത്തിനു മുൻപ് സ്വർണത്തോടും സ്വത്തിനോടും ആർത്തിയുള്ളവരാണോ വരനും മാതാപിതാക്കളും എന്നത് കൃത്യമായി മനസ്സിലാക്കി സ്ത്രീധനമോ ഷെയറോ ചോദിക്കുന്നവർക്ക് മകളെ കൊടുക്കില്ലെന്ന തീരുമാനമാണ് മാതാപിതാക്കൾ എടുക്കേണ്ടത്. വിലപേശുന്നവർക്ക് മകളെ കൊടുത്താൽ സ്ത്രീധനപീഡനം ഉറപ്പാണ്. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കുറ്റകരമാണ്. പക്ഷെ, പിതാവിന്റെ ഷെയർ സ്വമനസ്സാലേ മകളുടെ പേരിൽ കൊടുക്കാം. അത് വരനോ അവന്റെ മാതാപിതാക്കൾക്കോ അവകാശപ്പെട്ടതല്ല.

വിവാഹശേഷം മകൾക്ക് ശാരീരിക, മാനസിക പീഡനങ്ങൾ ഉള്ളതായി അറിഞ്ഞാൽ ശക്തമായ ഇടപെടലുകളിലൂടെ അവളുടെ ജീവൻ രക്ഷിച്ചെടുക്കണം. എങ്ങനെയും വിവാഹബന്ധം തുടർന്നുപോകട്ടെ എന്നു ചിന്തിച്ചിട്ടുള്ള ധാരാളം മാതാപിതാക്കൾ തങ്ങളുടെ പെൺമക്കളെ നഷ്ടപ്പെട്ട വേദനയിൽ വെന്തുരുകുന്നത് നാം കാണുന്നുണ്ട്. ഈ നിർഭാഗ്യത്തിന് ഇരയാകാതിരിക്കണമെങ്കിൽ സ്ത്രീധനപീഡനത്തിനെതിരേ ഇന്നു നിലവിലുള്ള എല്ലാ മാർഗങ്ങളും ഉപയോഗിക്കാൻ മാതാപിതാക്കൾക്ക് സാധിക്കണം. പൊലീസ്സ്റ്റേഷനിലും വനിതാ കമ്മീഷനിലും പരാതിപ്പെടുന്നതിനുപുറമേ സ്ത്രീധനപീഡനങ്ങളുടെ ബാഹുല്യം കാരണം സർക്കാർ 'അപരാജിത' എന്നൊരു സംവിധാനവും പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീധനപീഡനം ഏൽക്കുന്ന പെൺകുട്ടികൾക്കും ബന്ധുക്കൾക്കും ഫോണിൽ പരാതികൊടുക്കാനുള്ള ക്രമീകരണമാണിത്. രക്ഷപെടുത്താൻ ഇത്രയേറെ മാർഗ്ഗങ്ങളുണ്ടായിട്ടും, മകളെ മരണത്തിന് വിട്ടുകൊടുക്കുന്നത് എങ്ങനെ ക്ഷമ അർഹിക്കും?

## പുരുഷമനോഭാവം എന്നുമാറും?

മനുഷ്യചരിത്രത്തിൽ ഏറ്റവും കൂടുതൽ അക്രമത്തിന് വിധേയരാകുന്നത് പാവം സ്ത്രീകളാണ്. മിന്നുകെട്ടുന്ന പെണ്ണിനെ തല്ലാനും കൊല്ലാനും അവകാശമുണ്ടെന്നു ചിന്തിക്കുന്ന അപകൃഷ്ട ധാർഷ്ട്യത്തിന് തിരിച്ചടി കിട്ടുന്ന കാലം വിദൂരമല്ല; കാരണം സ്ത്രീയുടെ നെഞ്ചിലെ കനലുരുക്കങ്ങൾ നിശ്ചയദാർഢ്യത്തിന്റെ അഗ്നിയായി ആളിക്കത്തും. അവളെ സൃഷ്ടിച്ചത് പുരുഷന്റെ കാൽപ്പാദത്തിലെ അസ്ഥികൊണ്ടല്ല എന്ന് പുരുഷവർഗം ഓർക്കണം. ആത്മധൈര്യത്തിന്റെയും ഇച്ഛാശക്തിയുടെയും ചങ്കൂറ്റത്തിന്റെയും മുദ്രോന്മുഖമായ പുതുജന്മത്തിലേക്ക് അവൾ കാലുകുത്തുകതന്നെ ചെയ്യും.

ആൺസമൂഹം ഒന്നടങ്കം കാണേണ്ട മലയാളം സിനിമയാണ് 'ദ് ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ'. കുടുംബജീവിതത്തിന്റെ



ഭദ്രത സ്ത്രീയുടെ ത്യാഗസന്നദ്ധതയിലും കഠിനാധ്വാനത്തിലുമാണെന്ന് അടിയുറച്ച ബോധ്യത്തോടെ വരണമാല്യം ഏറ്റുവാങ്ങിയ അഭ്യസ്തവിദ്യ, ജോലിക്കുപോലും പോകാതെ 100 ശതമാനം വിധേയത്വത്തിന്റെ മാറാപ്പുമായി ജീവിച്ചിട്ടും അടിച്ചമർത്തലും അടിച്ചേൽപ്പിക്കലും സഹിക്കാനാവാതെ എന്നന്നേയ്ക്കുമായി ഭർത്തൃവീട് വിട്ട് സ്വാതന്ത്ര്യത്തിലേക്കും സുരക്ഷിതത്വത്തിലേക്കും ഇറങ്ങുന്ന സിനിമയാണിത്. ഇബ്സന്റെ നോറയെ വീണ്ടും മനസ്സിലേക്കെത്തിച്ച ഈ നായിക, പെൺപാതിയുടെ സുഗന്ധസാന്നിധ്യവും കൂട്ടുമില്ലാതെ ആൺപാതി ജീവിക്കേണ്ടിവരുമെന്ന ഭീഷണിയാണ് ഉയർത്തുന്നത്. വിവാഹിതകൾ നേരിടുന്ന കൊടിയ യാതനകൾ കണ്ടും കേട്ടും ഭയന്നുവിറച്ചിരിക്കുന്ന പെൺകുട്ടികൾ സ്വയം തോണ്ടുന്ന ശവക്കുഴികളിൽ നിന്നും രക്ഷപെടാതായി വിവാഹമേ വേണ്ടെന്നുവയ്ക്കുന്ന കലികാലത്തിലേക്ക് നാട് എത്തിക്കഴിഞ്ഞു. എന്തുകൊണ്ട് കേരളത്തിലെ ലക്ഷക്കണക്കിന് യുവാക്കൾ വിവാഹം കഴിക്കാൻ യോഗ്യരായ പെൺകുട്ടികളെ കിട്ടാതെ വലയുന്നു അതിന്റെ ഉത്തരം വരികൾക്കിടയിൽ വായിച്ചാൽ കൃത്യമായികിട്ടും.

മാറേണ്ടത് സ്ത്രീയോടുള്ള പുരുഷമനോഭാവമാണ്. "നിങ്ങൾ എന്തിനാണ് ഞങ്ങളെ ക്രൂശിക്കുന്നതും കൊന്നൊടുക്കുന്നതെന്നു"മുള്ള രോദനങ്ങൾ കാതിൽ വന്നടിയ്ക്കുമ്പോഴെങ്കിലും തിരുത്തലിന്റെ ശോഭയിലേക്ക് ആൺവർഗം എത്തിച്ചേരണം. പെണ്ണ് ഇല്ലെങ്കിൽ എന്ത് ജീവിതം എന്നു ചിന്തിച്ചാൽ സ്ത്രീയെ അംഗീകരിക്കാനും ബഹുമാനിക്കാനും അവൾക്ക് സുരക്ഷിതത്വം കൊടുക്കാനുമുള്ള മാനസികവലുപ്പം പുരുഷസുഹൃത്തുക്കൾക്ക് ഉണ്ടാകും, ഉണ്ടായേതീരു. മനുഷ്യൻ എന്ന വാക്കിന്റെ അർത്ഥതലത്തിൽ സത്രീയും ഉൾപ്പെടുന്നു എന്ന ഹൃദയവിശാലതയിലേക്ക് പുരുഷലോകം എത്തിച്ചേരുന്ന സുവർണകാലത്തിനു വേണ്ടിയുള്ള കാത്തിരിപ്പ് എത്ര കാലം നീളും? ■

# കേരളം ആത്മഹത്യയുടെ നാടോ?



ഡോ. തോമസ് ജോൺ കുട്ടിച്ചിറയിൽ
*(സൈക്യാട്രിസ്റ്റ്)*
*പ്രസിഡന്റ്, ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി, കേരള*

**ആത്മഹത്യ ജീവിതപ്രശ്നങ്ങൾക്കുള്ള പരിഹാരമല്ല; അത് ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ്. മാറിമാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാനുള്ള തലച്ചോറിന്റെ കഴിവ് നഷ്ടപ്പെടുമ്പോഴാണ് ആത്മഹത്യയെന്ന ഒളിച്ചോട്ടത്തിന് പ്രേരണയുണ്ടാകുന്നത്. ഈ സാമൂഹികവിപത്തിന്റെ വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും പ്രശസ്ത സൈക്യാട്രിസ്റ്റ് വിശകലനം ചെയ്യുന്നു.**

സാക്ഷരതയിൽ, പ്രത്യേകിച്ച് സ്ത്രീസാക്ഷരതയിൽ ഒന്നാമതായി നിൽക്കുന്ന കേരളം, നിപ്പയെന്ന ഭീകരമാരിയെ ശാസ്ത്രീയമായി കൈകാര്യംചെയ്ത് ഉന്മൂലനം ചെയ്തു. ഇപ്പോൾ കോവിഡ് മഹാമാരിയെ ശാസ്ത്രീയമായി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. എന്നാൽ ആത്മഹത്യാപ്രതിരോധത്തിൽ തീർത്തും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുള്ളത് അപലപനീയമാണ്. ഇത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. 2019-ലെ നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോ (NCRB) യുടെ കണക്കനുസരിച്ച് ഇന്ത്യയിൽ ശരാശരി 10.4 ആളുകൾ (ഒരു ലക്ഷത്തിൽ) ആത്മഹത്യ ചെയ്യുന്നുണ്ട്. ആത്മഹത്യയുടെ കാര്യത്തിൽ കേരളം, ഭാരതത്തിലെ ആദ്യത്തെ അഞ്ചുസംസ്ഥാനങ്ങളിൽപെടുന്നു. കേരളത്തിലെ ആത്മഹത്യാനിരക്ക് പരിശോധിക്കുമ്പോൾ 2019-ൽ 24.3 (ആകെ 8566 പേർ) 2018-ൽ 23.5, 2017-ൽ 22.6 എന്ന രീതിയിലാണ് ഗ്രാഫ്. ആൻഡമാൻ നിക്കോബാർ, സിക്കിം, പുതുശ്ശേരി, ഛത്തീസ്ഗർ എന്നീ നാലുസ്ഥലങ്ങളാണ് കേരളത്തെക്കാൾ മുന്നിലുള്ളത്.

ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ ആരോഗ്യപരമായ രീതിയിൽ ശാന്തതയോടും സമചിത്തതയോടുംകൂടി കൈകാര്യം ചെയ്യാനുള്ള കഴിവുകേട്, വിഷാദരോഗം, മാനസികവിഭ്രാന്തി എന്നിവയെല്ലാം തലച്ചോറിൽ ഉത്പാദിപ്പിക്കുന്ന രാസവസ്തുക്കളുടെ സന്തുലിതാവസ്ഥ തെറ്റിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് ചികിത്സാരീതികൾ തേടേണ്ടതാണ്.

അല്ലെങ്കിൽ ഇവ ആത്മഹത്യയിലേക്ക് നയിക്കുന്ന കാരണങ്ങളാകാം.

ഈ സമീപകാലത്ത് കേരളത്തിലുണ്ടായ ഞെട്ടിപ്പിക്കുന്ന ആത്മഹത്യകൾ തികച്ചും മലയാളിയെ നാണംകെടുത്തുന്നവതന്നെയാണ്. സ്ത്രീധനപീഡനം, ലൈംഗികപീഡനം, സോഷ്യൽ മീഡിയായുടെ ദുരുപയോഗം, മദ്യ, മയക്കുമരുന്നുകളുടെ ഉപയോഗം മുതലായവ ജീവിതതകർച്ചയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്നുവെന്നുള്ളത് വളരെ ഗൗരവമായ ഒരു സാമൂഹിക പ്രശ്നം തന്നെയാണ്. ആധുനിക അണുകുടുംബങ്ങളിൽ വളർന്നുവരുന്ന കുട്ടികൾക്ക് പ്രതിസന്ധികളെ എങ്ങനെ അഭിമുഖീകരിക്കണമെന്നുള്ള അറിവ് തീർത്തും പരിമിതമാണ്. സഹിഷ്ണുതയും പക്വതയും നൽകി വളർത്തുന്ന ഒരു രൂപീകരണ വിദ്യാഭ്യാസരീതി ഇന്നു നഷ്ടമായിക്കൊണ്ടിരിക്കുന്നു.

## മാധ്യമങ്ങളും ആത്മഹത്യയും

ആത്മഹത്യാവാർത്തകൾ അമിതപ്രാധാന്യത്തോടും വൈകാരികതയോടുംകൂടി മാധ്യമങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ, ഇത് ആത്മഹത്യയ്ക്കു കൂടുതൽ വഴിതെളിക്കുമെന്നുള്ള യാഥാർത്ഥ്യം വ്യത്യസ്ത പഠനങ്ങളിലൂടെ സ്ഥിരീകരിച്ചിട്ടുള്ളതാണ്. ആത്മഹത്യചെയ്ത വ്യക്തിയുടെ പ്രശസ്തി, ആകർഷണീയത, അതിലേക്കു നയിച്ച സാഹചര്യം, ഉപയോഗിച്ച മാർഗം എന്നിവ വിശദീകരിക്കുന്നതനുസരിച്ച് സമാന പ്രശ്നങ്ങളുള്ള വ്യക്തികൾ സമാനരീതികൾ അനുകരിക്കുന്നതായി ആഗോളതലത്തിലുള്ള പഠനങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ട്.

***പാപാജെനോ ഇഫക്ട്:*** മൊസാർട്ടിന്റെ 'ദി മാജിക് ഫ്ളൂട്ട്' എന്ന 18-ാം നൂറ്റാണ്ടിലെ ഓപ്പറയിലെ നായകനാണ് പാപാജെനോ. തന്റെ പ്രേമം പരാജയമായപ്പോൾ ആത്മഹത്യയെപ്പറ്റിമാത്രം ചിന്തിക്കുന്ന പാപാജെനോയെ മൂന്നു സുഹൃത്തുക്കളുടെ ഇടപെടൽ മൂലം തന്റെ പ്രേമനൈരാശ്യത്തിൽനിന്ന് അകറ്റിയതായി പ്രതിപാദിക്കുന്ന ഈ ഓപ്പറ മാധ്യമധർമത്തിന്റെ ഉത്തമ മോഡലാണ്. ആ കാലഘട്ടത്തിൽ പ്രേമനൈരാശ്യംമൂലം ആത്മഹത്യയെക്കുറിച്ചുമാത്രം ചിന്തിച്ചിരുന്നപലർക്കും അതിൽനിന്നും വേറിട്ടുചിന്തിക്കാൻ ഇതുപോലെയുള്ള മാധ്യമസമീപനം വളരെ പ്രയോജനകരമായിരുന്നു. 'കോപ്പി ക്യാറ്റ് സൂയിസൈഡ്' (copycat suicide) എന്നൊരു ശാഖതന്നെ ആത്മഹത്യയിൽ വിവരിക്കുന്നുണ്ട്. ആത്മഹത്യയെ മഹത്ത്വവൽകരിക്കുമ്പോൾ സംഭവിക്കുന്ന ഒരു അനാരോഗ്യ പ്രവണതയാണിത്. മാധ്യമധർമം ശരിയായി



നിറവേറ്റിയാൽ വർധിച്ചുവരുന്ന ആത്മഹത്യയ്ക്ക് തടയിടാൻ സാധിക്കും.

## ആത്മഹത്യയും ആത്മീയതയും

ശാരീരികാരോഗ്യവും മാനസികാരോഗ്യവും സാമൂഹികാരോഗ്യവുംപോലെതന്നെ പ്രധാനമാണ് ആത്മീയാരോഗ്യവും. ജീവിതത്തിന്റെ ലാളിത്യം, മൂല്യാധിഷ്ഠിത ജീവിതശൈലി, ചിട്ടയായ ജീവിതം, സത്യസന്ധത ഇവയെല്ലാം മുറുകെ പിടിച്ചുകൊണ്ടുള്ള ജീവിതം, ഏതു പ്രതിസന്ധികളിലും മനസിന്റെ താളം തെറ്റാതെ വ്യക്തിയെ കാത്തുസൂക്ഷിക്കുമെന്നുള്ളത് പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. മാനസികാരോഗ്യവും ആത്മീയതയും പരസ്പരപൂരകങ്ങളാണ്. ചെറുപ്പത്തിലേതന്നെ വിദ്യാർത്ഥികളിൽ ജീവിതനൈപുണ്യ (life skill) വിദ്യാഭ്യാസം പരിശീലിപ്പിച്ചാൽ ചിട്ടയായ ജീവിതവും പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടുപോകാനുള്ള ഒരു പ്രചോദനവും ജീവിതത്തിൽ ഉടനീളം ലഭിക്കും.

ശരിയായ ആത്മീയത ആത്മഹത്യയിൽനിന്നും പലരെയും പിന്തിരിപ്പിച്ചിട്ടുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ആത്മഹത്യാപ്രതിരോധനത്തിനുള്ള ചില വഴികൾ താഴെ സൂചിപ്പിക്കുന്നു.

1. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ വിദഗ്ധരുടെ സഹായം തേടുകയും പങ്കുവയ്ക്കുകയും ചെയ്യണം.

2. ഏതു സങ്കീർണപ്രശ്നത്തിനും പരിഹാരമുണ്ടെന്നുള്ള ഉറച്ച വിശ്വാസം നിലനിർത്തുക.

3. പ്രതിസന്ധികളിൽനിന്നും ഒളിച്ചോടാതെയും ആരെയും പഴിചാരാതെയും സമചിത്തതയോടെ അഭിമുഖീകരിക്കുക.

4. ഉറക്കത്തിലുള്ള വ്യത്യാസം, ഉന്മേഷക്കുറവ്, വൈകാരിക വ്യതിയാനങ്ങൾ (mood swing), ഒന്നിനും താൽപര്യമില്ലായ്മ മുതലായ ലക്ഷണങ്ങൾ അവഗണിക്കാതിരിക്കുക. സൈക്യാട്രിസ്റ്റുകളുടെ ഇടപെടൽ ആവശ്യമുള്ളപ്പോൾ ഒട്ടും മടിവിചാരിക്കാതെ സമീപിക്കുക. മുകളിൽ വിവരിച്ച രോഗലക്ഷണങ്ങൾ കാര്യമാക്കാതിരുന്നാൽ ഒരുപക്ഷേ കടുത്തനിരാശ (hopeless ness), കുറ്റബോധം (guilt), എന്നെ ഒന്നിനും കൊള്ളില്ല (worthlessness), എന്നെ ആർക്കും സഹായിക്കാൻ സാധിക്കില്ല (helplessness) എന്നീ നാലുപ്രതിഭാസങ്ങൾ മനസിലുടലെടുക്കുകയും ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യും.

മറ്റൊരു കൂട്ടർ എടുത്തുചാടി തീരുമാനങ്ങൾ എടുക്കുന്നവരാണ് (impulsive nature). നിസ്സാരകാര്യങ്ങൾക്കുപോലും അവരുടെ മനസിന് മുറിവേൽക്കുകയും ആത്മഹത്യയ്ക്കു മുതിരുകയും ചെയ്യും. പ്രേമനൈരാശ്യം, കുടുംബപ്രശ്നങ്ങൾ, തോൽവികൾ അങ്ങനെ പരിഹാരമുള്ള പല കാര്യങ്ങൾക്കും എടുത്തുചാടി ജീവിതം അവസാനിപ്പിക്കുന്നു. ഈ അപക്വമായ തീരുമാനങ്ങൾക്ക് മാതാപിതാക്കളുടെ തെറ്റായ വളർത്തുശൈലിക്ക് മുഖ്യപങ്കുണ്ട്.

### ലേൺ-അൺലേൺ-റീലേൺ (learn- unlearn- relearn)

മനുഷ്യരുടെ തലച്ചോറിന് മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള ഒരു കഴിവ് നമ്മൾ ശീലിപ്പിക്കണം. മുൻപ് പഠിച്ച കാര്യങ്ങൾ മാറ്റി സാഹചര്യമനുസരിച്ച് മാറ്റി ശീലിപ്പിക്കാൻ പഠിപ്പിച്ചാൽ പല പ്രതിസന്ധികളും നമുക്കുതരണം ചെയ്യാം. ഈ പ്രതിഭാസത്തെയാണ് ലേൺ-അൺലേൺ-റീലേൺ എന്നുപറയുന്നത്.

ആത്മഹത്യ ഒന്നിനുമുള്ള ഒരു പരിഹാരമല്ല; മറിച്ച് ഒരു ഭീരുവിന്റെ ഒളിച്ചോട്ടമാണ്. ഈ സന്ദേശം ശരിയായ രീതിയിൽ ജനങ്ങളിലേക്ക് എത്തിച്ചാൽ അത് ആത്മഹത്യാപ്രതിരോധനത്തിനുള്ള ശരിയായ കാൽവയ്പ്പാണ്. ഒരുവന്റെ മാനസികാരോഗ്യം അവന്റെ തന്നെ ഉത്തരവാദിത്വമാണ്. (your mental health - your responsibility). ■

# ആത്മഹത്യ കൗമാരക്കാരിൽ



ഡോ. സിസ്റ്റർ ആനി സിറിയക്
*ചീഫ് സൈക്യാട്രിസ്റ്റ്, ബിഷപ് വയലിൽ മെഡിക്കൽ സെന്റർ, മൂലമറ്റം*

മദ്യ-ലഹരികളോടുള്ള ആസക്തികളും പ്രണയനൈരാശ്യങ്ങളും കൗമാരക്കാർക്കിടയിൽ വർധമാനമായിക്കൊണ്ടിരിക്കുമ്പോൾ ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമായി ആത്മഹത്യയെ പുണരുന്ന പ്രവണതയാണ് ഇന്ന് കാണുന്നത്. കുടുംബബന്ധങ്ങളുടെ ശൈഥില്യവും വ്യക്തിബന്ധങ്ങളിലെ വിള്ളലുകളുമാണ് ഇതിനു കാരണങ്ങൾ. കൗമാരക്കാർക്കിടയിൽ പെരുകുന്ന ഈ പ്രവണതയുടെ വസ്തുതയും പ്രതിവിധികളും വിശദീകരിക്കുകയാണ് മനഃശാസ്ത്രജ്ഞയായ ലേഖിക.

ഒരാൾ ബോധപൂർവം സ്വജീവനെ നഷ്ടപ്പെടുത്താൻവേണ്ടി തുടങ്ങുകയും പൂർത്തീകരിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ആത്മഹത്യ. പൂർത്തീകരിക്കപ്പെട്ട ഓരോ ആത്മഹത്യയ്ക്കും പത്തുമുതൽ മുപ്പതുമടങ്ങുവരെ ആത്മഹത്യാശ്രമങ്ങൾ നടക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇപ്പോഴത്തെ കണക്കുകൾപ്രകാരം ലോകത്താകമാനം ഒരുവർഷം എട്ടു ലക്ഷത്തോളം ആത്മഹത്യകൾ നടക്കുന്നുണ്ട്. ആത്മഹത്യാനിരക്കിൽ ഇന്ന് നമ്മുടെ രാജ്യം മുൻനിരയിലാണ്. ആഗോളതലത്തിൽ നടക്കുന്ന ആത്മഹത്യകളിൽ ഇരുപത് ശതമാനവും ഇന്ത്യയിലാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഓരോ 40 സെക്കൻഡിലും ലോകത്ത് ഒരാൾ ആത്മഹത്യ ചെയ്യുന്നു. ഇതിൽ കൂടുതലും 15-നും 29-നും ഇടയിൽ പ്രായമുള്ളവരാണ്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ കൗമാരക്കാരുടെ ഇടയിലെ ആത്മഹത്യ 30% മുതൽ 40% വരെ ഉയർന്നിരിക്കുകയാണ്. ഇന്ത്യയിൽ മൊത്തം ആത്മഹത്യ കണക്കിന്റെ മൂന്നിലൊന്നും കൗമാരക്കാർക്കിടയിലെ മരണമാണ്.

ദിനംപ്രതി വർധിച്ചുവരുന്ന പ്രശ്നങ്ങളും വാർത്തകളും പരിഗണിച്ച് കുട്ടികൾക്കിടയിലും കൗമാരക്കാർക്കിടയിലും നടക്കുന്ന ആത്മഹത്യശ്രമങ്ങളും മരണങ്ങളും നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. ചെറിയ കുട്ടികൾക്കിടയിൽ ആത്മഹത്യാശ്രമങ്ങൾ പലപ്പോഴും ആവേശകരമാണ്. സങ്കടം, ആശയകുഴപ്പം, കോപം, അനുകരണം, *അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ* (ADHD) എന്നീ പ്ര

ശ്നങ്ങളുമായി ഇവ ബന്ധപ്പെട്ടിരിക്കുന്നു. കൗമാരക്കാർക്കിടയിൽ ആത്മഹത്യാശ്രമങ്ങൾ പലപ്പോഴും സമ്മർദ്ദം, സംശയം, നിരാശ, സാമ്പത്തികാനിശ്ചിതത്വം, നഷ്ടബോധങ്ങൾ, പ്രേമനൈരാശ്യം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചിലപ്പോഴെങ്കിലും അവർക്ക് ആത്മഹത്യ അവരുടെ പ്രശ്നങ്ങൾക്കുള്ള ഒരു പരിഹാരമായി തോന്നുന്നു.

പൊതുവേ പറഞ്ഞാൽ, കുട്ടികളുടെയും കൗമാരക്കാരുടെയും ഇടയിലുള്ള ആത്മഹത്യയുടെ പ്രധാനകാരണങ്ങൾ:

1. മാനസികരോഗങ്ങൾ– വിഷാദം, സ്വഭാവവൈകല്യം മുതലായവ.
2. കുടുംബപ്രശ്നങ്ങൾ– വിവാഹമോചനം, മാതാപിതാക്കളുടെ അവിഹിതബന്ധങ്ങൾ, അവരുടെ മദ്യപാനശീലം, ശിഥിലമായ കുടുംബബന്ധങ്ങൾ മുതലായവ.
3. കുടംബങ്ങളിലെ മൂല്യത്തകർച്ച.
4. അമിതമായ പഠനഭാരം.
5. സാമ്പത്തികപ്രതിസന്ധി.
6. ലഹരിവസ്തുക്കളുടെ ഉപയോഗം (മദ്യപാനം, കഞ്ചാവ്, പാൻപരാഗ് തുടങ്ങിയവ)
7. ജോലിസ്ഥലത്തെ സമ്മർദ്ദങ്ങൾ.
8. നിസ്സഹായാവസ്ഥ.
9. സാമൂഹികമാധ്യമങ്ങളുടെ അമിതമായ ഉപയോഗം (മൊബൈൽ ഗെയിംസ്, ഇന്റർനെറ്റ് ഉപയോഗം, സിനിമ മുതലായവ)
10. പ്രേമനൈരാശ്യം.
11. മുൻപ് നടത്തി പരാജയപ്പെട്ട ആത്മഹത്യാശ്രമങ്ങൾ.
12. പ്രതിസന്ധികൾ, സംഘർഷം നിറഞ്ഞ ജീവിതാനുഭവങ്ങൾ.
13. ആത്മഹത്യ ചെയ്യാനുള്ള, ശ്രമിക്കാനുള്ള മാർഗങ്ങളുടെ ലഭ്യത.
14. ശാരീരിക–മാനസികപീഡനങ്ങൾ
15. ലൈംഗിക ദുരുപയോഗം
16. ഗാർഹികപീഡനങ്ങൾ
17. മാതാപിതാക്കളുടെ ആത്മഹത്യാശ്രമങ്ങളും ഭീഷണികളും

## ഗൗരവത്തോടെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്ന കുട്ടികളും കൗമാരക്കാരും പരസ്യമായി ആത്മഹത്യാപരമായ പ്രസ്താവനകൾ അതായത്, 'ഞാൻ മരിച്ചിരുന്നെങ്കിൽ എന്ന്ഞാൻ ആശിക്കുന്നു' അല്ലെങ്കിൽ അധികകാലം ഞാൻ നിങ്ങൾക്ക് ഒരു ഭാരമാവില്ല; ഇങ്ങനെയുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കാം.
- ആത്മഹത്യാ കുറിപ്പുകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുക, മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുക.
- ഭക്ഷണക്രമത്തിലും ഉറക്കത്തിലും വരുന്ന മാറ്റങ്ങൾ.
- സുഹൃത്തുക്കൾ, കുടുംബം, പതിവു പ്രവർത്തനങ്ങൾ ഇവയിൽനിന്നുള്ള പിന്മാറലുകൾ.
- ജോലിയിലുള്ള, പഠനത്തിലുള്ള താൽപര്യക്കുറവ്.
- മരണത്തെക്കുറിച്ചുമാത്രമുള്ള ചിന്തകൾ.



## എന്തുചെയ്യാം?

ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്ന കുട്ടികൾ പലപ്പോഴും സഹായം തേടുന്നതിന് ഇഷ്ടപ്പെടുന്നില്ല. എന്നിരുന്നാലും മാതാപിതാക്കളും അധ്യാപകരും സഹപാഠികളും സഹപ്രവർത്തകരും ഇവരിലെ മാറ്റങ്ങൾ കണ്ടെത്തിയാൽ പെട്ടെന്ന് പ്രതിവിധികൾ കണ്ടെത്തണം. പ്രധാനമായും:

- അവരോട് ശാന്തമായി ഇടപെടുക.
- ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നുണ്ടോ എന്ന് ചോദിച്ച് മനസ്സിലാക്കുക.
- വിമർശനങ്ങളും കുറ്റപ്പെടുത്തലുകളും ഒഴിവാക്കി അവരെ ചേർത്തുപിടിക്കുക.
- ശ്രദ്ധാപൂർവ്വം ശ്രവിക്കുക.
- വിധിക്കാതിരിക്കുക.
- അവരിലെ നന്മകളെ പുകഴ്ത്തിപറയുക, പ്രോത്സാഹിപ്പിക്കുക.
- എന്തെങ്കിലും പ്രവർത്തനങ്ങളിൽ സജ്ജരാക്കുക.
- നിരന്തരമായ നിരീക്ഷണം.
- ആത്മഹത്യാശ്രമങ്ങൾ നടത്താനുതകുന്ന മാർഗങ്ങൾ ഇല്ലാതാക്കുക.
- മറ്റുള്ളവരുടെ മുൻപിൽ ആത്മഹത്യാശ്രമങ്ങൾ വിളിച്ചുപറയാതിരിക്കുക.

## പ്രതിവിധികൾ

- വിഷാദരോഗവും ആത്മഹത്യാവികാരങ്ങളും ചികിത്സിക്കാവുന്ന മാനസിക വൈകല്യങ്ങളാണ്.
- കുട്ടിയോ/കൗമാരക്കാരനോ അവന്റെ/ അവളുടെ രോഗം തിരിച്ചറിഞ്ഞ് രോഗനിർണയം നടത്തുകയും സമഗ്രമായ ചികിത്സാപദ്ധതികൾ ഉപയോഗിക്കുകയും വേണം.
- കുട്ടികളിൽ വിജയത്തിന്റെ ത്രിമാനവശങ്ങളായ മനോഭാവം (attitude), വൈദഗ്ദ്ധ്യം (skill), വിജ്ഞാനം (knowledge) എന്നിവ വളർത്തുക.
- നിഷേധാത്മക വികാരങ്ങൾ (എന്നെ ആർക്കും വേണ്ട, ഞാൻ ഒന്നിനും കൊള്ളില്ല, കഴിവില്ല, വിജയിക്കില്ല തുടങ്ങിയ ചിന്തകൾ) ഇല്ലായ്മ ചെയ്യുക.
- ദൃഢവിശ്വാസവും ലക്ഷ്യബോധവും പ്രതിബദ്ധതയും വളർത്തുക.
- കുടുംബങ്ങളിൽ ആഴമായ, ഊഷ്മളമായ സ്നേഹബന്ധങ്ങൾ വളർത്തുക.
- സ്നേഹാനുഭവങ്ങൾ മക്കളിൽ ജനിപ്പിക്കുക, മാതാപിതാക്കൾ എപ്പോഴും അവർക്ക് മാതൃകയാകുക.
- നല്ല പ്രത്യാശയിലും വിശ്വാസത്തിലും ധീരതയിലും കുട്ടികളെ വളർത്തുക.
- മാതാപിതാക്കൾ കുട്ടികളെ ശ്രവിക്കുക, പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താനും പ്രതിസന്ധികളെ അതിജീവിക്കാനും പഠിപ്പിക്കുക, കുട്ടികളോടൊത്ത് ആയിരിക്കാൻ സമയം കണ്ടെത്തുക.
- മക്കളുടെ കഴിവുകൾ കണ്ടെത്തി അത് വളർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കുക.
- നല്ല സുഹൃദ്ബന്ധങ്ങൾ വളർത്തുക.
- പഠനകാലത്ത് അധ്യാപകർ തങ്ങളുടെ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും ശ്രദ്ധിക്കുക.
- ജീവിത നൈരാശ്യത്തിലേക്കും പരാജയത്തിലേക്കും നയിക്കുന്ന ലഹരിവസ്തുക്കൾ വർജ്ജിക്കുക.
- സാങ്കേതിക മാധ്യമങ്ങളുടെ അമിതമായ ഉപയോഗം കുറച്ച് വ്യക്തിബന്ധങ്ങൾ സുദൃഢമാക്കുക.
- മാതാപിതാക്കളും അധ്യാപകരും നല്ല മൂല്യങ്ങൾ പകർന്നുനൽകുന്നവരാകുക. അവർക്ക് തങ്ങളുടെ വിഷമതകൾ തുറന്നുപറയാൻ തക്കവേദി ഒരുക്കുക, സദ്ചിന്തകൾകൊണ്ട് മനസുനിറയ്ക്കുക, പ്രകൃതിസൗന്ദര്യം ആസ്വദിക്കുക, നല്ല ഹോബികൾ വളർത്തുക.

ആത്മഹത്യാമരണങ്ങൾ തടയുന്നതിനായി കുടുംബം, അധ്യാപകർ, സഹപ്രവർത്തകർ, കൂട്ടുകാർ, സമൂഹം എല്ലാവരും ഒന്നിച്ച് ചിന്തിച്ച്, ഒരുമയോടെ പ്രവർത്തിച്ച്, ജീവന്റെ നിലനിൽപ്പിനായി ജാഗരൂകരായി കൈകോർക്കാം. ■

# വിവാഹം കച്ചവടമോ?



ഡോ. ലിജിമോൾ പി. ജേക്കബ്
*പ്രിൻസിപ്പൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം*

**സ്ത്രീധന പീഡനങ്ങളും ആത്മഹത്യ–കൊലപാതകങ്ങളും തുടർക്കഥയാകുമ്പോൾ വിസ്മയം കൂറുന്നതിനുപകരം പെൺകുട്ടികളെ വിദ്യാസമ്പന്നരാക്കി സ്വയം പ്രാപ്തരും തീരുമാനങ്ങളെടുക്കാൻ പക്വതയുള്ളവരുമാക്കിത്തീർക്കാൻ മാതാപിതാക്കൾ ശ്രമിക്കണം. സ്ത്രീധനം കൊടുക്കില്ലെന്ന തീരുമാനം രക്ഷകർത്താക്കളും സ്ത്രീധനം വാങ്ങില്ലെന്ന് പുരുഷസമൂഹവും പ്രതിജ്ഞയെടുക്കണം. സ്ത്രീധനമോഹികൾക്കുമുന്നിൽ ശിരസ്സുകുനിക്കില്ലെന്ന ആർജവം നമ്മുടെ പെൺകുട്ടികളും നേടണമെന്ന് ഓർമപ്പെടുത്തുകയാണ് ഈ ലേഖനത്തിൽ.**

പെൺമക്കളുടെ വിലാപം...! നൊന്തുപെറ്റ അമ്മമാരുടെ അതിദയനീയമായ അലമുറകൾ...! മണ്ണിനും വിണ്ണിനും പാതി അവകാശിയായ പെണ്ണിന്റെ വേദന ആരറിയാൻ? പിച്ചിച്ചീന്തി വലിച്ചെറിയുന്ന പെൺകുഞ്ഞുങ്ങളെ നോക്കി മരവിച്ചുനിന്നാൽ മതിയോ?

കേരളക്കരയിന്ന് സ്ത്രീധനമെന്ന സാമൂഹികതിന്മയുടെ പിടിയിലാണ്. വാർത്താചാനലുകളിൽ ആത്മഹത്യയുടെയും കൊലപാതകത്തിന്റെയും ബ്രേക്കിംഗ്ന്യൂസ് കണ്ട് നനയിക്കുകയാണ്.

ശാസ്താംകോട്ടയിലെ ഭർതൃവീട്ടിൽ പീഡനങ്ങൾക്കൊടുവിൽ വിസ്മയ എന്ന യുവതിക്കുണ്ടായ ദാരുണാന്ത്യം പൊതുസമൂഹത്തെ ഞെട്ടിച്ചു. തൊട്ടടുത്ത ദിവസംതന്നെ വിഴിഞ്ഞത്ത് അർച്ചന എന്ന യുവതിയെ പൊള്ളലേറ്റുമരിച്ച നിലയിൽ കണ്ടെത്തി. സ്ത്രീധനമായി കിട്ടാവുന്നത്ര തട്ടിയെടുത്തതിനു ശേഷം ഇനിയൊന്നും കിട്ടാനില്ലെന്നുവന്നപ്പോൾ വിഷപ്പാമ്പിനെക്കൊണ്ട് ഭാര്യയെ കടിപ്പിച്ചുകൊന്ന ഭർത്താവ് ഒരു പേടിസ്വപ്നം പോലെ വാർത്തകളിൽ നിറഞ്ഞുനിന്നത് അടുത്തകാലത്താണ്. അനിഷ്ഠസംഭവങ്ങൾ ഉണ്ടാകുമ്പോൾ ധാർമികരോഷം പതഞ്ഞുപൊങ്ങുകയും വേഗത്തിൽ കെട്ടടങ്ങുകയും ചെയ്യുന്ന പൊതുരീതിയാണല്ലോ നാമിന്നു കാണുന്നത്.

സ്ത്രീധനം തടയുന്നതിന് കർശനമായ വകുപ്പുകളുള്ള നിയമം പാസാക്കിയിട്ട് 60 വർഷം കഴിഞ്ഞു. 1985-ൽ ഇന്ത്യൻ ശിക്ഷാനിയമത്തിന് 498(എ) എന്ന വകുപ്പുകൂടി നിലവിൽവന്നു. സ്വന്തം വീട്ടിൽ സ്ത്രീകളും പെൺകുട്ടി

കളും നേരിടുന്ന പീഡനങ്ങൾ തടയാനുള്ള ഗാർഹികപീഡന നിരോധിത നിയമവും ശക്തമാണ്. പക്ഷേ ഇത്ര കർശനമായ നിയമങ്ങൾ ഉണ്ടായിട്ടും നമ്മുടെ രാജ്യത്ത് സ്ത്രീപീഡനങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു.

സ്ത്രീധനമില്ലാത്തതിന്റെ പേരിൽ വിവാഹം മുടങ്ങൽ, ഗഡുക്കളായി നൽകാമെന്നേൽക്കുന്ന സ്ത്രീധനത്തുക കിട്ടാത്തതിന്റെപേരിൽ പീഡിപ്പിക്കൽ, കൊലപാതകങ്ങൾ, മക്കളുണ്ടായിക്കഴിഞ്ഞിട്ടും ഭാര്യയെ ഉപേക്ഷിക്കൽ ഇവയെല്ലാം നടമാടുകയാണ്. ഒരു കച്ചവടക്കരാറുപോലെ കല്യാണമുറപ്പിക്കുന്നു. അതിന്റെ തിക്തഫലങ്ങൾ നാമനുഭവിക്കുന്നു. ഈ സ്ഥിതി മാറണം.

വിദ്യാഭ്യാസത്തിലൂടെ പുരുഷന്മാർക്കൊപ്പം പലകാര്യങ്ങളിലും സ്ത്രീകൾ തുല്യത കൈവരിച്ചെങ്കിലും എന്തുകൊണ്ടാണ് സ്ത്രീധനമെന്ന മഹാവിപത്തിനെ നേരിടാൻ പെൺകുട്ടികൾ സജ്ജരാകാത്തത്? അഭ്യസ്തവിദ്യരായ ഉദ്യോഗമുള്ള പെൺകുട്ടികൾ പോലും സ്ത്രീധനപിശാചിന്റെ മുന്നിൽ നിസ്സംഗതയോടെ നിൽക്കുന്നു. നിശ്ചയിക്കുന്ന വില കിട്ടിയില്ലെങ്കിൽ അവളുടെ ജീവിതംതന്നെ അപകടത്തിലാവുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, നമ്മുടെ പെൺമ



ക്കളുടെ ജീവസുരക്ഷയും അന്തസും എങ്ങനെ ഉറപ്പിക്കാൻ കഴിയും?

കുടുംബങ്ങളിലാണ് പരിവർത്തനം ഉണ്ടാകേണ്ടത്. മാതാപിതാക്കൾ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കേണ്ട സമയമാണ്. പൊന്നുമക്കൾക്ക് പീഡനവും അപമൃത്യുവും സംഭവിക്കുമ്പോൾ അലമുറയിട്ടതുകൊണ്ടായില്ല. പണത്തിന്റെ മേന്മ കാണിക്കാനുള്ള തട്ടകമായിമാറ്റി വിവാഹത്തെ കമ്പോളവല്ക്കരിക്കരുത്. സമൂഹമനഃസാക്ഷിയെ നേരായ വഴിയിലേക്കുയർത്തി എടുക്കേണ്ട സമയമാണിത്.

കഴിഞ്ഞ ആഴ്ചത്തെ മലയാള മനോരമ ആഴ്ചപതിപ്പിൽ മുഖചിത്രം വിസ്മയ എന്ന പെൺകുട്ടിയുടേതായിരുന്നു. കണ്ണ് മഞ്ഞളിക്കുന്ന രീതിയിൽ ആടയാഭരണ വിഭൂഷിതയായി ആ മണവാട്ടി ഒരുങ്ങിയിരിക്കുന്നു, വിവാഹജീവിതത്തിന്റെ പുത്തൻ സ്വപ്നങ്ങളുമായി. മാധ്യമങ്ങൾക്ക് ഈ ദൃശ്യങ്ങൾ വിറ്റേ മതിയാവൂ. എന്നാൽ അച്ഛനും അമ്മയും അറിയണം; ഈ ലോകത്തിൽ ജീവിക്കാനുള്ള തന്റേടവും ധൈര്യവും ആത്മവിശ്വാസവും വിവേചനയും വിദ്യാഭ്യാസത്തിനൊപ്പം മകൾക്കുകൊടുക്കേണ്ടതിന്റെ അനിവാര്യത. സമ്പത്തിന്റെ അളവുകൊണ്ട് ജീവിതത്തെ അളന്നെടുക്കാൻ നിങ്ങൾക്കാവില്ല.

സ്ത്രീധനത്തെ ദാമ്പത്യത്തിന്റെ ആധാരശിലയാക്കുന്ന സ്ത്രീവിരുദ്ധത പലരിലും നിലനിൽക്കുമ്പോൾ, ആത്മാഭിമാനവും മൗലികാവകാശബോധവുമുള്ള നവവനിതയുടെ നേരെയുള്ള അപമാനംതന്നെയാകുന്നു ഇത്. സ്ത്രീയുടെ യഥാർത്ഥ ധനം അവളുടെ വ്യക്തിത്വംതന്നെയാണെന്നും അതിന്റെ മൂല്യം പുരുഷൻ തിരിച്ചറിയേണ്ടതാണെന്നുമുള്ള ബോധവല്ക്കരണം ശക്തമാക്കിയേതീരൂ. സ്ത്രീധനം ചോദിക്കുകയോ വാങ്ങുകയോ ഇല്ലെന്ന നിലപാടെടുക്കുന്ന യുവാക്കൾ ഇവിടുണ്ടാകണം. അതിനായി ആൺമക്കളെ ബോധ്യത്തിൽ വളർത്തണം. മക്കളെ വില്പനച്ചരക്കാക്കില്ലെന്ന് മാതാപിതാക്കളും സ്ത്രീധനം ചോദിച്ചുവരുന്നവനെ തിരസ്കരിക്കുമെന്ന് പെൺകുട്ടികളും തീരുമാനമെടുക്കണം.

ജീവിതം നരകമായിത്തീരുമ്പോൾ അതിൽനിന്നും സധൈര്യം പുറത്തേക്കുവരാനുള്ള ധൈര്യവും പാകതയും മാതാപിതാക്കളും സമൂഹവും കൊടുത്തേതീരൂ.

ഉപനിഷത്തുകൾകൊണ്ടും വേദങ്ങൾകൊണ്ടും ധന്യമായ ആധ്യാത്മികാടിത്തറയുള്ള ഭാരതത്തിന്റെ നെഞ്ചകം നീറുകയാണ്. ഇവിടെയാണ് ഈശ്വര ചിന്തയ്ക്ക് പ്രസക്തിയേറുന്നത്. സ്ത്രീയെ ആദരിക്കാൻ കുടുംബങ്ങളിൽ പഠിപ്പിക്കണം. സ്ത്രീകളെ ആദരിക്കുന്നതിൽ ഏറ്റവും മുന്നിൽ ദൈവപുത്രനായ യേശുക്രിസ്തുവാണ്.

കണ്ണുനീർ ചിന്തുന്ന സ്ത്രീയുടെ അടുക്കൽചെന്ന് "സ്ത്രീയെ എന്തിനാണ് നീ കരയുന്നത്" (യോഹ 20:13) എന്നു ക്രിസ്തു ചോദിച്ചെങ്കിൽ, ആ ആർജവം ഇന്നത്തെ പുരുഷ സമൂഹം ഏറ്റെടുക്കണം. സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന അവഹേളനങ്ങളിലും അവഗണനകളിലും അരക്ഷിതാവസ്ഥകളിലും അവളുടെ നെഞ്ചുപിളരുന്ന നിലവിളികളും ഗുരുവായും പിതാവായും പങ്കാളിയായും പുത്രനായും സോദരനായും പ്രത്യക്ഷപ്പെട്ട് സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഇവിടുത്തെ പുരുഷ സമൂഹം രൂപാന്തരപ്പെടണം.

ഒരു സ്ത്രീയുടെ സുകൃതങ്ങളിൽ പങ്കുപറ്റാത്ത ആരാണ് ഈ ഭൂമിയിലുള്ളത്? സ്നേഹം, സേവനം, ശ്രദ്ധ, ക്ഷമ, അലിവ്, ആർദ്രത... എല്ലാറ്റിനും ഉറവിടം സ്ത്രീയാണ്. ജന്മപാത്രം പേറുന്ന സ്ത്രീ ബ്രഹ്മസ്ഥാനീയയാണ്. അത്രയും മഹിമയുള്ള സ്ത്രീരത്നം ഇന്ന് 'വില്പനച്ചരക്കായി' വിലപേശിവിൽക്കേണ്ടിവരുന്നത് ദുരാചാരമാണ്. പൊലിഞ്ഞുപോയ ഓരോ പെൺകുഞ്ഞിന്റെയും ജീവനെയോർത്തെങ്കിലും നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം. സ്ത്രീധനമെന്ന മഹാമാരിക്കെതിരെ ഒന്നിച്ചുനിൽക്കാം. ■

# സ്ത്രീധനത്തിന്റെ സാമൂഹികനിയമമാനങ്ങൾ



അഡ്വ. ലിറ്റോ പാലത്തിങ്കൽ
*അഭിഭാഷകൻ, കേരള ഹൈക്കോടതി*

**നിയമങ്ങളുടെ അപര്യാപ്തതയും അതിന്റെ വിലയില്ലായ്മയുമല്ല സ്ത്രീധന, സ്ത്രീപീഡനപ്രശ്നങ്ങൾ ഇല്ലായ്മചെയ്യുന്നതിൽ നിലനിൽക്കുന്ന തടസ്സം. നിലനിൽക്കുന്ന സമ്പ്രദായങ്ങളുടെ പൊളിച്ചെഴുത്തിന് തയ്യാറാകാത്തതിനാൽ പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന ആശങ്കയാണ് നിലവിലെ പ്രശ്നം. ചില തീരുമാനങ്ങളെ ഗൗരവമായികണ്ട് നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് നിയമവിദഗ്ധൻ കൂടിയായ ലേഖകൻ സമർത്ഥിക്കുന്നു.**

എത്ര നിഷേധിച്ചാലും ചില സാമൂഹിക യാഥാർത്ഥ്യങ്ങൾ ഒരു പ്രേതബാധകണക്കെ പിന്തുടരുന്നു എന്നതാണ് മനുഷ്യസമൂഹത്തിന്റെ പ്രത്യേകത. സ്ത്രീധനം അത്തരം ഒരു സാമൂഹികതിന്മയാണ്. 1961 മുതൽ നിയമംമൂലം നിരോധിക്കപ്പെട്ടതാണ് ഈ ദുരാചാരം. വിലപിടിപ്പുള്ള വസ്തുവോ പണമോ വിവാഹവുമായി ബന്ധപ്പെട്ട് പരസ്പരം കൈമാറിയാൽ അത് കുറ്റകരമാണ്. അത് ആവശ്യപ്പെടുന്നതുപോലും ശിക്ഷാർഹമാണ്. ഈ നിയമം നടപ്പിൽവന്നിട്ടും സ്ത്രീധനവുമായി ബന്ധപ്പെട്ട ആത്മഹത്യകളും കൊലപാതകങ്ങളും തുടർച്ചയായപ്പോഴാണ് 1983-ൽ ഇന്ത്യൻ ശിക്ഷാനിയമ (IPC) ത്തിൽ 498 A എന്ന ഒരു വകുപ്പ് പുതുതായി ചേർത്തത്. IPC 498 A വകുപ്പുപ്രകാരമുള്ള കേസുകളുടെ കുത്തൊഴുക്ക് കോടതികളിൽ എത്തി. എന്നാൽ സ്വഭാവികനീതി നിഷേധിക്കപ്പെടുന്ന രീതിയിലുള്ള ഈ വകുപ്പിന്റെ ദുരുപയോഗം സുപ്രീംകോടതിയുടെപോലും ശ്രദ്ധയിൽവന്നു. അതിന്റെ പ്രതിഫലനമായി ഈ വകുപ്പ് ഉപയോഗിച്ചുള്ള കടുത്ത നടപടികളിൽ ചില നിബന്ധനകൾ കോടതികൾ ഏർപ്പെടുത്തി. എന്നിരുന്നാലും ഏറെ മൂർച്ചയുള്ള ഒരു നിയമമായി സ്ത്രീകൾക്ക് ഈ വകുപ്പ് ഉപകാരപ്പെടുന്നുണ്ട്. കാലംകരുതിവച്ച ഒരു ആയുധമാണത്.

2005-ൽ ഗാർഹിക പീഡനത്തിൽനിന്നുള്ള സ്ത്രീസംരക്ഷണനിയമം പ്രാബല്യത്തിൽവന്നു. ഇതെല്ലാം നിയമങ്ങളാണ്. വെളുത്ത കടലാസിലെ കറുത്ത അക്ഷരങ്ങൾ. പക്ഷേ ഈ മഷിക്ക് ജീവൻ വേണമെങ്കിൽ അത് പ്രായോഗിക



തലത്തിൽ ഉപകാരപ്പെടണം. അവിടെയാണ് പ്രശ്നം. ഉദാഹരണത്തിന്, ഇതിൽ ഏറ്റവും ശക്തമായ IPC 498 A എടുക്കാം. ഭർത്താവോ അയാളുടെ ഏതെങ്കിലും കുടുംബാംഗമോ ഭാര്യയെ ഏതെങ്കിലും രീതിയിലുള്ള ക്രൂരതയ്ക്ക് വിധേയയാക്കിയാൽ, അതിൽ കേസ് എടുക്കാൻ പൊലീസിനും ക്രിമിനൽ നടപടിക്രമം അനുസരിച്ച് നടപടികൾ സ്വീകരിക്കാൻ മജിസ്ട്രേറ്റ് കോടതിക്കും അധികാരമുണ്ട്. ഇവിടെ നിയമത്തിന് കരുത്തുണ്ട്. പക്ഷേ ദുർബലമാകുന്നത് സാമൂഹികചുറ്റുപാടുകളാണ്. അത് സ്ത്രീയെ തളർത്തുകയും പുറകിലേക്ക് വലിക്കുകയും ചെയ്യുന്നുണ്ട്. ഒരു പരാതി കൊടുക്കാൻ ഭർത്താവിന്റെ വീട്ടിൽനിന്ന് പൊലീസ് സ്റ്റേഷനിലേക്കുപോകുന്ന ഒരു സ്ത്രീക്ക് തിരികെചെല്ലുമ്പോൾ തുറന്നിട്ട വാതിൽ ആ വീട്ടിൽ ഉണ്ടാകുമോ? ആ മണിക്കൂറിലും ദിവസങ്ങളിലും അവളെ പിന്തുണക്കാൻ ഈ അലമാരയിൽ ഇരിക്കുന്ന നിയമപുസ്തകങ്ങൾ മതിയാകില്ല. അവിടെ അവൾക്ക് സുരക്ഷിതമായ ഒരു ഇടംവേണം. ഈ സാഹചര്യത്തിലാണ് അവൾക്ക് സ്വന്തം മാതാപിതാക്കളെ ആശ്രയിക്കേണ്ടിവരുന്നത്. അപ്പോൾ തനിക്ക് നേരത്തെ നൽകിയ സ്ത്രീധനം ഒരു തടസമായി മാറുന്നു എന്ന് അവൾ തിരിച്ചറിയും. അതായത് അവകാശം വാങ്ങി 'ഇറങ്ങിപോന്ന' ഒരു വീട്ടിലേക്ക് 'തിരികെ പോകുന്നത്' ഏറെ പ്രശ്നങ്ങൾക്ക് കാരണമാകും എന്നതാണ് യാഥാർത്ഥ്യം.

ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304 A എന്നത് സ്ത്രീധനമരണവുമായി ബന്ധപ്പെട്ടതാണ്. വിവാഹം കഴിഞ്ഞ് ഏഴുവർഷത്തിനുള്ളിൽ അസ്വാഭാവിക മരണം നടന്നാൽ അതിന്റെ ഉത്തരവാദിത്വം ഭർത്താവിനും ബന്ധുക്കൾക്കുമായിരിക്കും. അത് ഏഴുവർഷം കുറഞ്ഞ തടവ് ലഭിക്കാവുന്ന കുറ്റമാണ്. സ്വന്തം രക്തത്തിൽ വളർന്നുവരുന്ന മകനെ വീടിന്റെ, സ്വത്തിന്റെ, പാരമ്പര്യത്തിന്റെ തുടർച്ചയായും ആ മകനോടൊപ്പം വളർന്നുവന്ന മകളെ 'കെട്ടിച്ചയക്കാനും' 'കല്യാണം കഴിപ്പിച്ച് കൊടുക്കാനും' തീരുമാനിക്കുന്നിടത്താണ് പ്രശ്നം. എവിടെയാണ് തുല്യത? ഇതിൽ തെറ്റ്

ചെയ്യുന്നത് മാതാപിതാക്കൾ തന്നെയല്ലേ? സമൂഹത്തിന് എന്തും പറയാം, പക്ഷേ ആ വൃത്തികേട് എന്റെ വീട്ടിൽ വേണ്ട എന്ന് പറയാൻ മാതാപിതാക്കൾക്ക് കഴിയില്ലേ?



## മറുപുറവും തടസ്സങ്ങളും

മക്കത്തായം, മരുമക്കത്തായം ഇവ രണ്ടിന്റെയും സങ്കര രീതികൾ എന്നിവ ഈ രാജ്യത്ത് വിവിധ സമൂഹങ്ങളിലും പ്രദേശങ്ങളിലും പ്രചാരത്തിലുണ്ട്. പാരമ്പര്യസ്വത്തവകാശം വിതരണം ചെയ്യുന്നതിലുള്ള നീതികേടുകളും പുരുഷകേന്ദ്രീകൃതമായ തീരുമാനങ്ങളും സ്ത്രീകളോടുള്ള അവഗണനകളുമാണ് സ്ത്രീധനം എന്ന ഭൂതത്തിനെ കൂടുതൽ തിരിച്ചു കയറ്റാൻ തടസ്സമാകുന്നത്. മാതാപിതാക്കളുടെ വാർധക്യകാലസംരക്ഷണത്തെക്കുറിച്ചും ആ ഉത്തരവാദിത്വം എല്ലാ മക്കൾക്കും ആൺപെൺവ്യത്യാസമില്ലാതെ ഏറ്റെടുക്കാൻ തയ്യാറാകണമെന്നതിനെക്കുറിച്ചും സമൂഹത്തിൽ വ്യക്തവും കൃത്യവുമായ നയങ്ങളും അവയെക്കുറിച്ച് ബോധവൽക്കരണവും വേണം.

## പരിഹാരങ്ങൾ

സ്ത്രീധനത്തിന്റെ മൂലകാരണം സ്ത്രീപുരുഷ അസമത്വമാണ് എന്ന് തിരിച്ചറിഞ്ഞ് അതിന് പരിഹാരം കാണണം. ഒരുവീടിനകത്ത് സമ്പത്തിനെക്കുറിച്ചും ജീവിതസാഹചര്യങ്ങളെക്കുറിച്ചും ആ വീട്ടിലെ ആൺകുട്ടിക്കും പെൺകുട്ടിക്കും തുല്യമായ പങ്കാളിത്തവും അധികാരവും അവിടുത്തെ തീരുമാനങ്ങളിൽ വേണം. പുരുഷസമൂഹം എടുക്കുന്ന തീരുമാനങ്ങളുടെ ഔദാര്യംപറ്റി ജീവിക്കേണ്ട അവസ്ഥ തുടരുന്ന കാലയളവോളം ഈ തിന്മ സ്ത്രീയുടെ ശാപമായി തുടരും. പഠനം, ആത്മാഭിമാനം, ആർജവം എന്നിവ പുരുഷന് തുല്യമായി സ്ത്രീക്ക് എന്ന് ലഭ്യമാകുന്നുവോ, അന്ന് ഈ വിലപറയൽ അവസാനിക്കും. പെണ്ണിന് വിലയിടാൻ പുരുഷന് കഴിയാത്ത അവസ്ഥ സമൂഹത്തിൽ ഉണ്ടാകണം. പാരമ്പര്യസ്വത്തിൽ അവൾക്ക് തുല്യാവകാശം നടപ്പാക്കണം. തീരുമാനം എടുക്കുന്ന പ്രക്രിയയിലും തീരുമാനങ്ങളിലും അവളുടെ വാക്കുകൾക്ക് തുല്യപ്രാധാന്യം ഉണ്ടാകണം.

സ്ത്രീധനം തീർത്തും പ്രാകൃതവും അപരിഷ്കൃതമാണെന്നും അത് അയിത്തം, സതി എന്നിവയെപ്പോലെ സംസ്കാരശൂന്യമാണെന്നുമുള്ള ബോധവൽക്കരണം സമൂഹത്തിൽ പ്രത്യേകിച്ച് വരുംതലമുറയിൽ പ്രാബല്യമാക്കണം. അങ്ങിനെ കാരണങ്ങളെ തകർത്തെറിഞ്ഞ് നമുക്ക് സ്ത്രീധനം ഒരു പഴങ്കഥയാക്കി മാറ്റാം. ■




# കൈപിടിക്കാനായാൽ കയറെടുക്കേണ്ടിവരില്ല

ആനി ശിവ
*സബ് ഇൻസ്പെക്ടർ ഓഫ് പൊലിസ്, എറണാകുളം*

**പത്തൊമ്പതാം വയസ്സിൽ കൈക്കുഞ്ഞുമായി തെരുവിലേക്കിറങ്ങേണ്ടി വന്ന ആനി ശിവയെന്ന ടീനേജുകാരിയെക്കുറിച്ച് പൊതുസമൂഹം ഏതുവിധത്തിലാണ് കണ്ടിട്ടുണ്ടാകുക എന്നത് ഊഹിക്കാവുന്നതേയുള്ളൂ. പീഡനപർവങ്ങളിൽപ്പെട്ട് ചിറകുകരിച്ചുകളയാതെ ഒരു ചിത്രശലഭമായി പാറിപ്പറന്നപ്പോൾ ദൃഢനിശ്ചയവും ഇച്ഛാശക്തിയുംകൊണ്ട് പരാജയങ്ങളെ വിജയപീഠമാക്കി മാറ്റിയ സബ് ഇൻസ്പെക്ടർ ആനി ശിവ അതിജീവനത്തിന്റെ ചുരുളഴിക്കുന്നു. ഒപ്പം സ്ത്രീജന്മം പ്രശ്നങ്ങളിലും പ്രതിസന്ധികളിലും നിന്ന് ഒളിച്ചോടാനുള്ളതല്ലായെന്ന് ഓർമപ്പെടുത്തുകയും ചെയ്യുന്നു.**

സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട വാർത്തകളും ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് ഇനിയും തെളിയിക്കേണ്ടിയിരിക്കുന്ന മരണങ്ങളും പരമ്പര കണക്കേ വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിതപ്രശ്നങ്ങൾക്കു മുന്നിൽ പതറാതെ ജീവിച്ചുകാണിക്കണമെന്ന് പ്രേരിപ്പിച്ച ജീവിതമാണ് എന്റെ ഈ കാക്കിവേഷവും ചുമലിലെ നക്ഷത്രങ്ങളും. ആത്മവിശ്വാസവും ആത്മാഭിമാനവും മുറുകെപിടിച്ച് തന്നോടുതന്നെ യുദ്ധംചെയ്ത് സ്വയം സ്ഫുടംചെയ്ത് ജീവിതത്തെ കെട്ടിപ്പടുക്കണം ഇന്നിന്റെ പെൺകുട്ടികൾ. കെട്ടുപോയെന്നു കരുതിയ എന്റെ ജീവിതം അപ്രകാരം സ്ഫുടപാകം ചെയ്തതാണ്. ഒരുമുഴം കയറിലോ ഒരു തുള്ളി പോയ്സണിലോ ഒടുക്കിയിരുന്നെങ്കിൽ ആനി ശിവയെന്ന പൊലിസ് ഇൻസ്പെക്ടർ ഇന്നുണ്ടാകുമായിരുന്നില്ല.

ഭർത്താവിനാലും സ്വന്തം വീട്ടുകാരാലും തിരസ്ക്കരിക്കപ്പെട്ട് ആറുമാസം പ്രായമായ കൈക്കുഞ്ഞിനെയുംകൊണ്ട് 19-ാം വയസിൽ തെരുവിലേക്ക് ഇറങ്ങേണ്ടിവന്നപ്പോൾ മുന്നിൽ ശൂന്യതയും ഇരുളും മാത്രമായിരുന്നു. പലപ്പോഴും ആത്മഹത്യയ്ക്കായി ചിന്തിക്കുകയും ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ എന്റെ ജീവനിൽ കുരുത്ത കുഞ്ഞിനെ ഓർക്കുമ്പോൾ ജീവിതത്തെ നേരിടാൻതന്നെ എന്നെ പ്രേരിപ്പിച്ചു. അതിനാൽ 14 വർഷങ്ങൾക്കിപ്പുറമെത്തിനിൽക്കുമ്പോൾ ഞാനിന്നൊരു പൊലീസ് ഉദ്യോഗസ്ഥയാണ്. ജീവിതപ്രാരബ്ധങ്ങൾക്കിടയിൽ അതിജീവനത്തിനും സ്വയം



നിൽപ്പിനുംവേണ്ടി ഐസ്ക്രീമും നാരങ്ങാവെള്ളവും വിറ്റു ജീവിച്ച അതേ സ്ഥലത്ത്, തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽത്തന്നെ ആദ്യനിയമനം കിട്ടിയപ്പോൾ അതൊരു സ്നേഹപ്രതികാരമായി മാറി. ഒപ്പം സമൂഹത്തിന് ഒരു സാക്ഷ്യവും. ലക്ഷ്യബോധം തീർത്ത സ്വത്വബോധത്തിന്റെയും അതിലൂടെ ആർജിച്ചെടുത്ത ജീവിതവിജയത്തിന്റെയും പരിണതഫലമാണ് ഈ നേട്ടം.

സാധാരണ ഒരു കുടുംബപശ്ചാത്തലത്തിലായിരുന്നു എന്റെ ജനനവും ബാല്യവും വളർച്ചയും. പഠനത്തിൽ പിന്നിലല്ലാതിരുന്നതിനാൽ കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് കോളജിൽ ബിരുദപ്രവേശനം ലഭിച്ചു. ആദ്യവർഷത്തിൽത്തന്നെ കൂട്ടുകാരനെ പ്രണയിച്ച് വീട്ടുകാരുടെ പിന്തുണയില്ലാതെ അയാൾക്കൊപ്പം ജീവിതമാരംഭിച്ചു. ഒരു കുഞ്ഞുജനിച്ച് ആറുമാസമായതോടെ ആ കൂട്ട് വേർപ്പെട്ടു. മറ്റൊരാശ്രയവുമില്ലാതെ ശൂന്യമായ കൈകളുമായി സ്വന്തം വീട്ടിലേക്ക് തിരിച്ചെത്തിയ തന്നെ വീട്ടുകാരും സ്വീകരിച്ചില്ല. മകളെന്ന പുണ്യത്തെ ദുരഭിമാനത്തിന്റെ വേലിക്കെട്ടുകൾ ചാർത്തി അവിടെയും പിണ്ഡംവച്ചുപടിയിറക്കി. കിടക്കാൻ സ്വന്തമായൊരു കൂരയോ വിശപ്പടക്കാൻ ഭക്ഷണമോ ഇല്ലാതെ കൈക്കുഞ്ഞിനെയും മാറോട് ചേർത്ത് ദിവസങ്ങളോളം തെരുവോരങ്ങളിലൂടെ അലഞ്ഞുനടക്കേണ്ടിവന്നു. ഒടുവിൽ അഭയംനൽകിയ അമ്മൂമ്മയുടെ വീടിനോടുചേർന്നുള്ള ചായ്പ്പിൽ ഒരിടം കിട്ടി. മകനെയുംകൊണ്ട് പ്രതികൂലാവസ്ഥയിൽനിന്ന് ജീവിതം അനുകൂലമാക്കാനുള്ള യാത്രയാരംഭിച്ചു.

നിലനിൽപ്പിനായും കുഞ്ഞിന്റെ പരിപാലനത്തിനായും ഞാൻ ഏറ്റെടുക്കാത്ത ജോലികൾ വിരളമാണ്. തുടക്കത്തിൽ, കറിപൗഡറുകളും സോപ്പും വീടുവീടാന്തരം കയറിയിറങ്ങി കച്ചവടം നടത്തി. പിന്നീട് ഇൻഷുറൻസ് ഏജന്റിന്റെ വേഷം ധരിച്ചു. തുടർന്ന് വിദ്യാർത്ഥികൾക്ക് പ്രോജക്ടും റെക്കോർഡുമൊക്കെ തയ്യാറാക്കിക്കൊടുക്കുന്ന ജോലിയിൽ ഏർപ്പെട്ടു. വീണ്ടും ഡെലിവറി ഗേളിന്റെ രൂപത്തിലും ജീവിതം അഭിനയിക്കേണ്ടിവന്നു. ഉത്സവപറമ്പുകളിൽ ശീതളപാനീയങ്ങളും ഐസ്ക്രീമുമൊക്കെ വിൽക്കുന്ന കടകളിലും സഹായിയായി ചേർന്നു. ഇതൊക്കെ ചെയ്യുമ്പോഴും എന്റെ ലക്ഷ്യവും സ്വപ്നവും ഞാൻ വിസ്മരിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഇച്ഛാശക്തി തിരിച്ചുപിടിച്ചുകൊണ്ട് പാതിവഴിയിൽ ഉപേക്ഷിച്ച ബിരുദപഠനം പുനരാരംഭിക്കുകയും സാമൂഹിക ശാസ്ത്രത്തിൽ ഒരു ബിരുദം സ്വന്തമാക്കുകയും ചെയ്തു. കുഞ്ഞിനെയുംകൊണ്ട് ഇതിനിടയിൽ പലസ്ഥലങ്ങളിലായി മാറി താമസിച്ചു. സ്വയം ധൈര്യത്തിനും നിലനിൽപ്പിനുംവേണ്ടി പുരുഷന്മാരെപ്പോലെ ഞാൻ മുടിവെട്ടി ഒരേസമയം മകൻ ശിവസൂര്യയ്ക്ക് അപ്പനും അമ്മയുമായിത്തീർന്നു.

സുഹൃത്തിന്റെ പ്രേരണയിലാണ് 2014-ൽ വനിതാ എസ്.ഐ പരീക്ഷയെഴുതാൻ തിരുവനന്തപുരം പരിശീലനകേന്ദ്ര

ത്തിൽ ചേർന്ന് പഠനമാരംഭിച്ചത്. ഇതോടൊപ്പംതന്നെ വനിതാ പൊലീസ് തസ്തികയിലേക്കും പരീക്ഷയെഴുതി. 2016-ൽ വനിതാപൊലീസായി ജോലി ലഭിച്ചു. തുടർന്ന് 2019-ൽ എസ്. ഐ പരീക്ഷയിലും വിജയം കണ്ടെത്തി. പരിശീലനങ്ങൾക്കൊടുവിൽ 2021 ജൂൺ 25-ന് സ്വന്തം തട്ടകമായ വർക്കലയിൽത്തന്നെ എസ്. ഐ ആയി ആദ്യനിയമനവും ലഭിച്ചു. ഏറെ താമസിയാതെ എറണാകുളത്തേക്ക് മാറ്റം ലഭിക്കുകയും ചെയ്തു.

ഭ്രാന്തുവരാതെ പിടിച്ചുനിന്നിട്ടും കഷ്ടപ്പെട്ടിട്ടും ദൈവാനുഗ്രഹത്താൽ ജീവിതം ഒരു കരയ്ക്കെത്തിച്ചപ്പോഴും സമൂഹത്തിൽനിന്നുള്ള കുറ്റംപറച്ചിലുകൾക്കും പഴിപറച്ചിലുകൾക്കും പുത്തൻകഥകൾ മെനയുന്നതിലും സമൂഹം ലുബ്ധ് കാട്ടിയിരുന്നില്ല. അതൊക്കെ കേട്ടു തള്ളിക്കൊണ്ട് പതറാതെ പരദൂഷകർക്കൊപ്പംതന്നെ ഈ മണ്ണിൽ ഞാനും മോനും ജീവിച്ചു. മറ്റുള്ളവരുടെ കഥകൾക്കും പരദൂഷണങ്ങൾക്കും ചെവികൊടുക്കാതെ നാം നമ്മുടെ ചരിത്രമെഴുതാൻ തയ്യാറായാൽ ഈ ചെറു ജീവിതത്തെ ആർക്കും തോൽപ്പിക്കാനാവില്ല.

തെറ്റ് എല്ലാവർക്കും പറ്റും. ഞാനും തെറ്റുകൾ ചെയ്തിട്ടുണ്ട്. ആ തെറ്റ് തിരുത്തുന്നതിനുള്ള അവസരം ഒരുപ്രാവശ്യമെങ്കിലും തെറ്റിപ്പോകുന്നവർക്ക് കൊടുക്കണം. അതിനൊരു കൈത്താങ്ങ് പേരന്റ്സിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്. തിരുത്തലിന് അവസരം കൊടുക്കാനുള്ള സന്മനസ് എല്ലാവരും കാണിക്കണം. തെറ്റുപറ്റിയാൽ ജയപരാജയങ്ങളെ മുൻവിധിയോടെ കാണാതെ തിരുത്തൽ ശക്തിയാകാൻ ശ്രമിക്കണം.

സമൂഹമോ കുടുബമോ ജീവിതപങ്കാളിയോ കൂടെനിന്നില്ലെങ്കിലും നാം ഉറച്ചബോധ്യത്തോടെ സ്വയം നിലനിൽക്കാൻ തയ്യാറാകണം. ഇവരാരും നമുക്കൊപ്പം എന്നും ഉണ്ടാകില്ല. നമ്മൾ എപ്പോഴും നമ്മളെ മനസ്സിലാക്കിയേപറ്റൂ. സ്ത്രീയെ സമൂഹം എപ്പോഴും ഒരു ഉപഭോഗവസ്തുവായിട്ടേ കാണൂ.

ഭൂരിഭാഗം പേരന്റ്സും അവർ ഉണ്ടാക്കിയതെല്ലാം അവരുടെ മക്കൾക്കുള്ളതാണെന്ന ചിന്തയിലാണ്. ആ ചിന്ത മാറാനും മാറ്റിയെടുക്കാനും പെട്ടെന്നാകില്ല; കാലതാമസമെടുക്കും. മാതാപിതാക്കളും രക്ഷിതാക്കളും ഒരുമിച്ചെടുക്കേണ്ട ഒരു തീരുമാനമാണിത്. അതുപോലെ സ്ത്രീധനം വാങ്ങിച്ച് കല്യാണം കഴിക്കില്ലെന്ന് പുരുഷന്മാരും തീരുമാനം എടുക്കണം.

മാതാപിതാക്കൾ തങ്ങളുടെ പെൺമക്കളെ വിവാഹം കഴിപ്പിച്ച് അയയ്ക്കുമ്പോൾ അവരുടെ നല്ല ഭാവിയും സുരക്ഷിതത്വവും കണക്കിലെടുത്താണ് പലപ്പോഴും തീരുമാനങ്ങൾ എടുക്കുന്നത്. എന്നാൽ തിരഞ്ഞെടുത്ത, കണ്ടെത്തിയ, ജീവിതപങ്കാളി തെറ്റിപ്പോയാലും മകൾക്ക് വീഴ്ചവന്നാലും അതുൾക്കൊണ്ട് തിരുത്തലുകൾക്ക് തയ്യാറാകാൻ മാതാപിതാക്കൾ ശ്രദ്ധപതിപ്പിക്കണം. പലപ്പോഴും സമൂഹത്തെ ഭയന്നുകൊണ്ട് ഇത്തരത്തിലുള്ള അനന്തര നടപടികളിലേക്ക് കടക്കാറില്ല. കാരണം, മകൾ സ്വന്തം വീട്ടിലേക്ക് തിരിച്ചെത്തിയാൽ സമൂഹം എന്തു പറയുമെന്നും തങ്ങളുടെ അഭിമാനത്തിനും അന്തസിനും കോട്ടം തട്ടുമെന്നുള്ള ഭയപ്പാടുകൾ എല്ലാം മൂടി വയ്ക്കുന്നതിനും മകളെ സഹനമൂർത്തിയാക്കിത്തീർക്കുന്നതിനും ഇടയാക്കുന്നു. ഇവിടെ ഒടുവിൽ സംഭവിക്കുന്നത്, ഒരിക്കലും തിരിച്ചുകിട്ടാനാവാത്തവിധം നഷ്ടപ്പെട്ടുപോകുന്നത്, സ്വന്തം മക്കൾ തന്നെയായിരിക്കും. നമ്മുടെ അതിരുകടന്ന അഭിമാനബോധം വരുത്തിവയ്ക്കുന്ന വിനകൾ ഒട്ടനവധിയാണ്. ഇതിനൊരു പരിഹാരമുണ്ടാകാൻ മാതാപിതാക്കളും രക്ഷകർത്താക്കളും സ്വയാവബോധത്തോടെ പെരുമാറാൻ തയ്യാറായാൽ സമൂഹത്തിന് മാറ്റമുണ്ടാകും. കരം പിടിക്കാനൊരു മനസ്സുണ്ടായാൽ ആരും കയറെടുക്കില്ല. ■

# നടുവൊടിക്കുന്ന വിവാഹമാമാങ്കങ്ങൾ



മരിയ റാൻസം
*കൺസൾട്ടന്റ്, മീഡിയ പ്രൊഫഷണൽ*

വിവാഹമെന്ന പവിത്രബന്ധത്തെ സ്ത്രീധനത്തിന്റെയും ആഡംബരാഘോഷങ്ങളുടെയും മാമാങ്കംകൊണ്ട് പല കുടുംബങ്ങളുടെയും സാമ്പത്തിക നട്ടെല്ലുതന്നെ തകരുന്നു. കോവിഡ്കാലത്ത് ഇത്തരം ആചാരാനുഷ്ഠാനങ്ങളൊക്കെ വിലക്കപ്പെട്ടപ്പോൾ അനാവശ്യ ആഘോഷങ്ങളും ആചാരങ്ങളും വിസ്മൃതിയിലേക്ക് മറയപ്പെടുകയായിരുന്നു. ഈ സാമൂഹികവിപത്തിനെ വിശകലനം ചെയ്തുകൊണ്ട് വിവാഹമെന്ന സംശുദ്ധ പ്രേമത്തിന്റെ പൊരുളിനെക്കുറിച്ച് തിരിച്ചറിവ് നല്കുകയാണ് ലേഖിക.

ചാച്ചനും ചാച്ചമ്മയുമെന്ന് മൂന്നു തലമുറ വിളിക്കുന്ന കുഞ്ഞേലി – ചാക്കോ ദമ്പതികളുടെ, അറുപത്തഞ്ചാമത്തെ വിവാഹവാർഷിക വേദി. ഇപ്പോഴും പ്രണയത്തിലായിരിക്കുന്ന അവർക്ക് ആശംസ നേരുന്നതിനിടയിൽ ഇളമുറക്കാരി ചോദിച്ചു: 'ചാച്ചന്റെയും ചാച്ചമ്മയുടേയും മാത്രമല്ല എട്ട് മക്കളുടെയും പതിനേഴ് കൊച്ചുമക്കളുടെയും സന്തോഷകരമായ ദാമ്പത്യത്തിന്റെ പിന്നിലുള്ള രഹസ്യമെന്താണ്?

ജീവിതത്തിലെ ഇഷ്ടാനിഷ്ടങ്ങളെയും മക്കൾക്കായി വിവാഹാലോചന നടത്തിയപ്പോൾ പുലർത്തിയ ചില ജാഗ്രതകളെയും സുതാര്യതയെയും കുറിച്ച് ഇരുവരും ചേർന്ന് പറഞ്ഞതെല്ലാം സദസ്സ് ശ്രദ്ധയോടെ കേട്ടിരുന്നു. ഇടക്ക് വലിയ പ്രാധാന്യം കൊടുത്ത് പറഞ്ഞ ഒരു കാര്യം ഇതാണ്: 'പറഞ്ഞുറപ്പിച്ച ശേഷമായിരുന്നു എല്ലാ വിവാഹങ്ങളും.' വിവാഹാവസരങ്ങളിൽ സ്ത്രീധന സംബന്ധമായി മാത്രം കേട്ടിട്ടുള്ള ഈ വാക്കിന് ആഴമേറിയ മറ്റൊരു അർത്ഥമുണ്ടെന്നത് അന്നു ലഭിച്ച വലിയ തിരിച്ചറിവായിരുന്നു. പറഞ്ഞുറപ്പിച്ച കാറും പൊന്നും!

ഉദ്യോഗം നേടി പത്ത് പുത്തൻ സമ്പാദിച്ച് ഒരു കുടുംബം പോറ്റാനുള്ള ത്രാണിയായശേഷം കടിഞ്ഞൂൽ പുത്രന് വിവാഹം ആലോചിക്കാനാരംഭിച്ചു. വന്നതിൽ ഒരു ബന്ധം രണ്ട് കൂട്ടർക്കും ഇഷ്ടമായി, കുടുംബങ്ങൾ തമ്മിൽ ഒത്തുപോകും എന്ന് ഉറപ്പായതോടെ പെൺവീട്ടുകാരെയും പെൺകുട്ടിയെയുംകുറിച്ച് മക്കളെല്ലാവരെയും – ഏറ്റവും ഇളയ പെൺകൊച്ചിനന്ന് പത്തു വയസ്സ് – വിളിച്ചിരുത്തി സംസാരിച്ചത്രെ.

ഒപ്പം കല്യാണചെറുക്കന് അപ്പന്റെയും അമ്മയുടെയും വകയായി നൽകാൻ ഉദ്ദേശിച്ചിരിക്കുന്ന വസ്തുവിനെകുറിച്ചും വിശദമായി പറഞ്ഞു. ഈ വസ്തു ഉപയോഗപ്പെടുത്തി പുതിയ ഒരു വീട് കെട്ടുകയോ വാങ്ങുകയോ ചെയ്ത് സ്വന്തം കുടുംബം ഉണ്ടാക്കണമെന്ന നിർദ്ദേശവും വച്ചു. മക്കളിൽ എല്ലാവരുടെയും അഭിപ്രായം കേട്ടശേഷം അതൊരു തീരുമാനമാക്കി. കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ചെടുത്ത ഈ തീരുമാനം ചെറുക്കനും ചാച്ചനും ചാച്ചമ്മയും ചേർന്ന് പെൺകുട്ടിയുടെ വീട്ടിൽ പോയി മാതാപിതാക്കളെയും പെൺകുട്ടിയെയും ഒരുമിച്ചിരുത്തി സംസാരിച്ചു. നാട്ടുനടപ്പിന് വിപരീതമായി ചെറുക്കന്റെ ജോലി, ശമ്പളം, കുടുംബസ്വത്തിലുള്ള അവകാശം എന്നീ കാര്യങ്ങൾ വിശദമായി പറഞ്ഞുറപ്പിച്ചത് പെൺവീട്ടുകാർക്ക് വലിയ അതിശയമായിരുന്നു.

പിന്നീട് സംഭവിക്കാമായിരുന്ന പല പ്രശ്നങ്ങളെയും മുൻകൂട്ടി തടയാനാകുന്ന ഈ ശീലം, ഈയിടെ നടന്ന ചെറുമകന്റെ വിവാഹത്തിനുവരെ തുടർന്നു. തീർന്നില്ല, ഉദ്യോഗസ്ഥരോ ഉദ്യോഗം ലഭിക്കാനുള്ള യോഗ്യത ഉള്ളവരോ ആയശേഷം മാത്രമാണ് പെൺമക്കളുടെ വിവാഹവും നടത്തിയത്. അപ്പന്റെ സ്വത്തിലുള്ള ഓഹരി എത്രയെന്ന് ഇപ്രകാരം തന്നെ നിശ്ചയിച്ച്, ചെറുക്കനും പെണ്ണും മാതാപിതക്കളും ഒരുമിച്ചിരുന്ന് സംസാരിച്ചു. അത് ഭാവിയിൽ അവരുടെ



ജീവിതത്തിന് ഉതകുംവിധം രേഖയാക്കി നൽകുകയും ചെയ്തു.

അന്നുകേട്ട ഒരുക്കങ്ങളെ കുറിച്ച് ഓർമ്മയിലുള്ളതെല്ലാം ഇത്രയും വിശദമായി പറഞ്ഞത് വിവാഹത്തിൽ ചടങ്ങുകൾക്കും ആഘോഷത്തിനുമപ്പുറമുള്ള ജാഗ്രതയെയും സുതാര്യതയെയും കുറിച്ച് ഓർമിപ്പിക്കാനാണ്. ഉത്രയെന്ന പെൺകുട്ടി കൊല്ലപ്പെട്ടതു മുതൽ കേരളം സ്ത്രീധനത്തെകുറിച്ചുള്ള പ്രത്യേക ചർച്ചയിലാണ്. അന്നു മുതൽ സൂപ്പറായി ഡിസൈൻ ചെയ്ത സ്ത്രീധന വിരുദ്ധ ഹാഷ് ടാഗുകൾകൊണ്ട് സോഷ്യൽ മീഡിയ മുഴുവൻ നിറഞ്ഞിട്ടും പിന്നീടുനടന്ന വിവാഹങ്ങളിൽ പലതും വീണ്ടും വിവാഹമോചനങ്ങളും കൊലപാതകങ്ങളും ആത്മഹത്യകളുമായി. ഇതുവരെ ഉണ്ടായിരുന്ന അനുപാതത്തെക്കാൾ കൂടുതലാണ് ഇവയുടെ എണ്ണമെന്നത് പേടിപ്പെടുത്തുന്നു. പ്രണയത്തോടെ സ്വയം തിരഞ്ഞെടുത്തവയിലല്ല, വീട്ടുകാർ അന്വേഷിച്ച് എല്ലാ ചടങ്ങുകളും പൂർത്തിയാക്കി സാമ്പത്തിക പിന്തുണയും നൽകിയ വിവാഹങ്ങളാണ് തുടക്കത്തിലേ ഇടറി പിരിയുന്നതിൽ അധികവും. പൊരുത്തപ്പെടാനാവാതെ, നിസ്സാര കാരണങ്ങളിൽ തട്ടി നമ്മുടെ കുട്ടികൾ ഇഴപിരിഞ്ഞ് വേർപെടുന്നത് എന്തുകൊണ്ടാവും?

ജീവിതത്തിനും കൊറോണ എന്ന മാരക വൈറസ് ബാധമൂലമുള്ള മരണത്തിനു ഇടയിലെ ചെറിയ നൂൽപ്പാലത്തിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിലെങ്കിലും വിവാഹം ഒരാഘോഷം മാത്രമല്ല എന്ന് തിരിച്ചറിയപ്പെടേണ്ടതുണ്ട്. ചടങ്ങുകളും ആരവങ്ങളും ആളും ആൾക്കൂട്ടവും നിർബന്ധമായി വിലക്കപ്പെട്ടു കഴിഞ്ഞു. സഞ്ചാരസ്വാതന്ത്ര്യവും സ്വസ്ഥമായ ജീവിതസാഹചര്യങ്ങളും ആരോഗ്യവും തൊഴിലിടങ്ങളും ഉറ്റവരിൽ പലരും നഷ്ടപ്പെട്ട പച്ചജീവിതം മാത്രമാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്. യഥാർത്ഥത്തിൽ ഒരുമിച്ചിരിക്കേണ്ടതും ഒരുമിച്ചായിരിക്കേണ്ടതും വിവാഹിതരാകുന്ന രണ്ടേ രണ്ട് വ്യക്തികളും രണ്ടേ രണ്ട് കുടുംബങ്ങളും മാത്രമാണ് എന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു.

വിവാഹ മാമാങ്കങ്ങളിൽ എന്തൊക്കെ ആചാരങ്ങളായിരുന്നു നിലനിന്നിരുന്നത്. പെൺ–ആൺ വീട് കാണലുകൾ, ഒത്തുകല്യാണം, മനഃസമ്മതം, തലേരാത്രിയിലെ വിരുന്ന്, റിസപ്ഷൻ, കൂട്ടിക്കൊണ്ടുപോക്ക്, വരവ്, കൂടാതെ ബ്രൈഡൽ ഷവർ, സേവ് ദ് ഡേറ്റ്, പ്രീ വെഡ് ഷൂട്ട്, ഹൽദി, ചടങ്ങുകളിലെ ഡ്രസ്സ് കോഡ്, ഭക്ഷണമേള, ഡാൻസും പാട്ടും ഇങ്ങനെ നീളുന്നു ആചാരാനുഷ്ഠാനങ്ങൾ. ഒരു ശരാശരി കുടുംബത്തിന്റെ സാമ്പത്തികനട്ടെല്ല് തകർത്തു മുന്നേറുകയായിരുന്നല്ലോ വിവാഹങ്ങൾ? സ്ത്രീധനം മാത്രമല്ല, ഈ അനാവശ്യ ആർഭാടങ്ങളും വലിയ വിപത്ത് തന്നെയാണ്. വധൂവരന്മാർക്ക് തമ്മിലും കുടുംബങ്ങൾക്കിടയിലും അടുപ്പവും പരസ്പരമുള്ള അറിവും ഉണ്ടാവാൻ ആരംഭിച്ച ലളിതമായ ചടങ്ങുകളാണ് വൻ സാമ്പത്തികബാധ്യത സമ്മാനിച്ച് പല കുടുംബങ്ങളെയും തുടക്കം മുതൽതന്നെ വലിയ പ്രശ്നങ്ങളിലേക്ക് തള്ളിവിടുന്നത്.

പറഞ്ഞുറപ്പിക്കുന്ന പൊന്നും പ്രൗഢിയുമല്ല വിവാഹം; അതിനൊരു അന്തസത്തയുണ്ട്. ആർഭാടങ്ങളുടെയും കച്ചവടക്കരാറുകളുടെയും ഇടയിൽ ഇന്ന് കേരളത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്നതും അതുതന്നെ. പൊടിപ്പും തൊങ്ങലിലും അഭിരമിക്കുന്ന മലയാളിമനസ്സിന് അടിയന്തരമായി വേണ്ടത് ജീവിതത്തിന്റെ പൊരുളിനെക്കുറിച്ചുള്ള വിശകലനങ്ങളാണ്. ഒരു പുരുഷനും സ്ത്രീയും ഹൃദയബന്ധങ്ങളിൽ പണിതുയർത്തേണ്ട വിവാഹ–കുടുംബജീവിതം, ആർഭാടങ്ങളെക്കാൾ ആന്തരികതയുടേതാണെന്ന തിരിച്ചറിവാകട്ടെ ഇനി നമ്മുടെ പുരോ–ഗമനം. ■

# ഭൂമിയിലെ പനിനീർ സുമങ്ങൾ

സ്ത്രീ! അവളെ ആദരിക്കുക. സ്വർഗത്തിലെ പനിനീർപ്പൂക്കൾ ഭൗതിക ജീവിതത്തിൽ തുന്നിപ്പിടിപ്പിക്കുന്നതവളാണെന്ന് ഷില്ലർ പറഞ്ഞത് വർത്തമാനകാലത്തിൽ ചവിട്ടിയരയ്ക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുരുഷാധിപത്യത്തിന്റെ തെറ്റായ വികസനശൈലി പ്രകൃതിക്കും സ്ത്രീക്കുമെതിരെ അക്രമണവും അന്യവൽക്കരണവും കീഴടക്കലും നടത്തുമ്പോൾ സ്ത്രീകൾ സമൂഹത്തിലും കുടുംബത്തിലും തൊഴിലിടങ്ങളിലും നേരിടുന്ന ദൈന്യത്തിന്റെ നെല്ലും പതിരും തിരയുകയാണ് സമൂഹത്തിലെ വിവിധ മേഖലകളിൽപ്പെട്ടവർ. പ്രതിബദ്ധതയുടെയും പ്രതികരണത്തിന്റെയും ധ്വനികൾ!



രേഖ ആർ താങ്കൾ
*അധ്യാപിക,*
*DBHSS, തകഴി*

## ഗാർഹികപീഡനം കുറ്റക്കാർ ആരാണ്?

ആണധികാരത്തിന്റെ മേൽക്കോയ്മയിൽ ഊട്ടിവളർത്തപ്പെടുന്ന കുടുംബം എന്ന സാമൂഹിക സ്ഥാപനത്തിൽ പെണ്ണ് എത്രത്തോളം അടിമയാണെന്നറിയാൻ ഗവേഷണം നടത്തുകയൊന്നും വേണ്ട. അവരവരുടെ ഇടങ്ങളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ മാത്രം മതി. സാമ്പത്തികമായി ഉന്നത മധ്യവർഗ്ഗ കുടുംബങ്ങളിലാണ് സ്ത്രീധന സംബന്ധമായ പ്രശ്നങ്ങൾ ഏറെ അനുഭവിക്കുന്നത്. ദുരഭിമാനത്തിന്റെ കരിമ്പടം പുതച്ച അത്തരം കുടുംബങ്ങളിൽ അമ്മയും പെൺമക്കളും തിരുവായ്ക്ക് എതിർവാ ഇല്ലാത്ത അടിമകളാണിപ്പോഴും. പണസമ്പാദനവും പദവിയും പത്രാസുമാണ് അവരുടെ ആത്യന്തികമായ ലക്ഷ്യം. അങ്ങനെയുള്ള വീട്ടകങ്ങളിൽ വളർന്നുവരുന്ന കുട്ടികൾ പ്രതികരണശേഷിയില്ലാത്തവരാകുന്നു.

ആൺപെൺ അസമത്വം ഒരാളിൽ രൂപം കൊള്ളുന്നത് സ്വന്തം വീട്ടിൽത്തന്നെയുള്ള

ബാല്യകാലാനുഭവങ്ങളിൽ നിന്നാണ്. അമ്മ നയിക്കുന്ന വിധേയത്വത്തിന്റെ ഭാരം തൂങ്ങുന്ന സമർപ്പിതജീവിതം പെണ്ണിലേക്ക് സംക്രമിക്കുമ്പോൾ അച്ഛന്റെ ഇടപെടലുകളിൽ നിന്നും അതിനെ പിന്താങ്ങുന്ന വിധത്തിലുള്ള അമ്മയുടെയോ മറ്റു സ്ത്രീകളുടെയോ ഭാഷയിലോ പ്രവർത്തിയിലോ നിന്നും ആൺകുട്ടിയിൽ ആണധികാരത്തിന്റെ കൊമ്പ് മുളച്ചുവരികയും ചെയ്യുന്നു.

ജനനം മുതൽ പകർന്നു കിട്ടുന്ന അരുതായ്മകളുടെ കഥകൾ സ്ത്രീയെ ഒതുങ്ങാനും ചുരുങ്ങാനും പഠിപ്പിക്കുന്നു. താനനുഭവിക്കുന്നത് അടിമത്തമാണെന്ന് സ്വന്തം വീട്ടിൽ തിരിച്ചറിയാത്തവൾക്ക് ഭർത്തൃഗൃഹം പട്ടുമെത്ത വിരിയ്ക്കാൻ യാതൊരു സാധ്യതയുമില്ല. എന്തോ വലിയ മഹാകാര്യം അച്ഛനമ്മമാർ സാധിച്ചു കൊടുത്ത മട്ടിലാണല്ലോ ഇത്തരം വീടുകളിൽ പെൺമക്കളെ വിവാഹം കഴിച്ചയക്കുന്നത്. എല്ലാം തനിക്കു തന്നുവിട്ടിട്ട് വീണ്ടും വീട്ടിലേക്കുള്ള മടക്കം ആത്മഹത്യയ്ക്കു തുല്യമായാണ് പെൺകുട്ടി കാണുന്നത്. അതിനാൽ അവൾ സഹിക്കാൻ കഴിയുന്നതിലും അപ്പുറം സഹിക്കുന്നു. ആർക്കോവേണ്ടി ജീവിക്കേണ്ടിവരുന്നു. നഷ്ടമാകുന്നത് തനിക്കുമാത്രമാണെന്ന് അവൾ തിരിച്ചറിയുന്നില്ല. സഹജമായ വിധേയത്വത്തിന്റെ പരമകാഷ്ഠയിൽ അവൾ കത്തിയെരിയുകയോ പൊട്ടിത്തെറിക്കുകയോ കെട്ടിത്തൂങ്ങുകയോ ചെയ്തെന്നുവരാം.

ഭർത്താവിന്റെ വീട്ടിൽ ഭർത്താവും അച്ഛനും കെട്ടിയാടുന്ന കത്തിവേഷത്തെക്കാൾ ഭീകരമാണ് അമ്മയുടേതെന്ന് നമുക്കറിയാം. നൂറ്റാണ്ടുകളുടെ ഇരുട്ട് കട്ട പിടിച്ചുകിടക്കുന്ന അത്തരം സ്ത്രീ മനസ്സുകൾ വളരെ പൈശാചികമാണ്. അവരിപ്പോഴും വെളിച്ചം കയറാത്ത ഇരുട്ടുമുറിയിലെ പുൽപ്പായയിൽ സ്വന്തം മനസ്സിനെ അടക്കിക്കിടത്തിയിട്ടാണ് ശീതീകരിച്ച മുറിയിൽ സുഖിച്ചു കഴിയുന്നത്. ഇവിടെ വേട്ടക്കാരും ഇരകളും എല്ലാം ചില പിന്തുടർച്ചകളുടെ ഉപകരണങ്ങളാണ്.

സ്ത്രീധന നിരോധനനിയമവും ഗാർഹിക പീഡനനിരോധനനിയമവുമൊക്കെ പണ്ടേക്കുപണ്ടേ പ്രാബല്യത്തിൽ വന്ന നാടാണ് നമ്മുടേത്. എന്നിട്ടും പെൺകുഞ്ഞുങ്ങൾ ആത്മഹത്യയ്ക്കും കൊലപാതകത്തിനും ഇരയാകുന്നത് ഒരു സാമൂഹികപ്രശ്നമാണ്. തിരിച്ചറിയാനും പരിഹരിക്കാനുമുള്ള ചുമതല സമൂഹത്തിനാണ്. എല്ലാത്തരം യാഥാസ്ഥിതികത്വങ്ങളുടെയും ഇരിപ്പിടങ്ങളായ വീടുകൾ പൊളിച്ചു പണിയണം. സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും മഹത്ത്വത്തിൽ മയക്കിക്കിടത്തിയ കാലമൊക്കെ കഴിഞ്ഞുപോയി. അവളും മനുഷ്യനാണെന്നും തുല്യനീതിബോധത്തിന് അവകാശിയാണെന്നും ഒരുതരത്തിലും ആരും ആരെക്കാളും ഒട്ടും മുന്നിലോ പിന്നിലോ അല്ലെന്നും തിരിച്ചറിയാനാവണം.

ഏതുതരത്തിലുള്ള പരിശീലനമാണ് ആൺപെൺ വ്യത്യാസമില്ലാതെ ലഭിക്കുന്നതെന്ന് ഓരോരുത്തരും ഒന്ന് ചിന്തിച്ചാൽ മാത്രം മതി. ഇത് വിവാഹത്തോടനുബന്ധിച്ച് കുത്തിവയ്ക്കേണ്ട ഒരു പ്രതിരോധമരുന്നല്ല. പെൺകുട്ടികൾക്ക് മാത്രം നൽകേണ്ടതുമല്ല. അച്ഛനും അമ്മയും മക്കളും പരസ്പരം ബഹുമാനിക്കുന്ന, വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കാത്ത, മതാത്മകവും പണാത്മകവുമല്ലാത്ത അകത്തളങ്ങൾ നമുക്കുണ്ടാവണം. അധികാര ബലാബലങ്ങളുടെ അസ്ഥിവാരത്തിലല്ല നമ്മുടെ കുടുംബവ്യവസ്ഥ നിലനിൽക്കേണ്ടത്. സർഗ്ഗാത്മകതയും വ്യക്തിസ്വാതന്ത്ര്യവും അവിടെ സ്ത്രീപുരുഷഭേദമന്യേ മാനിക്കപ്പെടണം. അങ്ങനെയുള്ള വീടുകളിൽ വളരുന്ന കുഞ്ഞുങ്ങൾ ആരെയും അടിമയാക്കുകയോ ആർക്കും അടിമയാവുകയോ ചെയ്യില്ല. പണം കായ്ക്കുന്ന മരമായി പങ്കാളിയെ കാണാൻ അവർക്കാവില്ല. പങ്കാളി ആയിരിക്കുമ്പോഴും

അപര വ്യക്തിത്വത്തെ മാനിക്കാൻ അവർക്കാവും.

നല്ല വിദ്യാഭ്യാസം നൽകാനും സാമ്പത്തിക സ്വാശ്രയത്വം നേടാൻ പര്യാപ്തമായ ഒരു തൊഴിൽ നേടാനുമാണ് പെൺകുട്ടികളെ പ്രാപ്തരാക്കേണ്ടത്.അതാണ് തങ്ങളുടെ ഉത്തരവാദിത്തമെന്ന് രക്ഷാകർത്താക്കൾ തിരിച്ചറിയണം. രണ്ടു മനസ്സുകളും രണ്ടു ശരീരങ്ങളും സന്നദ്ധരാകുമ്പോൾ മാത്രം നടക്കേണ്ട കർമ്മമാണ് വിവാഹമെന്നും അതില്ലെങ്കിലും രണ്ടാൾക്കും ഒരു കുഴപ്പവുമില്ലാതെ ഒറ്റയ്ക്ക് ജീവിക്കാമെന്നും നമ്മൾ മനസ്സിലാക്കണം.

സാധാരണഗതിയിൽ 18 വയസ്സുകഴിഞ്ഞാൽ ഏതാണ്ട് അഞ്ചുവർഷംകൂടി വിദ്യാഭ്യാസകാലത്തിന്റെ മനോഹാരിതകൾ ആസ്വദിച്ച് ജീവിക്കാനാവും.അതിനിടയ്ക്ക് അവളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ചുള്ള ഒരു തൊഴിൽ കണ്ടെത്താൻ അവൾക്കാവും.സാമ്പത്തിക സ്വാശ്രയത്വം നേടുന്നതോടുകൂടി അവളിലെ പരാധീനമനോഭാവം മാറുകയും അന്തസ്സോടെ ഒരു പങ്കാളിയോടൊപ്പം ജീവിക്കാനാവുകയും ചെയ്യും.ഇതിനൊന്നും അനുവദിക്കാതെ 18 വയസ്സ് കഴിയുമ്പോഴേ ജോലിയൊതുക്കി പാവം പെൺകുഞ്ഞുങ്ങളെ 20 വയസ്സാകുമ്പോഴേക്കും മാതാവും വീട്ടമ്മമാരുമാക്കി ദ്രോഹിക്കുന്ന രക്ഷാകർത്താക്കൾ തന്നെയല്ലേ ആദ്യത്തെ കുറ്റവാളികൾ.

സ്ത്രീധനമോ അവകാശമായി എന്തെങ്കിലുമോ ലഭിക്കുമെന്ന പ്രതീക്ഷയിൽ അടുത്തുകൂടുന്ന വിവാഹാലോചനകൾ ഒഴിവാക്കാൻ പെൺകുട്ടികളുടെ രക്ഷിതാക്കൾക്ക് കഴിയണം. അച്ഛനമ്മമാരുടെ സ്വത്തിൽ മക്കൾക്കാണ് അവകാശമെങ്കിലും അത് വിവാഹം കഴിക്കാൻ വരുന്നവരെ ബോധ്യപ്പെടുത്തേണ്ടതില്ല. വിവാഹം കഴിഞ്ഞാൽ പങ്കാളിയുടെ വീട്ടിൽത്തന്നെ താമസിച്ചുകൊള്ളാമെന്ന ധാരണയും ഇന്നത്തെക്കാലത്ത് ആവശ്യമില്ലാത്തതാണ്. അവിടെ തുടരാൻ താല്പര്യമില്ലെങ്കിൽ ജനിച്ചുവളർന്ന വീട്ടിലേക്കോ അല്ലെങ്കിൽ അവരവർക്ക് താല്പര്യമുള്ള ഇടത്തേക്കോ മാറാനുള്ള സ്വാതന്ത്ര്യം പെൺകുട്ടികൾക്കുണ്ടാവണം.

'വിവാഹം കഴിച്ചയക്കുക' എന്ന രീതി തന്നെ നമ്മുടെയിടയിൽ മാറേണ്ടിയിരിക്കുന്നു. പ്രതികരണശേഷിയുള്ളവരായി, അഭിപ്രായസ്വാതന്ത്ര്യമുള്ളവരായി പെൺമക്കളെ വളർത്താൻ കഴിഞ്ഞാൽ അവരെ കൊലയ്ക്ക് കൊടുക്കേണ്ടിവരില്ല. വിവാഹമല്ല ജീവിതത്തിന്റെ അവസാനമെന്ന് ആൺപെൺവ്യത്യാസമില്ലാതെ തിരിച്ചറിയാനാവണം. ഒറ്റയ്ക്കായാലും ഒന്നിച്ചായാലും ജീവിതം ജീവിച്ചുമുന്നേറാനുള്ളതാണെന്ന ആത്മവിശ്വാസം വിദ്യാഭ്യാസത്തിലൂടെ പകർന്നുകൊടുക്കാൻ രക്ഷിതാക്കൾക്കും അധ്യാപകർക്കും കഴിഞ്ഞാൽ വരുംനാളുകളിലെങ്കിലും ഇതിന് മാറ്റമുണ്ടാവും. ■

# ആശയവിനിമയം അതിപ്രധാനം



**ജോഷി ജോർജ്**
*മൈൻഡ് പവർ ട്രെയിനർ*

വ്യത്യസ്ത വ്യക്തിത്വങ്ങൾ വ്യത്യസ്തമായ ചുറ്റുപാടുകളിൽ വളർന്ന്, ഒത്തുചേരുമ്പോൾ അതൊരു വിവാഹമായി. ഇങ്ങനെ വിവാഹിതരാകുന്നവർ പരസ്പരം സ്നേഹിച്ചും സഹകരിച്ചും സന്തോഷത്തോടെ ദാമ്പത്യജീവിതം ന

യിച്ചാൽ അവിടം സ്വർഗമാകും. എന്നാൽ യുവതി യുവാക്കളും അവരുടെ മാതാപിതാക്കളും പലപ്പോഴും സ്വർഗം സൃഷ്ടിക്കുന്നതിനുപകരം അറിഞ്ഞോ അറിയാതെയോ നരകം പണിയുന്നവരായിപ്പോകാറുണ്ട്..!

വിവാഹത്തിനുശേഷം വധുവിന്റെ ആത്മാഭിമാനവും അന്തസ്സും നിശബ്ദമാക്കപ്പെടുന്നൊരു അവസ്ഥ ഉണ്ടാകാറുണ്ട്. പെൺകുട്ടികൾ കൊല്ലപ്പെടുമ്പോൾ മാത്രം സമൂഹം ഉണരുന്നതും പ്രതികരിക്കുന്നതും നിരർത്ഥകമാണെന്ന് ആർക്കാണ് അറിയാത്തത്?

ഭർത്താവിന്റെ വീട്ടിൽ തന്റെ വിഷമങ്ങളും പ്രയാസങ്ങളും തുറന്നു പറയാനോ, അഥവാ പറഞ്ഞാൽ കേൾക്കാനുള്ള സന്മനസ്സോ, ഭർത്താവിന്റെ ഭാഗത്തുനിന്ന് ഉണ്ടായെന്നും വരില്ല. അങ്ങനെ വരുമ്പോൾ ചിലരെങ്കിലും നവമാധ്യമങ്ങളായ ടിറ്ററിലും വാട്ട്സാപ്പിലും ഫെയ്സ് ബുക്കിലും ക്ലബ്ഹൗസിലും മറ്റും ശരണപ്പെടാറുണ്ട്. ഇത് പലപ്പോഴും വഴിവിട്ട ബന്ധങ്ങളിൽ ചെന്നു ചാടുന്നതിന് ഇടയാകും. പല ചാറ്റിങ്ങുകളും ഒടുവിൽ ചീറ്റിങ്ങാകുന്നതും നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്നുണ്ട്. അതുമല്ലെങ്കിൽ ഇതുവഴി ഏറെ സമയനഷ്ടം സംഭവിക്കുന്നു എന്നതിനപ്പുറം അലസതയെ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. ഇതൊന്നും വേണ്ടെന്നല്ല പറയുന്നത്; എല്ലാത്തിനും പരിമിതികൾ വേണം. ഒന്നും പരിധികടക്കരുത്.

സ്ത്രീധനപീഡനംമൂലം യുവതികൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടുകയാണല്ലൊ ഇപ്പോൾ. സ്ത്രീധന പീഡനവും അതിനെ തുടർന്നുള്ള മരണങ്ങളും നമ്മുടെ നാട്ടിൽ പുതിയ സംഭവങ്ങളല്ല. ഗാർഹിക പീഡനംമൂലം ഭാര്യ ആത്മഹത്യ ചെയ്യുന്നതും ഭർത്താവ് കൊലപ്പെടുത്തുന്നതും ഇന്ന് സാധാരണമായിരിക്കുന്നു!

ജീവിതകാലം മുഴുവൻ ഭർതൃവീട്ടിലെ തടവറക്കുള്ളിൽ എരിഞ്ഞടങ്ങുന്ന ജീവിതങ്ങളുമുണ്ടിവിടെ. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ മാത്രമാണ് പുറംലോകം ഇതൊക്കെ അറിയുന്നത്. അപ്പോഴേക്കും എല്ലാം കഴിഞ്ഞിരിക്കും. ദാമ്പത്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം പരസ്പരമുള്ള ആശയവിനിമയക്കുറവാണ്. മനുഷ്യബന്ധങ്ങളിൽ സൗഹൃദമോ ശത്രുതയോ ഉണ്ടാകുന്നതും വളരുന്നതും തളരുന്നതും അന്യോന്യമുള്ള ആശയവിനിമയത്തിലൂടെയാകുന്നു. ആശയവിനിമയം പൂർണമാകുന്നത് പറയുന്ന ആളിന്റെ സന്ദേശം കേൾക്കുന്ന ആൾ യഥാവിധി മനസ്സിലാക്കി തദനുസരണം പ്രതികരിക്കുമ്പോഴാണല്ലോ!

ഏതൊരു സ്ത്രീയും ദിവസത്തിന്റെ അവസാനം അവളുടെ ആവലാതി ഭർത്താവിനോട് പങ്കിടണമെന്നും അതിന് ഭർത്താവ് ചെവിതരണമെന്നും ആഗ്രഹിക്കുന്നവളാണ്. പുരുഷൻ അത് ശ്രദ്ധയോടെ കേൾക്കുക മാത്രം ചെയ്താൽ മതി. പരിഹാരനിർദ്ദേശങ്ങൾ അവൾ ആഗ്രഹിക്കുന്നില്ല. പുരുഷന്മാരിൽ പലർക്കും ഇതറിയില്ല. വെറുതെ കേൾക്കുക മാത്രം ചെയ്താൽ മതിയോ എന്ന സംശയമായിരിക്കും പലർക്കും. ഒരു സ്ത്രീക്ക് അവളുടെ പുരുഷനോട് സംസാരിച്ചുകഴിയുമ്പോൾ ആശ്വാസം കിട്ടിയതായി തോന്നും. അതോടെ അവൾ സന്തോഷവതിയാകും.

ഒരു സ്ത്രീക്കുവേണ്ടത് പുരുഷന്റെ കരുതലും ശ്രദ്ധയുമാണ്. പുരുഷനുവേണ്ടത് വിശ്വാസവും. ഇണയുടെ വികാരങ്ങൾ മനസിലാക്കാനും അവളുടെ സുഖത്തിലും സന്തോഷത്തിലും ആത്മാർത്ഥമായി താത്പര്യം കാണിക്കുന്നവനാണ് താനെന്ന തോന്നൽ സ്ത്രീയിലുണ്ടാക്കാൻ പുരുഷന് കഴിഞ്ഞാൽ അതുമാത്രം മതി അവൾക്ക് സംതൃപ്തിയും സമാധാനവും നൽകാൻ. അങ്ങിനെയുള്ള ഒരു സ്ത്രീയും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകപോലുമില്ല. സ്ത്രീയാണ് ധനം. ആ ധനത്തെ കൈകാര്യം ചെയ്യാൻ പുരുഷൻ അറിയുക എന്നതാണ് പരമപ്രധാനം! ■

# വരണമാല്യം മരണമാല്യമാക്കപ്പെടുമ്പോൾ



എലിസബത്ത് ബാബു മന്ത്രയിൽ
*സാമൂഹികപ്രവർത്തക, കോട്ടയം*

'സ്ത്രീധനം' നിയമം മൂലം നിരോധിച്ചിട്ട് ആറുപതിറ്റാണ്ട് കഴിഞ്ഞുവെങ്കിലും ഇന്നും പലരൂപത്തിലും പേരിലും സ്ത്രീധനം കൊടുക്കുകയും വാങ്ങുകയും അതിന്റെപേരിൽ അതിക്രമങ്ങൾ വർധിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. സ്ത്രീധന നിരോധനം ഉണ്ടെങ്കിലും പ്രായോഗിക ജീവിതത്തിൽ പലപ്പോഴും സ്ത്രീകൾ കമ്പോളത്തിലെ വില്പനച്ചരക്ക്തന്നെയാണ്. സ്ത്രീധന നിരോധന നിയമത്തിൽ യുക്തമായ ഭേദഗതിവരുത്തി സ്ത്രീയുടെ അവകാശങ്ങളെ, ജീവനെ രക്ഷിക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട ആചാരങ്ങൾ പലതും സ്ത്രീവിരുദ്ധമാണ് എന്നതാണ് സത്യം.

പെൺകുട്ടികൾ വിവാഹക്കമ്പോളത്തിലെ ഒരു 'ചരക്കു' അല്ലെന്ന ബോധം സമൂഹത്തിൽ വേരൂന്നേണ്ടതായിട്ടുണ്ട്. ഇതിനെ സാമൂഹിക വിപത്തായിക്കണ്ട് പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്ത്രീധന കൊലപാതകങ്ങളും ആത്മഹത്യകളും മനഃസാക്ഷിയുള്ള ഓരോ മനസ്സിലും നീറുന്ന മുറിവുകളാണ്. ലാളിച്ചും സ്നേഹിച്ചും നാം വളർത്തുന്ന പെൺമക്കൾ ആത്മഹത്യകളിലേക്കും കൊലപാതകങ്ങളിലേക്കും ചെന്നെത്തുന്നതെന്തുകൊണ്ട് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ജീവിതകാലത്തെ സമ്പാദ്യമെല്ലാം സ്ത്രീധനമായി നൽകി പെൺകുട്ടികളുടെ സുരക്ഷിതമായ ജീവിതം സ്വപ്നംകണ്ട് വിവാഹക്കമ്പോളത്തിലേക്ക് പെൺമക്കളെ ഇറക്കുന്ന ഓരോരോ മാതാപിതാക്കൾക്കും ഒരു മുന്നറിയിപ്പാണ് 'വിസ്മയ' വരെ എത്തിനിൽക്കുന്ന ദാരുണ സംഭവങ്ങൾ. എത്ര കിട്ടിയാലും തൃപ്തിയാകാത്തവർക്ക് വിലപേശി കച്ചവടം ഉറപ്പിക്കുന്നതുപോലെ പെൺമക്കളെ വിൽക്കാതിരിക്കാൻ നാം തന്നെ ഉറച്ച തീരുമാനമെടുക്കണം. വരന്റെ പദവിക്കനുസരിച്ച് സ്ത്രീധനം കൊടുക്കാൻ തയ്യാറാവാതെ സ്വഭാവഗുണങ്ങൾ കണക്കിലെടുത്ത് വരനെ തിരഞ്ഞെടുക്കുന്നതല്ലേ അഭികാമ്യം? കുടുംബമഹിമയുള്ള സ്വഭാവശുദ്ധിയില്ലാത്ത ഒരുവനെക്കാൾ മെച്ചമല്ലേ കുടിലിൽ ജനിച്ച ഒരു കഠിനാധ്വാനി? മറ്റുള്ളവരുടെ തെറ്റുകൾക്കു മുൻപിൽ സ്വന്തം ശരിയുടെ മുനകൾ ഒടിയുമ്പോൾ സ്നേഹത്തിന്റെ തലോടലിൽ സ്വന്തം മാതാപിതാക്കളുടെ അടുത്തേക്ക് തിരിച്ചുവരാനുള്ള മനസ്സാണ് മക്കൾക്ക് കൊടുക്കാൻ പറ്റുന്ന ഏറ്റവും നല്ല സ്ത്രീധനം.

വിവാഹത്തിനു മുൻപോ, വിവാഹം ഉറപ്പിക്കുന്ന സമയത്തോ വരന്റെ വീട്ടുകാർ വധുവിന്റെ രക്ഷിതാവിനോട് വിവാഹത്തിന്റെ നിബന്ധനയായി വയ്ക്കുന്ന പണം, സ്വർണം, ജോലി, വാഹനം, ഭൂമി ഇതെല്ലാം സ്ത്രീധനത്തിൽപ്പെട്ടതാണ്. മൂത്ത മകന് കിട്ടിയതും തങ്ങളുടെ മകൾക്കു കൊടുത്തയച്ചതും സൂചനകളായി വളച്ചുകെട്ടി പെൺവീട്ടുകാരെ ബോധിപ്പിക്കുന്നത് ഇന്ന് പതിവുരീതിയാണ്. കടം വാങ്ങിയാൽ തിരികെ കൊടുക്കണം. ചോദിച്ചു വാങ്ങുന്ന സ്ത്രീധനം എന്ന ശപിക്കപ്പെട്ട ധനം ഒരു മോശപ്പെട്ട ഏർപ്പാടാണ്. അതുകൊണ്ടല്ലേ സ്ത്രീധനം വാങ്ങി കല്യാണം കഴിച്ചു എന്ന് ആരും തുറന്ന് സമ്മ

തിക്കാത്തത്. വിവാഹം ഒരു വ്യാപാരമല്ലെന്നും ജീവിതയാത്രയിൽ സുഖത്തിലും ദുഃഖത്തിലും തുണയായി കൂടെനിന്നുകൊള്ളാം എന്നുള്ളൊരു വാഗ്ദാനമാണെന്നും വിസ്മരിച്ചുകൂടാ. വിലപേശി കരാറുറപ്പിക്കാൻ വരുന്നവരെ ആട്ടിയകറ്റാനുള്ള ആർജവം പെൺകുട്ടികളുടെ മാതാപിതാക്കൾ കൈവരിക്കണം. വിസ്മയമാരും അർച്ചനമാരും ഇവിടെ കൊഴിഞ്ഞുവീഴാതിരിക്കട്ടെ.

അമ്മമാർക്കും അവരുടേതായ ചില ചുമതലകളുണ്ട്. സ്വന്തം മകനെ വ്യക്തിത്വത്തോടെ ജീവിക്കാൻ പഠിപ്പിക്കുന്നതിനോടൊപ്പം പെൺകുട്ടികൾക്കും അവരുടേതായ വ്യക്തിത്വമുണ്ടെന്നും അതൊരു മാർക്കറ്റ് വിലയിൽ വിലപേശി തളച്ചിടാനാവില്ലെന്നും ഉദ്ബോധിപ്പിക്കണം. സ്ത്രീധനം ചോദിക്കുന്ന, ചിന്തിക്കുന്ന, വാങ്ങുന്ന ഒരു വരനെ നമുക്ക് ആവശ്യമുണ്ടോയെന്ന് വധുവിന്റെ വീട്ടുകാർ ചിന്തിക്കുക. സ്ത്രീധനത്തോട് ഇനിയും വിട്ടുവീഴ്ചകൾ വേണ്ട. 'സ്വത്വ'ത്തെ കാർന്നുതിന്നുന്ന ഒരു ബന്ധവും തുടരേണ്ടതില്ലായെന്ന ഉൾക്കാഴ്ചയും തിരിച്ചറിവും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. മകൾക്കായി സ്വന്തം ജീവിതം പോലും പണയപ്പെടുത്തി വാങ്ങിക്കൊടുക്കുന്ന വരണമാല്യം അവൾക്ക് മരണമാല്യമാവാതിരിക്കാൻ ദൃഢനിശ്ചയത്തോടെ മുന്നേറണം. സ്ത്രീകൾക്കെതിരെയുള്ള അക്രമനിർമാർജനദിനവും സ്ത്രീധനവിരുദ്ധ ദിനവും ആചരിക്കുന്ന ഞാൻ ഉൾപ്പടെയുള്ള 'സമൂഹം' ഇത്തരം ദിനാചരണങ്ങളെ വെറും പ്രഹസനമാക്കി മാറ്റാതെ മാറ്റത്തിന്റെ മാറ്റൊലിക്കായ് ഉണർത്തെഴുന്നേൽക്കണം. ■

# പേരന്റിങ്
# പാഠം ഒന്ന്: സ്വത്വബോധം



പ്രൊഫ. ജെനി പീറ്റർ
*ചരിത്രവിഭാഗം, യൂണിയൻ ക്രിസ്ത്യൻ കോളജ്, ആലുവ*

'കെട്ടിച്ചുവിട്ടാൽ' കഴിയുന്നതല്ല രക്ഷകർതൃത്വം എന്നോർമ്മിപ്പിച്ച ഒരു ജൂൺ മാസമാണ് കടന്നുപോയത്. കുലമഹിമയും കുടുംബമഹിമയുമൊക്കെ നോക്കി ആഡംബരമായി കല്യാണം നടത്തി, നല്ല പ്രായത്തിൽ കെട്ടുപോയ മകളെക്കുറിച്ചോർത്തുകരയുന്ന അച്ഛനമ്മമാർ. അളവറ്റ സ്വർണാഭരണങ്ങളും കാറും പണമായും ആഭരണമായും ഗൃഹോപകരണങ്ങളായും വാരിക്കോരി കൊടുത്തിട്ടും ഉടലധികാരംപോലുമില്ലാത്ത പെൺകുട്ടികളുടെ ഈ അവസ്ഥയ്ക്കുകാരണം അവരുടെ മാതാപിതാക്കളല്ലേ? പേരന്റിങ്ങിലെ പരാധീനതകളെക്കുറിച്ചുള്ള എത്രയോ തുറന്ന സംവാദങ്ങൾ പൊതുസമൂഹത്തിൽ ആക്ടിവിസ്റ്റുകളും മാധ്യമങ്ങളും നടത്തിയിട്ടുണ്ട്. ഒരു പൊളിച്ചെഴുത്തിന് തയ്യാറാകേണ്ടത് മാതാപിതാക്കളാണ്. ലിംഗനീതി എന്നൊക്കെ കേൾക്കുമ്പോൾ ചാനൽമാറ്ററായി എന്നുകരുതുന്ന ഒരു പൊതുസമൂഹമാണ് കേരളത്തിൽ. സ്ത്രീധനം മുതൽ സ്ത്രീപീഡനംവരെ സീരിയലുകളിൽ കണ്ടാനന്ദിക്കുന്ന നമുക്ക് മറക്കാവുന്നതേയുള്ളൂ ഈ നേർക്കാഴ്ചകൾ.

നല്ല വിദ്യാഭ്യാസം നൽകുന്നത് സ്വയംപ്രാപ്തയാകാനാണ്. ജീവിതപ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുംമുന്നിൽ പതറി, ഉത്തരംമുട്ടി ആത്മഹത്യചെയ്യുകയെന്നത് ഒന്നിനും പരിഹാരമല്ലെന്ന് പെൺമക്കളെ പഠിപ്പിച്ചിട്ടില്ലാത്ത മാതാപിതാക്കൾ പുനർവിചിന്തനത്തിന് തയ്യാറാകണമെന്നാണ് വിസ്

മയ, അർച്ചന, സുചിത്രമാർ നമ്മെ ഓർമിപ്പിക്കുന്നത്.

വ്യവസ്ഥാപരമായ ഒരു മാറ്റമാണ് ഇന്ന് വേണ്ടത്. തുല്യവിദ്യാഭ്യാസമെന്ന രീതി കേരളത്തിൽ മിക്കവാറും നടപ്പിലായിട്ടുണ്ട്. പക്ഷെ, ആത്മവീര്യം തകർക്കുന്ന വാക്കുകൾകേട്ട് വിങ്ങിപ്പൊട്ടി ക്ലാസ്സിലിരിക്കുന്ന പെൺകുട്ടികളെ ഇപ്പോഴും കാണാൻ കഴിയും. ഒരു അധ്യാപകൻ തന്നോട് മോശമായി പെരുമാറി എന്നൊരു പെൺകുട്ടി വീട്ടിൽവന്ന് പറഞ്ഞാൽ, "അത് നിന്റെ തെറ്റായിരിക്കും" എന്നവളെ ബോധ്യപ്പെടുത്താനല്ല ശ്രമിക്കേണ്ടത്. അനീതിയോട് പ്രതികരിക്കണമെന്ന് കരുതുന്ന കുട്ടിയുടെ വീര്യം കെടുത്തി പിന്തിരിപ്പിക്കാൻ മുന്നിൽ നിൽക്കുന്നത് അച്ഛനാണ്. സ്വന്തം കുഞ്ഞിനു വേണ്ടി നിലകൊള്ളാനുള്ള ആർജവം പോലുമില്ലാത്ത എത്രയോ അമ്മമാർ. ഇവർ പേടിക്കുന്നത് വ്യവസ്ഥയെയാണ്. പെൺകുട്ടികൾ പഠിക്കുന്നത് സമ്പാദിക്കാനും സ്വത്വബോധത്തിൽ ജീവിക്കാനുമാകണം.

വിവാഹം ഒരു കമ്പോളവും പെണ്ണ് ഇവിടെ ഒരു ചരക്കുമാണ് എന്നുള്ള ധാരണ ആൺകുട്ടികൾ പഠിക്കുന്നതും വീട്ടിൽ നിന്നുതന്നെ. സ്ത്രീകൾക്കനുകൂലമായി നിയമങ്ങളുണ്ടെങ്കിലും സ്ത്രീത്വം അംഗീകരിക്കപ്പെടുന്നില്ല. കുലസ്ത്രീ എന്ന സങ്കൽപം 'തന്റെ ഭാഗത്താണ് തെറ്റ്' എന്ന് ചിന്തിക്കാൻ പെൺകുട്ടിയേയും പ്രേരിപ്പിക്കുന്നു.

സ്ത്രീധനമാണ് പ്രാഥമികമായ പ്രശ്നം. മതവും പാരമ്പര്യവും ചടങ്ങുകളുമെല്ലാം ഇതിനെ അനുകൂലിക്കുന്നു. മുമ്പ് സ്ത്രീധനം വിവേചനങ്ങളിൽനിന്നുള്ള മോചനത്തിനുള്ള ഒരു മാർഗമായിരുന്നു. എന്നാലിന്ന്, ശരീരം, സൗന്ദര്യം, നിറം, പണം എന്നീ നാലുതൂണുകളിലാണ് മലയാളികുടുംബങ്ങൾ നിലനിൽക്കുന്നത്.

ഉത്തരേന്ത്യയിലെ അഭിമാനക്കൊലകൾ പ്രാകൃതമാണെങ്കിൽ കേരളത്തിലെ സ്ത്രീധനക്കൊലകളും പ്രാകൃതംതന്നെ. നവോത്ഥാനം നമ്മുടെ വീട്ടുപടിക്കലെത്തിയിട്ടു ഒരു നൂറ്റാണ്ടെങ്കിലും കഴിഞ്ഞു. ഇപ്പോഴും പടിക്കുപുറത്തുതന്നെ. സ്ത്രീകളുടെ അതിര് അനന്തമായ ആകാശമാണെന്ന് വനിതാദിനത്തിൽ പ്രസംഗിച്ചും വനിതാകമ്മീഷനെ കുറ്റപ്പെടുത്തിയും നമ്മൾ കാലം കഴിക്കുന്നു. ചരിത്രം വിസ്മരിച്ച ദ്വന്ദമാണ് സ്ത്രീത്വവും സമാധനവും. അവകാശബോധം, സ്വത്വബോധം, അഭിമാനം, ധ്വംസനങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത നിലപാട് ഇവ മാതാപിതാക്കൾ പെൺകുട്ടികൾക്ക് പകർന്നുകൊടുക്കണം. 'താനൊരു ഉപഭോഗവസ്തുവല്ല' എന്ന് തിരിച്ചറിയാത്ത പെൺകുട്ടികളാണ് ഇന്ന് കൂടുതലും ഇരകളാകുന്നത്. പുരുഷന്റേതായ ഇടങ്ങൾ കുറയുകയാണ്. സ്ത്രീ മുന്നേറുമ്പോൾ പുരുഷന്റെ മേധാവിത്വം ഉടയുന്നു. ഇത് മിക്കകുടുംബങ്ങളിലും സംഘർഷത്തിനിടയാക്കുന്നു. വേണ്ടത് വ്യവസ്ഥാപരമായ മാറ്റമാണ്; തിരിച്ചറിയേണ്ടത് മാതാപിതാക്കളും. ■

# കത്തിവേഷമാടുന്ന പ്രണയങ്ങൾ



ചൈതന്യ എൻ. ജി
*സബ് എഡിറ്റർ,*
*ലക്ഷ്യ ന്യൂസ് ഓൺലൈൻ*

പൂവും പൂച്ചെണ്ടും കൊണ്ട് പ്രണയം പറഞ്ഞിരുന്ന കാലം പണ്ടേ അസ്തമിച്ചു കഴിഞ്ഞു. ഇപ്പോൾ കൈയിൽ കത്തിയും പെട്രോളും ലൈറ്ററും പിടിച്ചു പ്രണയം പറയുന്നവരുടെ കാലമാണ്. പിടിച്ചു വാങ്ങി

യാൽ സ്വർഗം കീഴടക്കി എന്നു കരുതുന്ന മൂഢസ്വർഗത്തിൽ ജീവിക്കുന്നവരായി പ്രണയപരവശർ മാറുന്നില്ലേ?

എനിക്ക് നിന്നെ ഇഷ്ടമാണ്, നീ എന്റെ കൂടെ ജീവിച്ചേ പറ്റൂ, നീയെന്റെ പെണ്ണാണെന്ന് മനസ്സുകൊണ്ടു യാതൊരു അടുപ്പവും തോന്നാത്തൊരു വ്യക്തി വന്നു പ്രണയാഭ്യർത്ഥന നടത്തിയാൽ പറ്റില്ലെന്ന് പറയണമെങ്കിൽ ഇന്ന് രണ്ടല്ല, ഒരായിരം തവണ ചിന്തിക്കേണ്ടിയിരിക്കുന്നു. അതൊരിക്കലും അവനോടൊരു യെസ് അല്ലെങ്കിൽ നോ പറയാനല്ല; മറിച്ചുപറഞ്ഞാൽ താൻ അടുത്ത നിമിഷം ജീവിച്ചിരിക്കുമോ എന്നതിനെപറ്റി ചിന്തിക്കാനാകണം. ആഴ്ചകൾക്ക് മുൻപ് ദൃശ്യയെന്ന ഇരുപത്തൊന്നുകാരി വിനീഷ് എന്ന സഹപാഠിയുടെ കത്തിക്കിരയായിത്തീർന്നതും പ്രണയനിരാസം മൂലമാണല്ലോ.

കാമുകന്മാരുടെ ലീലാവിലാസങ്ങളെ ഇങ്ങനെ ചുരുക്കുമ്പോൾ ഇതുക്കുംമേലെയാണ് കാമുകിമാരുടെ പ്രണയലീലകൾ. കാമുകന്മാർ തന്നോളമുള്ളവരെ കത്തിക്കിരയാക്കുമ്പോൾ, നൊന്ത് പ്രസവിച്ച ചോരക്കുഞ്ഞിനെപോലും കരിയിലകൂട്ടത്തിൽ ചവറുകണക്കെ തള്ളാൻ മടിയില്ലാത്തവരായി കാമുകിമാർ മാറുകയാണ്. അതും ഒരിക്കൽപോലും നേരിൽ കണ്ടിട്ടില്ലാത്ത കാമുകനുവേണ്ടി. കൊല്ലം കല്ലുവാതുക്കൽ കേസിലെ കണ്ടെത്തലുകൾക്കും വെളിപ്പെടുത്തലുകൾക്കും സത്യത്തിൽ 'ഞെട്ടിക്കുന്ന' പദവിശേഷണം നൽകേണ്ടുന്ന സമയമെല്ലാം കാലഹരണപെട്ടുകഴിഞ്ഞു എന്നതാണ് വാസ്തവം. വിശുദ്ധ പ്രണയമെന്ന് 'അവർ', പേരിട്ടുവിളിക്കുന്ന കണ്ണില്ലാത്ത കൊടിയ ക്രൂരതകൾക്ക് കുടപിടിക്കുന്നവരായി ഇത്തരം കാമുകിമാർ മാറുമ്പോൾ പലപ്പോഴും 'മാതൃത്വം' എന്ന മഹനീയ പദത്തിന്റെ വിശുദ്ധി പോലും ഇല്ലാതാക്കപ്പെടുകയാണ്. ഭർത്താവിനെ കൊന്നും മക്കളെ കൊന്നും കാമുകന് കാഴ്ചവെച്ചും നേടുന്ന ഭ്രാന്തമായ എന്തോ പേരിടാൻ പോലുമാകാത്ത വികലവികാരങ്ങളെ പ്രണയമെന്ന് അവർ വിളിക്കുമ്പോൾ പ്രണയം എന്നത് അവരിൽ എവിടെ എന്ന് ടെലിസ്കോപ്പ്വച്ച് നോക്കിയാൽപോലും കണ്ടെത്താൻ കഴിയാത്തത്ര അകലെയാണ്.

വെറും കാമത്തെയാണ് ഇവിടെ പ്രണയമെന്ന പേര് ഉയർത്തി വികൃതമാക്കുന്നത്. ഡിജിറ്റൽ ഇന്ത്യ സാധ്യമാക്കിയതിനൊപ്പം ഡിജിറ്റൽ പ്രണയങ്ങളും മൊട്ടിട്ടു എന്നതാണ് സാരം. മൊട്ടിടുക മാത്രമല്ല, പ്രായമാകാതെ തളിർക്കുന്നതും ഇതേ ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ്.

സ്നേഹം വേണ്ടവർക്ക് വാരിക്കോരി നൽകാനും ഒപ്പം എട്ടിന്റെ പണികൾ നൽകാനും വിദഗ്ധരും മിടുക്കികളുമായവർ വാഴുന്ന കാലമായി മാറിക്കൊണ്ടിരിക്കുന്നു. മലയാളികളുടെ മാറുന്ന പ്രണയസങ്കൽപ്പങ്ങളെ ചൂഷണം ചെയ്യാനും കഴിവുള്ളവർ ഇവിടെയുണ്ടെന്ന് തെളിയിച്ചവരാണ് അശ്വതി അച്ചുവും ആയിഷയുമെല്ലാം. പണ്ടെല്ലാം ഫേക്ക് ഐഡികളിൽ ഒളിഞ്ഞിരുന്നു ഒളിയമ്പുകൾ എയ്തിരുന്നത് താടിയും മീശയുമുള്ള അശ്വതി അച്ചുമാർ ആയിരുന്നെങ്കിൽ ഇന്ന് പൊട്ട് തൊട്ട് കണ്ണെഴുതുന്നവർ തന്നെയാണ് അശ്വതി അച്ചുവായി പ്രത്യക്ഷപ്പെടുന്നത്.

നേരത്തെയുള്ള ഇത്തരം ഫേക്ക് ഐഡികൾ പ്രധാനമായും തേടിയിരുന്നത് വെറും നൈമിഷിക സുഖങ്ങളായിരുന്നെങ്കിൽ... ഇപ്പോഴുള്ളവർ പ്രൊവേർഷൻ ആണെന്ന് കാണിക്കുന്ന സംഭവമാണ് കൊല്ലം ശൂരനാട് സ്വദേശിനി അശ്വതി ശ്രീകുമാറിന്റെ കേസ് കാണിച്ചു തന്നത്. മറ്റു യുവതികളുടെ ഫോട്ടോ ഉപയോഗിച്ച്, അക്കൗണ്ട് നിർമിച്ച്, അതിൽ നിന്നും ആളുകളെ വലവീശി പിടിച്ച്, പതിയെ പതിയെ പ്രണയാഭ്യർത്ഥന നടത്തി.. പിന്നെ കീശയിലെ കാശിലേക്ക് ചൂണ്ടകൊളുത്തെറിഞ്ഞു അങ്ങിനെ ലക്ഷങ്ങൾ പറ്റിച്ച സംഭവം നാല് വർഷമായി കേരളത്തിൽ നടക്കുന്നുവെന്നത് ഈയടുത്തിടെയാണ് അറിഞ്ഞതുപോലും...

എല്ലാം പ്രണയത്തിന്റെ പേരിൽ.കാണാമറയത്തിരിക്കുന്ന പ്രണയിനിക്കായി..!

രണ്ടു വ്യക്തികൾ തമ്മിലുള്ള പരസ്പര ബഹുമാനവും സ്നേഹവും പങ്കുവയ്ക്കലും ഒന്നിക്കുന്ന ഒരു ദിവ്യാനുഭൂതിയാണ് പ്രണയം എന്ന് പറയുമ്പോഴും എത്ര പേർ ഇന്നീ അവസ്ഥയിലൂടെ പ്രണയിക്കുന്നു എന്നത് സംശയമാണ്.

വാസ്തവത്തിൽ, വികല സങ്കല്പങ്ങൾ വെറും സോപ്പ് കുമിളകളാണ്. അതു പൊട്ടിയാൽ തീരുന്നതെ ഉള്ളുവെന്ന ബോധ്യം ഉണ്ടെങ്കിലേ ഇന്ന് ഇത്തരം പ്രണയകുറ്റകൃത്യങ്ങൾക്കും ചൂഷണങ്ങൾക്കും പരിഹാരമുള്ളൂ. അല്ലെങ്കിൽ അതിനിയും ചുവന്ന് തന്നെ പരക്കും. അപ്പോൾ ചോദിച്ചേക്കാം, പ്രണയമല്ലെങ്കിലും ചുവപ്പല്ലേയെന്ന്..!

പ്രണയമെന്നത് അന്നും ഇന്നും ചുവന്നത് തന്നെയാണ്. പണ്ടത് ഹൃദയത്തിന്റെ ചുവപ്പിൽ എഴുതപ്പെടുന്ന ചുവപ്പായിരുന്നെങ്കിൽ ഇന്നതിന് പലപ്പോഴും അപരന്റെ ചോരയിൽ നിറയുന്ന ചുവപ്പാണ്! കണ്ണീരിൽ കുതിരുന്ന, വഞ്ചനയുടെ ചുവപ്പാണ്. ഇന്നാ ചുവപ്പിന് പലഭാവങ്ങളാണ്. അതുമാത്രമാണ് വ്യത്യാസം..! ■

# ശക്തീകരണവും ശുദ്ധീകരണവും വേണം



ആന്റണി ചടയംമുറി
*അസ്സോസിയേറ്റഡ് എഡിറ്റർ, താലന്ത്*

കാട്ടുതീയെക്കുറിച്ചുള്ള വാർത്തകൾ കേൾക്കാറുണ്ട്; കാണാറുണ്ട്. ഇപ്പോൾ വീട്ടുതീയുടെ കാലമാണ്. കോവിഡ് സമ്മാനിച്ച ദുരന്തകാഴ്ചകൾക്കുനടുവിൽ ആത്മാഹൂതിയുടെയും നരഹത്യയുടെയും നിണം വീണ് കൂടുതൽ വികൃതവും ബീഭത്സവുമാകുകയാണ് വീടകങ്ങൾ. സ്ത്രീധനമരണങ്ങൾ ഒരർത്ഥത്തിൽ നമ്മുടെ വൈകാരിക പക്വതയുടെയും സാമ്പത്തികമായ ജാഗ്രതയില്ലായ്മയുടെയും ചുവർചിത്രങ്ങളാണ്.

എന്തുകൊണ്ട് കേരളം പോലെ, സ്ത്രീസാക്ഷരതയിൽ ദേശീയതലത്തിൽതന്നെ മുൻനിരയിലുള്ള സംസ്ഥാനത്ത് സ്ത്രീധനമരണങ്ങൾ സംഭവിക്കുന്നു? കാരണം ധൂർത്തും പൊങ്ങച്ചവും ഇപ്പോഴും കുടുംബങ്ങൾ അണിയുന്ന കൃത്രിമചമയങ്ങളായി അവശേഷിച്ചിരിക്കുന്നു. വിവാഹം ചെയ്തയക്കുന്ന പെൺമക്കളുടെ സ്ത്രീധനം നാട്ടിലും വീട്ടിലും പാട്ടാക്കുന്ന വീട്ടമ്മമാർ അവരുടെ നാവിൽനിന്ന് പുറപ്പെടുന്ന സാമൂഹികവിപത്തിന്റെ തീയമ്പുകളെക്കുറിച്ച് ബോധവതികളേയല്ല.

വിവാഹം എന്നത് കുടുംബത്തിന്റെ അന്തസ്സിന്റെ പ്രശ്നമാണെന്നുകരുതുന്നവർ ഇന്നുമുണ്ട്. വിവാഹപരസ്യങ്ങളിൽ പോലും ഈ ദുഷ്പ്രവണത നിഴലിക്കുന്നുണ്ട്. ഡോക്ടർക്ക് ഡോക്ടറെയോ എഞ്ചിനീയറെയോ വേണം, ഒരു 'നിശ്ചിത രൂപതക്കാർക്ക്' അവരുടെ രൂപതക്കാർമതി തുടങ്ങിയ രഹസ്യസൂചനകൾ പരസ്യങ്ങളിൽ നൽകാൻ യുവതികളുടെ മാതാപിതാക്കൾക്ക് മടിയില്ല.

സ്ത്രീശക്തീകരണം നല്ലതുതന്നെ. പക്ഷെ സ്ത്രീശുദ്ധീകരണവും അതോടൊപ്പം നടക്കണം. ഇപ്പോൾ പെൺമക്കളെ കെട്ടിച്ചയയ്ക്കുമ്പോൾ അവരുടെ കൈയിൽ ഒരു മൊബൈൽകൂടി നൽകാറുണ്ട് മാതാപിതാക്കൾ. എന്നാൽ ഈ മൊബൈലിന്റെ നിയന്ത്രണം മിക്കവാറും പെൺകുട്ടിയുടെ അമ്മ

യായിരിക്കും നടത്തുക. ഒരു മകളെ കെട്ടിച്ചയച്ചാൽ കഴിയുന്നതും ആ മകൾ ഭർത്തൃഗൃഹത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ടവളാണെന്ന കാര്യം പെൺകുട്ടിയുടെ അമ്മ മറന്നുപോകരുത്. ഇവിടെ വിവേകത്തോടെ, ജാഗ്രതയോടെ ഇങ്ങനെയുള്ളവ കൈകാര്യം ചെയ്യാൻ അവർ ശ്രദ്ധിച്ചേ മതിയാകൂ.

ക്രിസ്തീയവിശ്വാസമനുസരിച്ച് പാപത്തിന് ഏഴുതലങ്ങളുണ്ട്; തന്നിഷ്ടം, സ്വാർത്ഥം, ദൈവഭയമില്ലാതിരിക്കൽ, ലൗകായതികത്വം, ആധ്യാത്മികാധഃപതനം, ആന്തരിക ദാരിദ്ര്യം, പാപത്തിൽ മുഴുകി ജീവിക്കുന്ന അവസ്ഥ എന്നിങ്ങനെയാണ് ഈ സപ്തതലം.

നമുക്ക് വിശുദ്ധിയാർന്ന വീടകങ്ങൾ വേണം. ദൈവാശ്രയബോധത്തോടെ പ്രാർത്ഥിച്ചു വേണം മക്കൾക്ക് ജീവിതപങ്കാളിയെ കണ്ടെത്താൻ. മകളെ കെട്ടിച്ചയക്കുന്നത് വരന്റെ ജോലിയോ കുടുംബമഹിമയോ കണ്ടിട്ടാകരുത്. ഹൃദയങ്ങളുടെ സംഗമമാണ് വിവാഹമെന്നിരിക്കെ മറ്റ് പുറംപൂച്ചുകൾക്ക് പിന്നാലെ പായുന്നത് കടൽപ്പാലയാത്രകളായിമാറാം.

പെൺമക്കളെ കടംവാങ്ങി വിദ്യാഭ്യാസം ചെയ്യിക്കുകയും കെട്ടിച്ചയയ്ക്കുകയും ചെയ്യുന്ന മാതാപിതാക്കൾ അവർ നേതൃത്വം നൽകുന്ന കുടുംബങ്ങൾക്ക് ഒരർത്ഥത്തിൽ കെണി തീർക്കുകയാണ്. പുതിയ കാലഘട്ടത്തിൽ പെൺമക്കളുടെ വിദ്യാഭ്യാസവായ്പ, അതിന്റെ സാമ്പത്തികാനുകൂല്യം പറ്റുന്ന വരന്റെ വീട്ടുകാർ വഹിക്കാൻ ബാധ്യസ്ഥരാണ്. ഓരോ സമുദായകൂട്ടായ്മകളും സ്ത്രീധന വിഷയത്തിൽ അദാലത്തുകൾ നടത്തി ഇത്തരം കലഹങ്ങളും തർക്കങ്ങളും ഇല്ലാതാക്കാൻ നടപടിവേണം. ഒരുകാര്യംകൂടി പെൺമക്കളുടെ അമ്മമാർ ശ്രദ്ധിക്കുക; അവർ പെൺമക്കളെ കെട്ടിച്ചയയ്ക്കുന്നത് ശത്രുരാജ്യത്തേക്കല്ല! ■



എ. എസ്. ഇന്ദിര
*മെമ്പർ, ലൈബ്രറി കൗൺസിൽ ജില്ല എക്സിക്യൂട്ടീവ്, ഇടുക്കി*

# പ്രതികരിച്ച് സ്വത്വം പ്രകടിപ്പിക്കണം

കാലങ്ങളായി പുരുഷകേന്ദ്രീകൃതമായി തുടരുന്ന വിവാഹവ്യവസ്ഥകളിൽ കാതലായ മാറ്റങ്ങൾ അനിവാര്യമെന്ന സൂചനയാണ് വർത്തമാനകാല സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ നിലവാരത്തിൽ കേരളം മുന്നിലാണ്. എന്നാൽ വിവാഹത്തിലെ കച്ചവടം ഇന്നും രഹസ്യമായ പരസ്യത്തോടെ ഇവിടെ നിലനിൽക്കുന്നു. സ്ത്രീയാണ് ധനമെന്ന ഉദ്ഘോഷിക്കുകയും വിലപേശി, വിവാഹാലോചനമുതൽ ചോദിച്ചുവാങ്ങിക്കൊണ്ടിരിക്കുന്നതുമായ സമ്പ്രദായം ഇവിടെ ഇപ്പോഴും നിർബാധം തുടരുന്നു.

സ്ത്രീധനപീഡനം ശാശ്വതമായി തടയണമെങ്കിൽ സ്ത്രീധന സമ്പ്രദായം പൂർണ്ണമായും ഇല്ലാതാകണം. വിദ്യാസമ്പന്നമായ കേരളത്തിൽ സ്ത്രീധനത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന കൊടുംക്രൂരതകളും കൊലപാതകങ്ങളും മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്നതാണ്.

സ്ത്രീധനം, ഗാർഹിക പീഡനം എന്നിവ സാമൂഹ്യവിപത്തായി മാറിയിരിക്കുകയാണിന്ന്. വിവാഹവും കുടുംബജീവിതവും വ്യാപാര കരാറായി തരംതാഴ്ന്നുകൊണ്ടിരിക്കുന്നു. സ്ത്രീധന പാരിതോഷികം ലഭിക്കേണ്ടത് അവകാശമാണെന്ന

ചിന്ത ആൺകുട്ടികൾക്ക് സമൂഹം ഉണ്ടാക്കികൊടുത്തിരിക്കുന്നു. അതുപോലെ ഭർത്താവിന്റെ പീഡനങ്ങളെല്ലാം സഹിച്ചു കഴിയേണ്ടവളാണ് ഭാര്യയെന്ന ചിന്ത പെൺകുട്ടികളിലും അടിച്ചേല്പിക്കപ്പെട്ടിരിക്കുന്നു. ഇവ രണ്ടും പുരുഷാധിപത്യ ചിന്താഗതികളാണ്.

സ്ത്രീ പുരുഷ സമത്വത്തിന്റേതായ പുതിയ ചിന്തകൾ നമ്മുടെ സമൂഹത്തിന് ആവശ്യമായ കാലമാണിത്. അതിനുതകുന്ന പാഠങ്ങൾ താഴ്ന്ന ക്ലാസുകളിലെ പാഠ്യപദ്ധതികളിൽത്തന്നെ ഉൾപ്പെടുത്തേണ്ടതുണ്ട്.

സ്ത്രീശരീരം ഉപഭോഗവസ്തു എന്നതിനപ്പുറം ബഹുമാനിക്കപ്പെടേണ്ടതും ആദരിക്കപ്പെടേണ്ടതുമാണെന്ന് ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ശ്രദ്ധേയമാണ്.

ഡൽഹിയിലെ ഇന്ദ്രപ്രസ്ഥാ യൂണിവേഴ്സിറ്റിയിൽ സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ് പൂർത്തിയാക്കിയ നിഷ ശർമ്മയുടെ വിവാഹം 2003 മെയ് 11-ന് നടക്കേണ്ടതായിരുന്നു. അപ്പോൾ അവർക്ക് പ്രായം 21. താലി ചാർത്തുന്നതിന് നിമിഷങ്ങൾക്കുമുൻപ് കൂടുതൽ സ്ത്രീധനം ചോദിച്ച് വിലപേശൽ നടത്തിയ വരൻ മനീഷ് ദലാലിനെയും അമ്മയെയും നിഷ ശർമ്മ ഇരുമ്പഴിക്കുള്ളിലാക്കി. അവൾ പൊലീസ് സഹായം തേടി. 15 ലക്ഷത്തോളം രൂപ സ്ത്രീധനത്തിനും വിവാഹത്തിനുമായി ചെലവാക്കികഴിഞ്ഞപ്പോഴാണ് വീണ്ടും 12 ലക്ഷം കൂടി പണമായി കിട്ടണമെന്ന് ദലാൽ കുടുംബം ആവശ്യമുന്നയിച്ചത്. സ്ത്രീധനമായി വീട്ടുപകരണങ്ങൾ ഏറെ വാങ്ങി. കൂടെ ഒരു കാറും, വാക്കേറ്റത്തിനിടയിൽ നിഷയുടെ അച്ഛനെ വരന്റെ കൂട്ടർ തല്ലുകയും ചെയ്തു. അപ്പോഴാണ് നിഷ പൊലീസിന്റെ സഹായം തേടിയതും അവളൊരു ഫെമിനിസ്റ്റായതും.

സഹനം കൊണ്ടോ മൗനം കൊണ്ടോ അല്ല തുറന്ന പ്രതികരണംകൊണ്ടായിരിക്കണം പെണ്ണ് തന്റെ സ്വത്വം പ്രകടിപ്പിക്കേണ്ടത്.

സ്ത്രീധനവുമായി ബന്ധപ്പെട്ട അതിക്രമങ്ങളും ഗാർഹികപീഡനങ്ങളും സംബന്ധിച്ച പരാതികൾ നൽകുന്നതിന് അപരാജിത ഓൺലൈൻ സംവിധാനം സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത് സ്ത്രീകൾ പരമാവധി ഉപയോഗപ്പെടുത്തണം. സൈബർ അതിക്രമം ഉൾപ്പെടെ ഏത് പ്രായക്കാർക്കും പരാതി നൽകാനും അത് ഉടൻ പരിഹരിക്കാനും ജില്ലാ പൊലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം സംസ്ഥാനത്ത് അപരാജിത പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്ത്രീകൾ പ്രതികരിക്കാൻ തയ്യാറായാൽ സ്ത്രീധന ആവശ്യത്തിനും പീഡനത്തിനും ഒരറുതിവരും. മറിച്ച്, പാരമ്പര്യത്തിന്റെയും അഭിമാനത്തിന്റെയും ഗർവിൽനിന്ന് താഴേക്കിറങ്ങാതെ സ്വയം എരിഞ്ഞടങ്ങുകയല്ല വേണ്ടത്. ■

**aparajitha.pol.(a)kerala gov.in.**
**9497996992, 9497999955**

# സ്ത്രീ: സത്തയും വ്യക്തിയും



ഫ്രെഡിൻ പി. ഫ്രാൻസിസ്
*അധ്യാപിക,*
*സെന്റ് ജോസഫ് GHSS , ആലപ്പുഴ*

പ്രപഞ്ചസൃഷ്ടിയുടെ സുന്ദരമകുടമാണ് സ്ത്രീ. അവളുടെ ആകാരം, ലാവണ്യം, നിറം എന്നിയവയെല്ലാം എന്നും സമൂഹത്തിന്റെ ചർച്ചാവിഷയം തന്നെയാണ്. എന്നാൽ അവളുടെ വ്യക്തിത്വത്തിന് നാം എത്രമാത്രം പ്രാധാന്യം കൊടുക്കുന്നു എന്നത് ചിന്തിക്കേണ്ട വിഷയമാണ്. 'സ്ത്രീ

യെന്നാൽ മൃദുല വികാരവും കാമോത്തേജക സുന്ദരശരീരവസ്തുവുമല്ല,' അവൾ വ്യക്തിയാണ്, സത്തയാണ്, വ്യക്തിത്വം പേറുന്നവളുമാണ്. പുരുഷ നിർവചനങ്ങളിൽമാത്രം തളയ്ക്കപ്പെടേണ്ടവളല്ല അവൾ. സ്ത്രീക്ക് സ്വന്തമായി ഇടമുണ്ടോ? ഭാഷയുണ്ടോ? എഴുത്തുണ്ടോ? എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങളുടെ ഒരു പേട്രിയാർക്കൽ സമൂഹം തിരിച്ചറിയേണ്ടതും വികസിപ്പിക്കേണ്ടതും അവളുടെ സ്വത്വവും വ്യക്തിത്വവുമാണ്.

'If you educate a woman, she will educate her family and race.' വിദ്യാഭ്യാസത്തിലൂടെമാത്രമേ പുരോഗതി നേടാനാകൂ എന്നു തിരിച്ചറിഞ്ഞ് സ്ത്രീക്ക് മികച്ച വിദ്യാഭ്യാസം കൊടുക്കുക. അവളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. വീടുകളിൽനിന്നു കിട്ടുന്ന ഈ അംഗീകാരം പൊതുസമൂഹത്തിൽ ഉയർന്ന വ്യക്തിത്വത്തിലേക്ക് വളരാൻ അവൾക്ക് ചവിട്ടുപടിയാകും. വ്യക്തിത്വമുള്ള സ്ത്രീ വീടിനും സമൂഹത്തിനും ഒരു മുതൽക്കൂട്ടായിരിക്കും. സാധ്യതകളുടെ ലോകത്താണ് ഓരോ സ്ത്രീയും ജീവിക്കുന്നത്. അവസരങ്ങൾ അവളെ തേടിയെത്തും. അതിനാൽ, വിവാഹിതയും ഭാര്യയും അമ്മയുമായി ചുരുങ്ങുന്നതിനപ്പുറം വലിയൊരു ലോകം അവൾക്കുണ്ട് എന്ന് പൊതുസമൂഹം തിരിച്ചറിയണം. അതിനായി നമ്മുടെ വീടുകൾ തന്നെ വ്യക്തിത്വവികസനത്തിനുള്ള പരിശീലന കളരികളാക്കിമാറ്റണം. അങ്ങനെ വരുമ്പോൾ നമ്മുടെ സ്ത്രീകൾ ലോകാദരണീയരായി മാറും. പ്രശ്നങ്ങൾക്കുമുന്നിൽ പതറാനും ജീവിതത്തിൽനിന്ന് ഒളിച്ചോടാനും സ്ത്രീ ശ്രമിക്കില്ല. പ്രതിസന്ധികളെ മനസ്ഥൈര്യത്തോടെ നേരിടാനും ജീവന്റെ മൂല്യം തിരിച്ചറിഞ്ഞ് ജീവിക്കാനും അവൾ ശ്രമിക്കും. പീഡകർക്കുമുന്നിൽ സ്ത്രീ നിസ്സഹായയും അബലയുമാകില്ല. അവൾ പ്രതികരണശേഷിയുള്ളവളായി ഉയരും. ■

# ദുരമൂത്താൽ കരയും



മാത്തച്ചൻ അറക്കൽ
*അസ്സോസിയേറ്റ് സെക്രട്ടറി*
*ഹെറിറ്റേജ് കമ്മീഷൻ,*
*KRLCBC*

ആർത്തി എന്ന പദത്തിന് ദുഃഖം, രോഗം, നാശം, അടങ്ങാത്ത കൊതി എന്നീ നാനാർത്ഥങ്ങളുണ്ട്. കഷ്ടപ്പാടുകൾ സൂചിപ്പിക്കുന്ന ആർത്തിയിൽ ദാരിദ്ര്യമാണ് ഏറ്റവും മുന്നിലെങ്കിൽ, പ്രതിശീർഷവരുമാനത്തിൽ ഇന്ത്യയിൽ മികച്ച സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ ധനത്തോടുള്ള ആസക്തിയാണ് വില്ലൻവേഷം കെട്ടിയ ഏറ്റവും വലിയ ആർത്തി.

സുഖഭോഗങ്ങളോടുള്ള അദമ്യമായ ആഗ്രഹമാണ് അടങ്ങാത്ത ധനമോഹത്തിന് നിദാനം. നാം മിതവ്യയം ശീലിക്കുകയും കുട്ടികളെ അതിന് പ്രേരിപ്പിക്കുകയും ചെയ്തില്ലെങ്കിൽ വലിയ വിപത്തായിരിക്കും വരുംകാലം നമ്മെ കാത്തിരിക്കുന്നത്.

'അമ്മായിയപ്പനു പണമുണ്ടെങ്കിൽ സംബന്ധം പരമാനന്ദം' എന്ന പഴയസിനിമാഗാനം ധനമോഹികളായ വരന്മാരെ ഹാസ്യാത്മകമായി ചിത്രീകരിക്കുകയാണ്.

കോവിഡ് മഹാമാരിയെ ഭയന്ന് ലോകം മുഴുവൻ വിറങ്ങലിച്ചു നിൽക്കുമ്പോഴും പണക്കൊതിയന്മാരുടെ കുറ്റകൃത്യങ്ങൾ അരങ്ങു തകർക്കു

കയാണ് ഈ കൊച്ചുകേരളത്തിലും! സാമ്പത്തിക കുറ്റങ്ങളുടെ കാര്യത്തിൽ, ലോകരാഷ്ട്രങ്ങളുടെ കണക്കിൽ ഇന്ത്യ മൂന്നാം സ്ഥാനത്തായിരുന്നു. സാക്ഷരകേരളം, ഇന്ത്യയിൽ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണെന്നും നമ്മെ ലജ്ജിപ്പിക്കുന്ന യാഥാർത്ഥ്യമാണ്.

ധനാർത്തിമൂലം വിവേകശൂന്യരായി ജീവിതം തുലച്ച നിരവധിപേരുടെ ദുരന്ത കഥകൾ നമ്മുടെ മുന്നിലുണ്ട്. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേഷ്ഠമായ കാര്യം എന്നോർമ്മിപ്പിക്കുന്ന ഒട്ടേറെ തിരുവചനങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ കാണാനാകുന്നുണ്ട്. 'അന്യായമായി നേടിയ ധനം ഉതകുകയില്ല' (സുഭാ 10:2). 'അനായാസമായി സമ്പാദിച്ചതെല്ലാം ക്ഷയിച്ചുപോകും. ലുബ്ധൻ സമ്പത്തിനുപിന്നാലെ പരക്കംപായുന്നു. തന്നെ ദാരിദ്ര്യം പിടികൂടുമെന്ന് അവൻ അറിയുന്നില്ല' (സുഭാ 28:22).

എല്ലാം നമുക്കു ദാനമായി കിട്ടി. അവസാനം തിരിച്ചുപോകുമ്പോൾ ഒന്നുംതന്നെ കൊണ്ടുപോകുന്നുമില്ല. നമുക്കുള്ളതെല്ലാം മറ്റുള്ളവർക്കു കൂടി അവകാശപ്പെട്ടതാണ്. ഈ ബോധ്യം നമ്മെ ദാനധർമ്മങ്ങൾക്കു പ്രേരിപ്പിക്കും. ദരിദ്രനോട് കരുണ കാണിക്കുന്നവൻ കർത്താവിന് കടം കൊടുക്കുകയാണ്. അവിടുന്ന് ഈ കടം വീട്ടും (സുഭാ 19:17).

കാലിച്ചന്തയിൽ കന്നുകാലികളെ ലേലം ചെയ്ത് വില ഉറപ്പിക്കുന്നതുപോലെയാണ് സ്ത്രീയെ ഇന്ന് വിലപേശി വിവാഹത്തിനായി ഉറപ്പിക്കുന്നത്. വിലകൂട്ടി നൽകാനും അത് സ്വീകരിക്കാനും ദല്ലാളന്മാരുടെ നേതൃത്വത്തിൽ ആളുകൾ ഏറെയാണ്. കുഞ്ഞുനാളിൽ പഠിച്ച *മുക്കുവനും ഭൂതവും* കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു. 'ദുരമൂത്താൽ കരയും' എന്ന് നമുക്കിന്നതു മറക്കാതിരിക്കാം. ■

# സഹനപുത്രി? അഹങ്കാരി?



മോളി ഫ്രാൻസിസ് കുറുങ്ങാംപിള്ളി
*മതാധ്യാപിക, സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ, എറണാകുളം*

വിവാഹം സ്വർഗത്തിൽ നടക്കുന്നു എന്നു പറഞ്ഞിരുന്ന കാലം അസ്തമിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, അതിന്റെ പരിശുദ്ധി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പൊന്നിനും പണത്തിനും നേരംപോക്കിനും സുഖത്തിനും വേണ്ടിയാണ് വിവാഹം എന്നു ചിന്തിക്കുന്നവരുടെ എണ്ണം ഇന്നു കൂടിവരുന്നു.

മാറണമെന്നാഗ്രഹിച്ചിട്ടും മാറാതെയുള്ള മനുഷ്യമനസ്സിന്റെ ആർത്തിയാണ് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് അടിസ്ഥാനം. കുടുംബജീവിതത്തിന്റെ കെട്ടുറപ്പിന് സാമ്പത്തിക ഭദ്രത ആവശ്യമാണ്. അതിന് സ്ത്രീയുടെ ധനം കൂടിയേ തീരൂ എന്നവസ്ഥയായി. വിദ്യാഭ്യാസവും ഉയർന്ന തൊഴിലും അതുവഴിയുള്ള സാമ്പത്തികശേഷിയും അതിന് വഴിയൊരുക്കി. നല്ല വിദ്യാഭ്യാസയോഗ്യതയും തൊഴിലും ഉള്ളവരെ ലഭിക്കാൻ വിലപേശലായി. സാമ്പത്തികശേഷിയുള്ളവർ മക്കൾക്ക് വേണ്ടുന്നതും അതിലധികവും കൊടുത്തപ്പോൾ അതില്ലാത്തവർ ഇല്ലാത്ത പൊങ്ങച്ചം കാണിക്കാൻ പലിശകൊടുത്തും കടംവാങ്ങിയും പെൺമക്കളെ വിൽപനചരക്കാക്കി. പ്രതീക്ഷി



ച്ചത് കിട്ടാതെ വരുമ്പോൾ പീഡനവും ആത്മഹത്യയും കൊലപാതകവുമായി നമുക്ക് നമ്മുടെ പെൺമക്കളെ നഷ്ടപ്പെടുന്നു.

സ്നേഹവും പരിഗണനയും അംഗീകാരവും പരസ്പരം ലഭിക്കുമ്പോഴാണ് ജീവിതം ധന്യമാകുന്നത്. പ്രാർത്ഥനയിലും പരസ്നേഹചുറ്റുപാടുകളിലും വളർന്നുവന്ന വ്യക്തിക്ക് പൊന്നും പണത്തിനും ഉപരിയായി സ്ത്രീയെ സ്നേഹിക്കാനും മനസ്സിലാക്കാനും കഴിയും. ഏതു പ്രതികൂലസാഹചര്യങ്ങൾ വന്നാലും പിടിച്ചുനിൽക്കാനും ദൈവാശ്രയബോധത്തിൽ നിലനിൽക്കാനും അവൾക്ക് കഴിയും. അത്തരം വ്യക്തികളുമായി ബന്ധം സ്ഥാപിക്കുക. നമ്മുടെ വിശ്വാസം, ചുറ്റുപാടുകൾ, സ്ഥാനമാനങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ ഇതുമായി ബന്ധപ്പെട്ടവരുമായി വേണം ബന്ധം സ്ഥാപിക്കാൻ. ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കുന്ന കുടുംബമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ദൈവവിശ്വാസത്തിലും ദൈവഭയത്തിലും വളർന്ന വ്യക്തിക്ക്, കുടുംബാംഗങ്ങൾക്ക് ദൈവത്തെ മറന്ന് ഒന്നും ചെയ്യാൻ കഴിയില്ല. സൽസ്വഭാവിയെ തെരഞ്ഞെടുക്കുക

വിവാഹത്തോടെ സ്വന്തം ഭവനത്തിൽ പെൺമക്കൾ അന്യരായിത്തീരരുത്. ഇനിമുതൽ ഭർത്തൃഗൃഹമാണ് നിന്റെ ഭവനം എന്നുപറയുമ്പോഴും നീ ഈ വിട്ടിലെ ഒരംഗമാണെന്നും നിനക്ക് ഇവിടെ ഇനിയും ഇടമുണ്ടെന്നും ആരുംപറയാറില്ല. ഏതവസ്ഥയിലും സ്വന്തം ഭവനത്തിൽ കടന്നുവരാനുള്ള സ്വാതന്ത്ര്യം നിഷേധിക്കാതിരിക്കുക. മാതാപിതാക്കളും സഹോദരങ്ങളും ബന്ധുജനങ്ങളും അവരെ കേൾക്കുക. അവരുടെ സങ്കടങ്ങളിൽ കൂടെ നിൽക്കുക. ഇത്തരത്തിൽ സ്വന്തം ഭവനത്തിൽ അവൾ അന്യയാകാതെയാകുമ്പോൾ ആത്മഹത്യകൾ കുറയും. ഭർത്താവിന്റെ വീട്ടിൽ സഹിച്ചുനിന്നാൽ, അവസാനംവരെ പിടിച്ചുനിൽക്കാൻ പറ്റാതെ ആത്മഹത്യചെയ്താൽ, ഭർത്താവിന്റെ കൈകൊണ്ട് പീഡനമേറ്റാൽ അവൾ സഹനപുത്രി. ഭർത്താവിന്റെ വീട്ടിൽനിന്നും തിരിച്ചു സ്വന്തം ഭവനത്തിലേക്ക് വന്നാൽ അവൾ അഹങ്കാരി. ഇത്തരത്തിലുള്ള നമ്മുടെ കാഴ്ചപ്പാടുകളിലാണ് മാറ്റം വരേണ്ടത്. ■

# ക്രൈസ്തവം

കാരുണികനായ
ക്രിസ്തുവിന്റെ പാതയിൽ
കർമനിരതരാകുന്ന
അജപാലകർക്കും
അജഗണങ്ങൾക്കുമുള്ള
നേർവഴിവെട്ടം.



## മതനിരപേക്ഷതയുടെ കറുത്ത തിങ്കൾ

- ലോകമനഃസാക്ഷിയെ ഞെട്ടിച്ച ക്രൂര വേട്ടയാടൽ
- ഇടയകരുണയിൽ ഒരു വെന്റിലേറ്റർ ചലഞ്ച്
- എല്ലാം ശുഭമാകും
- വെള്ളിയാഴ്ച മാംസവർജനം അനിവാര്യമോ?

മോൻസ് ജോസഫ് MLA
ജോസ് ക്ലെമന്റ്
ഫാ. ജോസ് കണ്ണംകുഴി
ഫാ. ജെയിംസ് വയലിൽ CST
റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

# ലോക മനഃസാക്ഷിയെ ഞെട്ടിച്ച ക്രൂര വേട്ടയാടൽ




മോൻസ് ജോസഫ് MLA
*കടുത്തുരുത്തി*

**ലോകത്തെ ഏറ്റവുംവലിയ ജനാധിപത്യരാജ്യത്തിൽ ജനാധിപത്യത്തെ മുറിവേൽപ്പിച്ച് നടത്തിയ ഏറ്റവും വലിയ ക്രൂരതയാണ് സ്റ്റൻസ്ലാവൂസ് ലൂർദ് സ്വാമിയെന്ന ഈശോസഭാവൈദികന്റെ മരണം. ജനാധിപത്യത്തെ ധ്വംസിച്ചുകൊണ്ടു നടത്തിയ ഭരണകൂടഭീകരതയുടെ അരുംകൊലയാണ് ഈ സാത്വികസന്ന്യാസിയുടെ രക്തസാക്ഷിത്വത്തിലൂടെ ലോകം ദർശിച്ചത്. ഈ മിഷണറിവര്യന്റെ കല്മഷം കലരാത്ത ജീവിതത്തെ അനുസ്മരിക്കുകയാണ് നിയമസഭാ സാമാജികൻ.**

കരുത്തുറ്റ മനുഷ്യാവകാശ പ്രവർത്തകനും ശക്തനായ മിഷണറിയുമായിരുന്ന ഫാദർ സ്റ്റാൻ സ്വാമി കസ്റ്റഡിയിൽ മരിച്ചസംഭവം ലോകമനഃസാക്ഷിയെ ഞെട്ടിച്ചു. ക്രൂരമായ വേട്ടയാടലിന്റെയും ഭരണകൂടഭീകരതയുടെയും മനുഷ്യത്വമില്ലാത്ത മുഖമാണ് ഈ ജസ്യൂട്ട് വൈദികന്റെ മരണത്തിൽ പ്രതിഫലിക്കുന്നത്. അധികൃത വഞ്ചനയുടെ രക്തസാക്ഷിത്വമാണ് അദ്ദേഹം ഏറ്റുവാങ്ങിയത്. നമ്മുടെ രാജ്യത്ത് ഒരിക്കലും സംഭവിക്കാൻ പാടില്ലാതിരുന്ന നീചവും ക്രൂരവുമായ പശ്ചാത്തലമാണ് ഫാദർ സ്റ്റാൻസ്വാമിയുടെ മരണത്തിലേക്ക് നയിച്ചതെന്ന് ഓർക്കുമ്പോൾ വേദനയുടെയും പ്രതിഷേധത്തിന്റെയും കൊടുങ്കാറ്റാണ് നമ്മുടെയെല്ലാം മനസ്സുകളിൽ ഉയരുന്നത്.

ദാരിദ്ര്യത്തിൽ കഴിയുന്ന മനുഷ്യർക്കും ആദിവാസി മേഖലയിലെ പാവങ്ങൾക്കും ജീവകാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും നീർച്ചാലായി പ്രവർത്തിച്ചിരുന്ന ഫാ. സ്റ്റാൻ സ്വാമി, അവഗണിക്കപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ശക്തമായ സംരക്ഷണം നൽകിയ ദൈവദൂതനായിരുന്നു. അധികാരകേന്ദ്രങ്ങളുടെ ഭരണനടപടികളിൽ അനീതി സംഭവിച്ചാൽ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങൾക്ക് മുന്നിട്ടിറങ്ങാൻ ധൈര്യം കാണിച്ച ഈ മിഷണറി വൈദികൻ ആദിവാസി ജനതയുടെ കാവലാളായയാണ് അറിയപ്പെട്ടത്. അനീതികൾ നടമാടുമ്പോൾ മൂകനായ കാഴ്ചക്കാരനായി നോക്കിനിൽക്കാൻ തനിക്ക് കഴിയില്ലെന്നും അതിനായി



എന്ത് വില കൊടുക്കാനും തയ്യാറാണെന്നും ഫാ. സ്റ്റാൻ സ്വാമി പ്രഖ്യാപിച്ചിരുന്നത്, താൻ ഏറ്റെടുത്ത കർമ്മമണ്ഡലത്തോടുള്ള ആത്മാർത്ഥതയുടെയും പ്രതിബദ്ധതയുടെയും തെളിവായിരുന്നു. ജനസേവനത്തോടൊപ്പം നീതി ഉറപ്പാക്കാനുള്ള തീക്ഷ്ണമായ പരിശ്രമവും ജീവിതത്തിലുടനീളം ഒന്നിച്ചുകൊണ്ടുപോകാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു.

ആദിവാസിമേഖലകളിൽ വിസകനം ഉറപ്പാക്കാനും പാവപ്പെട്ട മനുഷ്യരുടെ സാമൂഹിക ജീവിത സാഹചര്യങ്ങളെ വളർത്തിയെടുക്കാനും ഫാ. സ്റ്റാൻ സ്വാമി ശ്കതമായ പോരാട്ടങ്ങളും പ്രവർത്തനങ്ങളും കാഴ്ചവച്ചപ്പോൾ അതെല്ലാം ഈ മനുഷ്യസ്നേഹിയെ അധികാരകേന്ദ്രങ്ങളുടെ നോട്ടപ്പുള്ളിയാക്കിമാറ്റി. സത്യവിരുദ്ധമായ കാര്യങ്ങൾ ഉന്നയിച്ച് യു.എ.പി.എ ചുമത്തി അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുന്ന കിരാത നടപടിയിലേക്കാണ് ഇതെല്ലാം എത്തിച്ചേർന്നത്.

വേണ്ടസമയത്ത് ചികിത്സനൽകാതെ കഷ്ടപ്പെടുത്തിയ എൻ. ഐ.എ.യും ജയിൽ അധികൃതരുമാണ് ഫാ. സ്റ്റാൻ സ്വാമിയുടെ രക്തസാക്ഷിത്വത്തിന് ഇടയാക്കിയതെന്ന് വ്യക്തമാണ്. മാനവികതയുടെയും മനുഷ്യാവകാശങ്ങളെയും ആദരിക്കുന്ന എല്ലാവർക്കും ബോധ്യപ്പെടുന്ന യാഥാർത്ഥ്യമാണ് ഫാ. സ്റ്റാൻ സ്വാമിയോട് നീതി കാണിക്കാതെ നടത്തിയ നിഷ്ഠൂരനിലപാടുകളാണ് ഭരണകൂടവും നീതിപീഠവും കാട്ടിയതെന്ന് പറയേണ്ടതുണ്ട്. അതിക്രൂരമായ ഈ സംഭവപരമ്പരകളുടെ പശ്ചാത്തലത്തിൽ ഫാ.സ്റ്റാൻ സ്വാമിയുടെ മരണത്തിന് ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം എന്ന ആവശ്യം ഉന്നയിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇനിയൊരിക്കലും ഇതുപോലത്തെ സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലെന്നുള്ള ശക്തമായ നിലപാട് പൊതുസമൂഹം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഫാ. സ്റ്റാൻ സ്വാമിയുടെ മരണമില്ലാത്ത ഒരായിരം ഓർമ്മകൾക്കുമുന്നിൽ ആദരപൂർവം പ്രണാമം അർപ്പിക്കുന്നു. ■

# ഇടയകരുണയിൽ ഒരു വെന്റിലേറ്റർ ചലഞ്ച്

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*

**മനുഷ്യജീവന്റെ വിലയും മൂല്യവും ആഴമായി ബോധ്യമുള്ള ഇടയനാണ് വടക്കൻ പറവൂർ ഡോൺബോസ്കോ ആതുരാലയത്തിന്റെ സാരഥി ഫാ. റോക്കി റോബി കളത്തിൽ. കോവിഡ് 19-ന്റെ സംഹാരതാണ്ഡവത്തിൽ ജീവശ്വാസംകിട്ടാതെ ദിനംപ്രതി ഞെട്ടറ്റുവീണുകൊണ്ടിരുന്ന ജീവനുകൾ ഈ ഇടയനെ നൊമ്പരപ്പെടുത്തിയപ്പോൾ ആധുനിക പരിചരണ-ശുശ്രൂഷകളുടെ മേന്മവർധിപ്പിച്ച് തന്റെ ആതുരാലയത്തെ ജീവന്റെ നിറവുപകരുന്ന കേന്ദ്രമാക്കാൻ ആശ്രയിച്ചത് സഹോദര വൈദികരെ. അപ്പോൾ വിരിഞ്ഞ ജീവകാരുണ്യത്തിന്റെ കരുതൽ കാഴ്ച.**

കോട്ടപ്പുറം രൂപതയുടെ ആതുരശുശ്രൂഷാകേന്ദ്രമായ വടക്കൻ പറവൂരിലെ ഡോൺബോസ്കോ ആശുപത്രി തീരദേശ ജനതയുടെ ആശ്രയവും സങ്കേതവുമാണ്. ഒരു ഹൈടെക്ക് മൾട്ടിസ്പെഷാലിറ്റി ആശുപത്രി അല്ലെങ്കിലും, പട്ടണത്തിലെ വൻകിട ആശുപത്രികളിലേക്ക് ജീവൻസംരക്ഷണവുമായി ഓടിയെത്താൻ കഴിയാതെവരുമ്പോൾ സാധാരണക്കാരന് ആശ്വാസാലയമാ





ഡോൺബോസ്കോ ആശുപത്രിയിലെ വെന്റിലേറ്റർ സംവിധാനം ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ ആശീർവദിക്കുന്നു.

കുന്നത് ഈ ആതുരാലയമാണ്. കോവിഡ്ബാധിതരും ഓക്സിജൻ അളവുകുറഞ്ഞവരുമായ ഒട്ടനവധിപേർ ഇവിടെ എത്തിപ്പെടാൻ തുടങ്ങിയപ്പോൾ വെന്റിലേറ്റർ സൗകര്യങ്ങളുടെ അപര്യാപ്തതയും ഓക്സിജൻ പ്ലാന്റിന്റെ അഭാവവും ഈ ആതുരാലയം പരിമിതികളുടെ നിലയില്ലാകയത്തിൽപ്പെട്ട് നെടുവീർപ്പിടുകയായിരുന്നു. പക്ഷെ, തളർന്നുപോകാൻ ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ തയ്യാറായില്ല. തന്റെ അനാസ്ഥയിൽ ഒരു ജീവൻ പോലും പൊലിഞ്ഞുപോകരുതെന്ന നിർബന്ധം ഈ ബലിയർപ്പകനുണ്ടായിരുന്നു. തന്റെ ചെറുബുദ്ധിയിലുദിച്ച ആശയം വിദേശത്തുസേവനം ചെയ്യുന്ന സഹോദരവൈദികരുമായി പങ്കുവച്ചപ്പോൾ ഒരു വെന്റിലേറ്ററിനുള്ള സാമ്പത്തിക സഹായം കണ്ടെത്തിത്തരാമെന്ന ആശ്വാസവാക്കു ലഭിച്ചു. ആ വാക്കിൽ റോബിനച്ചൻ പ്രതീക്ഷയുടെ വലിയ സ്വപ്നം കണ്ടു. അത് സാക്ഷാത്കൃതമായപ്പോൾ അമ്പരചുംബിതമായ അമ്പരപ്പായി.

## കടൽ കടന്നെത്തിയ 'ദിവ്യ'കാരുണ്യം

ആവശ്യത്തിലും അവശതയിലും കഴിയുന്നവർക്കുനേരെ സഹായഹസ്തം നീട്ടുന്നതാണല്ലോ യഥാർത്ഥ ക്രൈസ്തവ ചൈതന്യം. വിദേശത്ത്സേവനം ചെയ്യുന്ന, കോട്ടപ്പുറം രൂപതാംഗങ്ങളായ ഫാ. ആന്റണി കല്ലറക്കലും ഫാ. നോബി അച്ചാരുപറമ്പിലും കോവിഡ് പ്രതിസന്ധിയിൽ റോബിനച്ചന്റെ യാചനയ്ക്കു മുന്നിൽ നല്ല സമറായന്റെ ചൈതന്യത്തോടെ പ്രവർത്തിച്ചപ്പോൾ സംഭവിച്ചത് വലിയ അത്ഭുതമായിരുന്നു. ജീവരക്ഷോപകരണമായ വെന്റിലേറ്ററുകളുടെ കുറവു കൊണ്ട് വടക്കൻ പറവൂരിൽ നിന്ന് കൊച്ചിയിലെ ആശുപത്രികളിലേക്ക് ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്ന ഗുരുതരാവസ്ഥയിലായ രോഗികളുടെ കഥയറിഞ്ഞ് അവർ നടത്തിയ വെന്റി

ലേറ്റർ ചലഞ്ച് അത്ഭുതങ്ങളുടെ കാരുണ്യ സ്പർശമായി. പറവൂർ ഡോൺ ബോസ്കോ ആശുപത്രിക്ക് ഒരു വെന്റിലേറ്റർ വാങ്ങി നല്കുക എന്ന ചിന്തയ്ക്ക് ജർമനിയിലും ഓസ്ട്രിയയിലും അവർ സേവനം ചെയ്യുന്ന നാട്ടിലെ ജനങ്ങൾ സ്വർണ്ണ ചിറകുകൾ സമ്മാനിച്ചപ്പോൾ രണ്ട് വെന്റിലേറ്ററുകളും അതിന്റെ നാലിരട്ടി ചെലവു വരുന്ന ഓക്സിജൻ പ്ലാന്റുകൂടെ സ്ഥാപിക്കുന്നതിലേക്ക് ക്രിസ്തീയ സ്നേഹം കാരുണ്യമായി ഒഴുകി. വെന്റിലേറ്റർ ചലഞ്ച് എന്ന ആശയം, ആവശ്യമറിഞ്ഞ് പ്രവർത്തിക്കുന്ന അവരുടെ സ്വയം പ്രേരിത സുകൃതമായിരുന്നു എന്നതാണ് ഇതിന്റെ പ്രതേകത.

കോവിഡ് 19 രണ്ടാം തരംഗം ഭാരതത്തിന്, പ്രത്യേകിച്ച് കേരളത്തിന് കനത്ത പ്രഹാരമാണ് ഏല്പിച്ചത്. ആശുപത്രികളിലെ കോവിഡ് വാർഡുകളും ഐസിയുകളും നിറഞ്ഞു. ഓക്സിജൻ സഹായം ആവശ്യമായ രോഗികളുടെ സംഖ്യ പെരുകി. വെന്റിലേറ്റർ കിടക്കകൾക്കായി രോഗികളുടെ ബന്ധുക്കൾ നെട്ടോട്ടമോടി.

പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിലും സാഹചര്യങ്ങൾ വ്യത്യസ്തമായിരുന്നില്ല. ചികിത്സിക്കാവുന്നതിന്റെ പരിധിക്കപ്പുറമായിരുന്നു രോഗികളുടെ എണ്ണം. സ്ഥലപരിമിതികൊണ്ടും ആരോഗ്യപ്രവർത്തകരുടെ അഭാവത്താലും ഓക്സിജൻ ബെഡ് തികയാതെ വന്നതുകൊണ്ടും കൂടുതൽ വെന്റിലേറ്ററുകൾ ഇല്ലാത്തതിനാലും രോഗികൾക്ക് ചികിത്സ നൽകാൻ കഴിയാതെ വന്നത് വേദനിപ്പിക്കുന്ന അനുഭവമായിരുന്നു. കോവിഡ് ന്യുമോണിയ ബാധിച്ച് ഗുരുതരാവസ്ഥയിലായ രോഗികളുടെ എണ്ണം ഏറിയപ്പോൾ ഓക്സിജൻ ഉപഭോഗം വർധിക്കുകയും ഓക്സിജൻ സിലിണ്ടറുകൾ നിറച്ചു കിട്ടാൻ വാഹനങ്ങൾ രാപകൽ ഭേദമന്യേ കളമശ്ശേരിയിലെ പ്ലാന്റിലേക്ക് പാഞ്ഞിട്ടും ഓക്സിജനു കടുത്ത ക്ഷാമം നേരിട്ടു.

## ലിങ്കനിലെ നല്ല സമറായൻ

ഓസ്നാബ്രുക്ക് രൂപതയിൽ സേവനം ചെയ്യുന്ന, റോബിനച്ചന്റെ അടുത്ത സുഹൃത്തും കോട്ടപ്പുറം രൂപതാംഗവുമായ ഫാ.ആന്റണി കല്ലറക്കലുമായി കേരളത്തിലെ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും നിരന്തരം റോബിനച്ചൻ ഫോണിലൂടെ പങ്കുവയ്ക്കുമായിരുന്നു. എത്രയും പെട്ടെന്ന് ഒരു വെന്റിലേറ്ററിനുള്ള പണം സമാഹരിച്ച് തരാം എന്ന് റോബിനച്ചനെ അറിയിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.



ഫാ. ആന്റണി കല്ലറക്കൽ

കല്ലറക്കലച്ചൻ വികാരിയായി സേവനം ചെയ്യുന്ന ലിങ്കനിലെ ക്യൂൻ മേരീസ് പള്ളിയിൽ ഞായറാഴ്ച ദിവ്യബലി മധ്യേ കോവിഡ് മഹാമാരി ഉയർത്തുന്ന പ്രതിസന്ധി സംബന്ധിച്ചും കോട്ടപ്പുറം രൂപതയുടെ കീഴിലുള്ള ഡോൺബോസ്കോ ആശുപത്രിയുടെ പരിമിത സാഹചര്യങ്ങളെക്കുറിച്ചും ആന്റണിയച്ചൻ പ്രതിപാദിച്ചു. ആന്റണിയച്ചൻ ആ ഇടവകയിൽ എത്തിയിട്ട് രണ്ടു വർഷമേ ആയിട്ടുള്ളൂവെങ്കിലും ജനങ്ങളുമായുള്ള ഇടപെടലുകളും പ്രവർത്തനങ്ങളുംകൊണ്ട് അദ്ദേഹം ശ്രദ്ധേയനായിരുന്നു. അതിനാൽത്തന്നെ അച്ചന്റെ ഹൃദയ സ്പ

ർശിയായ വാക്കുകൾ വിശ്വാസി സമൂഹം മുഖവിലക്കെടുത്തു. ഒന്നോ ഏറിയാൽ രണ്ടോ വെന്റിലേറ്ററുകൾക്കുള്ള സാമ്പത്തിക സഹായം നൽകാം എന്നതായിരുന്നു അച്ചന്റെ ലക്ഷ്യമെങ്കിലും അദ്ദേഹത്തിന്റെ പ്രതീക്ഷകളെ കടത്തിവെട്ടുന്നതായിരുന്നു ജനങ്ങളുടെ പ്രതികരണം. ഇടവകയിലെ ആബാലവൃന്ദം ഈ ജീവകാരുണ്യ പ്രവർത്തനത്തിന് സഹകരിച്ചു. ഇടവകയ്ക്ക് സമീപത്തുള്ള പ്രൊട്ടസ്റ്റന്റ് സഭക്കാർപോലും സഹായവുമായി ഓടിയെത്തി.

## ആദ്യകുർബാന സ്വീകരണാർത്ഥികളുടെ കൈത്താങ്ങ്

ആന്റണിയച്ചന്റെ ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിനൊരുങ്ങി കൊണ്ടിരുന്ന കുട്ടികളുടെ പ്രതികരണം അത്ഭുതാവഹമായിരുന്നു. ഞായറാഴ്ച ബലിയർപ്പണ മധ്യേ അച്ചൻ നടത്തിയ ഹൃദയസ്പർശിയായ വാക്കുകൾ ഈശോയെ സ്വീകരിക്കാൻ ഒരുങ്ങുന്ന കുഞ്ഞുങ്ങളെയും പ്രതികരിക്കാൻ പ്രേരിപ്പിച്ചു. നാള മയെർ എന്ന 10 വയസുകാരി തനിക്ക് ഇക്കാര്യത്തിൽ എന്ത് ചെയ്യാനാകും എന്ന് സ്വയം ആലോചിച്ചു. അവൾ വായിച്ചു കഴിഞ്ഞ തന്റെ പുസ്തകങ്ങളും കണ്ടു കഴിഞ്ഞ സിഡികളും ഉപകാരപ്രദമാകുന്ന മറ്റു വസ്തുക്കളും വിറ്റ് പണം സമാഹരിക്കാൻ തീരുമാനിച്ചു. തന്റെ ഈ ആശയം സുഹൃത്തുക്കളായ എലിസ മേരി , കാർള ഫോപ്പെ എന്നിവരുമായി പങ്കുവച്ചു. അവരും സഹകരണം വാഗ്ദാനം ചെയ്തു. കുട്ടികളുടെ മാതാപിതാക്കളും മക്കളുടെ ഈ ആശയത്തിന് പൂർണ്ണ പിന്തുണയുമായെത്തി.

ആദ്യ ദിനംതന്നെ 500 യൂറോയോളം കുഞ്ഞുങ്ങൾ സമാഹരിച്ചു. ഒരു സാധനത്തിനും കുട്ടികൾ വിലയിട്ടിരുന്നില്ല. ഇഷ്ടപ്പെട്ടത് എടുത്ത് ഇഷ്ടമുള്ള തുക നല്കുകയെന്ന ഒരു വില്പനയായിരുന്നു അവർ അവലംബിച്ച മാർഗം. രണ്ടാം ദിനമായപ്പോൾ കാർളയുടെ ജ്യേഷ്ഠ സഹോദരൻ ഹെൻറിയും കുട്ടികളുടെ മൂവർ സംഘത്തോടൊപ്പം ചേർന്നു. സാവധാനം അവർ പലരീതിയിൽ റോഡിലിറങ്ങി സഹായഭ്യർത്ഥന നടത്താൻ തുടങ്ങി. ഇതോടെ വാഹനങ്ങൾ റോഡിൽ നിറുത്താൻ തുടങ്ങിയപ്പോൾ ആരോ പൊലീസിൽ പരാതി നല്കി. കുട്ടികളാകട്ടെ ഇങ്ങനെയൊരു കാര്യം നടത്തുന്നത് നിയമാനുസൃതമായി ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നുമില്ല. പൊലീസ് ഉടൻ തന്നെ സ്ഥലത്തെത്തി .കുട്ടികളിൽ നിന്ന് കാര്യങ്ങൾ അറിഞ്ഞപ്പോൾ പൊലീസ് അവർക്കു നേരെ നടപടി സ്വീകരിച്ചില്ലെന്നു മാത്രമല്ല അവരുടെ സംഭാവനകൂടി കൊടുത്ത് കുട്ടികളെ അഭിനന്ദിച്ചതിനു ശേഷമാണ് മടങ്ങിയത്. അങ്ങനെ കുട്ടികൂട്ടം രണ്ട് ദിവസം കൊണ്ട് വെന്റിലേറ്റർ വാങ്ങുന്നതിനായി സമാഹരിച്ചത് 1400 യൂറോ ആയിരുന്നു. ജർമ്മൻ പത്രങ്ങളിൽ ഇത് വാർത്തയുമായി. ഏകദേശം ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തോളം രൂപ. ആദ്യകുർബാന സ്വീകരണത്തിന് ഈശോയ്ക്ക് നല്കുന്ന സമ്മാനമായി അവർ അത് വികാരി ഫാ.ആന്റണി കല്ലറക്കലിന് കൈമാറുകയും ചെയ്തു.

## വിധവയുടെ ചില്ലിക്കാശുപോലെ

ഇടവക ജനങ്ങളും മുൻ ഇടവകയിലെ സുമനസുകളും പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങളും ഒട്ടനവധിപേർ ഇതിനോട് പ്രതികരിച്ച് സഹകാരികളായി. ഇതിനുപുറമേ വിധവയുടെ ചില്ലിക്കാശുകണക്കേയുള്ള സഹായങ്ങളും ഒഴുകിയെത്തി. ഏഴുവയസുള്ള ഒരു കുട്ടി രണ്ട് യൂറോ നൽകി. 7000 യൂറോയുടെ മഹത്ത്വമാണ് ആന്റണിയച്ചൻ അതിൽ കണ്ടത്. 80 വയസിനടുത്ത് പ്രായമുള്ള അവിവാഹിതകളായ, ധനികരല്ലാത്ത രണ്ട് സഹോദരിമാർ തങ്ങൾക്കിനി ശേഷിക്കുന്നകാലം

മുന്നോട്ടുപോകാൻ അധികം പണം വേണ്ട എന്ന് പറഞ്ഞ് ജീവിക്കാനുള്ള വകയിൽ നിന്ന് ഒരു വെന്റിലേറ്ററിനുള്ള തുക ആന്റണിയച്ചനെ ഏൽപ്പിച്ചു. അതുപോലെ കരകൗശല വസ്തുക്കളും മറ്റും ഉണ്ടാക്കി വിറ്റ് കാരുണ്യ പ്രവൃർത്തികൾ ചെയ്യുന്ന ഇടവകയിലെ പ്രായമേറിയ ഇരുപതുപേരടങ്ങുന്ന സ്ത്രീകളുടെ സംഘം ഇക്കാര്യത്തിനായി പതിനായിരം യൂറോ സംഭാവനയായി നല്കി.

## ശ്വാസമടക്കി ശ്വസനോപകരണ സഹായം

രണ്ട് വെന്റിലേറ്ററുകൾ വാങ്ങുവാനുള്ള പണം സ്വരൂപിക്കാനായിരുന്നു ആന്റണിയച്ചന്റെ ഉദ്യമമെങ്കിലും ഓക്സിജൻ പ്ലാന്റുകൂടി വാങ്ങി നൽകാൻ കഴിയുന്ന വിധത്തിൽ ലിങ്കണിലെ ജനം ഔദാര്യപൂർവം സഹകരിച്ചു. ഭാരതത്തിൽ കോവിഡ് കാലത്ത് ഓക്സിജന് ക്ഷാമമുണ്ടായതിനാൽ കൂടുതൽ ആശുപത്രികൾ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ തുടങ്ങിയതുകൊണ്ട് ഓർഡർ നൽകിയാൽ 18 മുതൽ 22 ആഴ്ചകളാണ് കമ്പനി അതിനുള്ള സമയ പരിധി ആവശ്യപ്പെട്ടത്. അതുകൊണ്ട് ഫാ. ആന്റണി താൻ മുൻപ് ചാപ്ലിനായി സേവനം ചെയ്തിരുന്ന ലിങ്കണിലെ സെന്റ് ബോനിഫസ് ആശുപത്രിയുമായി ആലോചിച്ച് എത്രയും പെട്ടെന്ന് ഒരു ഓക്സിജൻ പ്ലാന്റ് ജർമനിയിൽ നിന്ന് ഡോൺ ബോസ്കോയിലെത്തിക്കാനുള്ള ശ്രമം നടത്തിയെങ്കിലും ചില പ്രായോഗിക പ്രശ്നങ്ങളാൽ അത് ഉപേക്ഷിക്കേണ്ടിവന്നു.

## നോബിയച്ചന്റെ കാരുണ്യസ്പർശം

ഫാ. ആന്റണി കല്ലറക്കൽ തന്റെ ഇടവകയിൽ നടത്തുന്ന സംരംഭത്തെക്കുറിച്ച് സൗഹൃദ സംഭാഷണത്തിനിടയിൽ കോട്ടപ്പുറം രൂപതാംഗംതന്നെയായ ഓസ്ട്രിയയിലെ ഫെൽഡ്കിർഹ് രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന ഫാ. നോബി അച്ചാരുപറമ്പിലുമായി പങ്കുവക്കുകയുണ്ടായി. ഇത് മനസിലാക്കിയ അദ്ദേഹം തന്റെ ഇടവക പാരിഷ് സെക്രട്ടറിയുടെ ശ്രദ്ധയിൽ ഇക്കാര്യം സൂചിപ്പിച്ചു. വളരെ അനുഭാവപൂർണ്ണമായ പ്രതികരണമായിരുന്നു അദ്ദേഹത്തിൽനിന്ന് ഉണ്ടായത്. അങ്ങനെയാണ് നോബിയച്ചൻ വികാരിയായിരിക്കുന്ന ഓസ്ട്രിയ ഫെൽഡ്കിർഹ് രൂപതയിലെ മൈനിങ്കൻ സെന്റ് ആഗത്ത, ബ്രേഡറീസ് സെന്റ് എവുസേബിയൂസ് പള്ളികളിൽ ഞായാഴ്ച ദിവ്യ



ഫാ. നോബി അച്ചാരുപറമ്പിൽ

ബലിക്കിടക്ക് കേരളത്തിലെ കോവിഡ് സ്ഥിതിയെക്കുറിച്ചും ഡോൺ ബോസ്കോ ആശുപത്രിയെക്കുറിച്ചും വെന്റിലേറ്റർ ചലഞ്ചിനെ സംബന്ധിച്ചും പ്രതിപാദിക്കുന്നത്. വളരെ പ്രോത്സാഹനജനകമായ പ്രതികരണമാണ് രണ്ട് ഇടവകകളിലെയും ജനങ്ങളിൽ നിന്നു അച്ചന് ലഭിച്ചത്.

ഫാ. ആന്റണി കല്ലറക്കലും ഫാ. നോബി അച്ചാരുപറമ്പിലും കോട്ടപ്പുറം രൂപതാംഗങ്ങളാണെങ്കിലും അവർ ഇപ്പോൾ നല്ല സമരിയാക്കാരന്റെ റോളിലാണ് മാതൃരൂപതയെ സഹായിച്ചത്. അവസരോചിതമായി ഈ രണ്ടു വൈദികരും ഇടപെട്ടതുമൂലം കോവിഡ് രണ്ടാം തരംഗത്തിനിടയിൽ പറവൂർ ഡോൺ ബോസ്കോ ആശുപത്രിക്ക് ലഭിച്ച അനുഗ്രഹത്തിലൂടെ അനേകരുടെ ജീവശ്വാസത്തിന് താങ്ങും തണലുമാകാൻ സാധിച്ചു എന്നതിനപ്പുറം കടൽകടന്നെത്തിയ കനിവുസമ്മാനിച്ച വെന്റിലേറ്ററുകൾ കുറച്ചു മനുഷ്യർക്ക് തിരികെ നൽകിയത് അണഞ്ഞെന്നു കരുതിയ ജീവിതം തന്നെയായിരുന്നു.


Kinder spenden ihre Bücher und sammeln so 1400 Euro

Geld ist für indisches Krankenhaus

ജർമ്മൻ പത്രത്തിൽ വന്ന വാർത്ത

കരുണയും കാരുണ്യവും പ്രസംഗിക്കാനുള്ളതുമാത്രമല്ല, അത് നിത്യജീവിതത്തിന്റെ ഭാഗവും ഭാവവുമാകണം. അപരജീവിതങ്ങളിലേക്ക് അത് സന്നിവേശിപ്പിക്കാനുള്ളതാണെന്ന തിരിച്ചറിവാണ് റോക്കിറോബിയെന്ന യുവവൈദികന്റെ പൗരോഹിത്യജീവിതം സാക്ഷ്യപ്പെടുത്തുന്നത്. കോട്ടപ്പുറം രൂപത വക്താവു കൂടെയായ റോബിനച്ചന്റെ ദീർഘവീക്ഷണവും നയചാതുര്യത്തോടെയുള്ള അറിഞ്ഞിടപെടാനുള്ള സവിശേഷമായ കഴിവും ഏതൊരു കർമമേഖലയെയും ശോഭിതമാക്കിയിട്ടുണ്ട്. ഡോൺബോസ്കോ ആശുപത്രിയെയും ഒരു പരിസ്ഥിതി സൗഹൃദ ആതുരാലയമാക്കി, പാവങ്ങളുടെ അഭയ ആശ്വാസകേന്ദ്രമാക്കി ഉയർത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ. ■

# മതനിരപേക്ഷതയുടെ കറുത്ത തിങ്കൾ



ഫാ. ജോസ് കണ്ണംകുഴി
*വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച്, അന്ധേരിമോഡ്*

**ഈശോസഭ വൈദികനും മിഷണറിയുമായിരുന്ന ഫാ. സ്റ്റാൻ സ്വാമിയുടെ കിരാത തടങ്കലും അരുംകൊലയും ജനാധിപത്യത്തിന്റെ മാറുപിളർത്തി രക്തമൊലിപ്പിച്ചിട്ട് ആഴ്ചയൊന്ന് തികയുംമുമ്പേ മതേതരത്വത്തിന്റെ നാരായവേരിലും ഭരണകൂട കിരാതവാഴ്ചയുടെ കണ്ഠകോടാലിവയ്ക്കപ്പെട്ടു. ഫരിദാബാദ് കത്തോലിക്കാ രൂപതയിലെ ഡൽഹി ലാഡോസരായി അന്ധേരിയാമോഡ് ലിറ്റിൽ ഫ്ളവർ ദൈവാലയം മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് കുത്തിമറിച്ച് കല്ലിന്മേൽ കല്ല് ശേഷിക്കാതെ നശിപ്പിച്ചപ്പോൾ ഭരണഘടനാശാസനങ്ങൾക്കേറ്റ മുറിവായി. ഒരു ആരാധനാലയത്തിനുനേരെ ഭരണകൂടം നടത്തിയ വേട്ടയുടെ കറുത്ത തിങ്കളിലെ നേർക്കാഴ്ച.**

അനധികൃത നിർമാണമെന്ന പ്രഖ്യാപനത്തോടെ മുന്നറിയിപ്പുകളൊന്നുമില്ലാതെ ഒരു വിശ്വാസിസമൂഹം ബലിയർപ്പിച്ചിരുന്ന ആരാധനാലയത്തിനുമീതെ ഡെമോക്ലസിന്റെ വാൾ പതിച്ചതുപോലെ ജെസിബി കയറിയിറങ്ങിയപ്പോൾ ധ്വംസിക്കപ്പെട്ടത് ഭരണഘടന നൽകുന്ന അവകാശങ്ങളും സ്വാതന്ത്ര്യവുമാണ്. ഏതൊരു വ്യക്തിക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ആരാധനനടത്താനും സ്വാതന്ത്ര്യം ഉണ്ടായിരിക്കേയാണ് സീറോമലബാർ സഭയുടെ ഫരീദാബാദ് രൂപതയ്ക്ക് കീഴിലുള്ള അന്ധേരിയാമോഡ് ലിറ്റിൽഫ്ളവർ ദൈവാലയം ഇടിച്ചുനിരത്തിയത്.

മുന്നറിയിപ്പുകളൊന്നും നൽകാതെ ജൂലൈ പന്ത്രണ്ടിന് രാവിലെ 9.30ന് രണ്ടു പൊലീസ് ഉദ്യോഗസ്ഥർ വന്ന് അകാരണമായി ദൈവാലയത്തിലേക്കുള്ള റോഡ് ഉപരോധിച്ചുകൊണ്ടാണ് ഇടിച്ചുനിരത്തൽ നാടകത്തിന് ആരംഭം കുറിച്ചത്. അനധികൃതമായി നിർമിച്ചിരിക്കുന്ന ഷെഡ്പൊളിക്കാനാണ് വന്നതെന്ന അറിയിപ്പുമായി പിന്നാലെ ബ്ലോക്ക് ഡവലപ്മെന്റ് ഉദ്യോഗസ്ഥനുമെത്തി. തൊട്ടുസമീപംതന്നെ പരിശുദ്ധമാതാവിന്റെ കപ്പേളയാണുള്ളത്. അവിടെയാണ് വിശ്വാസികൾ പ്രാർത്ഥിക്കുന്നതും കുമ്പസാരി

ക്കുന്നതും ബലിയർപ്പണത്തിൽ പങ്കുചേരുന്നതും. അൾത്താരയിൽ കയറരുതെന്നു പറഞ്ഞുകൊണ്ട് പൊലീസുകാർ ഇടവക വികാരികൂടിയായ എന്നെ തള്ളിപ്പുറത്താക്കി. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ എന്നുപറയപ്പെടുന്ന ആളാണ് ആദ്യം ദൈവാലയത്തിനകത്ത് കയറിയത്. ഇവരുടെ സംസാരചേഷ്ടകളിൽ നിന്നും പള്ളിപൊളിക്കാനുള്ള ആലോചനയാണെന്ന് മനസ്സിലായതോടെ സക്രാരിയിൽ നിന്ന് തിരുവോസ്തി എടുത്തു മാറ്റാൻ ശ്രമിക്കുന്നതിനിടയിൽ വീണ്ടും അവർ എന്നെ തടഞ്ഞ് എന്റെ കഴുത്തിൽപിടിച്ച് തള്ളി ഗെയിറ്റിനുപുറത്താക്കി. പിന്നീടുനടന്നത് യുദ്ധസമാനമായ ഒരു ഇടിച്ചുനിരത്തലായിരുന്നു.

1982 മുതൽ ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലം ഫിലിപ്പോസ് ജോൺ എന്ന വ്യക്തിയുടെ കൈവശാവകാശത്തിലായിരുന്നതാണ്. ഇടവകാംഗമായിരുന്ന അദ്ദേഹം പിന്നീട് ഈ സ്ഥലം ദൈവാലയം നിർമ്മിക്കുന്നതിനുവേണ്ടി ഇഷ്ടദാനമായി നൽകിയതാണ്. ഇതിന്റെ ആവശ്യമായ എല്ലാ രേഖകളും കൈവശമുണ്ടുതാനും. മുടക്കമില്ലാതെ നാളിതുവരെ വൈദ്യുതി ബിൽ, വെള്ളക്കരം, വസ്തുനികുതി എന്നിവ കൃത്യമായി അടച്ചുകൊണ്ടിരിക്കുന്നതിന്റെ രേഖകളുമുണ്ട്. ഗ്രാമസഭയ്ക്ക് ആവശ്യമായ എല്ലാ കൈവശാവകാശരേഖകളും കൃത്യമായിട്ടുള്ള ഈ ഭൂമിയിൽ അനധികൃതമായി പ്രവേശിച്ചാണ് ദൈവാലയവും തിരുവസ്തുക്കളും ഭരണകൂടാധികാരികൾ നശിപ്പിച്ചത്.

ഫരീദാബാദ് രൂപതയുടെ കീഴിലെ ഏറ്റവും വലിയ ഇടവകകളിലൊന്നായ ഇവിടെ 450 ലേറെ കുടുംബങ്ങളുണ്ട്. രണ്ടായിരത്തിലധികംവരുന്ന പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ ആരാധനാകേന്ദ്രമായ ഈ ആലയം യാതൊരു മുന്നറിയിപ്പുമില്ലാതെ നിയമവിരുദ്ധമായാണ് പൊളിച്ചുനീക്കിയത്. കുത്തബ്മിനാറിനടുത്ത് ലഡോസരായി അന്ധേരിയാമോഡിലെ ഡോ. അംബേദ്കർ കോളനിയിലുള്ള ഈ





***ലിറ്റിൽ ഫ്‌ളവർ ദൈവാലയ അധികൃതർ ഡൽഹി കേരളഹൗസിൽ കേരള മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം സമർപ്പിക്കുന്നു.***

പ്രദേശത്ത് സമാന സ്വഭാവമുള്ള കെട്ടിടങ്ങൾ നിലനിൽക്കുമ്പോഴാണ് അധികൃതർ പള്ളി പൂർണമായും പൊളിച്ചു നീക്കിയിട്ടുള്ളത്. പള്ളിയുടെ നിർമാണം സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിൽ നിലനിൽക്കുമ്പോഴാണ് പകപോക്കലെന്നവിധം അനധികൃത പൊളിക്കൽ നടപടിയുണ്ടായത്. മാത്രമല്ല, വിഷയത്തിൽ ഡൽഹി സർക്കാരിന്റെ തന്നെ മതപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സമിതി അന്തിമ തീരുമാനം എടുക്കണം എന്ന ചട്ടവും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ■

പള്ളിയിൽ ആരാധന തടയുകയോ പള്ളി ഇടിച്ചുനിരത്തുകയോ ചെയ്യരുതെന്ന ഡൽഹി ഹൈക്കോടതിയുടെയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ഉത്തരവുകളെ മറികടന്നാണ് ഡൽഹി റവന്യൂ ഉദ്യോഗസ്ഥരുടെ കിരാതനടപടികൾ.

ഛത്തർപൂർ ഗ്രാമസഭയുടെ കൈവശമുള്ള സ്ഥലത്ത് അനധികൃതമായി ആരാധനാലയം നിർമിച്ചവെന്ന ആരോപണത്തിനും പള്ളിപൊളിച്ചതിനുമെതിരെ നിയമനടപടികൾക്കായി തയ്യാറെടുക്കുകയാണ് രൂപതാവക്താവ് ഫാ. ജിന്റോ കെ. ടോം. പ്രധാനമന്ത്രിയെ സന്ദർശിക്കാൻ ഡൽഹിയിലെത്തിയ കേരളമുഖ്യമന്ത്രി പിണറായി വിജയനെ ഇതിനു മുന്നോടിയായി രൂപതാവൈദികനേതൃത്വത്തിനും വിശ്വാസികൾക്കുമൊപ്പം ഞാൻ സന്ദർശിച്ച് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ചട്ടങ്ങൾ മറികടന്നു പൊളിച്ചുനീക്കിയ ലിറ്റിൽ ഫ്‌ളവർ ദൈവാലയം പുനർനിർമിച്ചുനൽകണം എന്ന ആവശ്യം ചൂണ്ടിക്കാട്ടി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിനും രൂപതാപ്രതിനിധികൾ പരാതി നൽകിയിട്ടുണ്ട്.

# എല്ലാം ശുഭമാകും

## നോറിച്ചിലെ ജൂലിയൻ (1343– 1416)



ഫാ. ജെയിംസ് വയലിൽ CST
*ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ*

**ചുറ്റും ദുഃഖദുരിതങ്ങളുടെ അന്ധകാരം വ്യാപിക്കുമ്പോഴും നമ്മോടൊത്തുള്ള ദൈവിക സഹവാസം ദൈവത്തിന്റെ അസ്തമിക്കാത്ത സ്നേഹംകൊണ്ട് നമ്മെ പൊതിഞ്ഞ് സംരക്ഷിക്കുന്നുണ്ട്. നോറിച്ചിലെ ജൂലിയന്റെ വിശുദ്ധമായ ശുഭാപ്തിവിശ്വാസത്തിന്റെ ആഴങ്ങളിൽനിന്നൊരെത്തിനോട്ടം.**

"ദൈവം എനിക്ക് വെളിപ്പെടുത്തിയതും മറ്റുള്ളവർ അറിയണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ചു ഒരു സ്ത്രീയായതുകൊണ്ടുമാത്രം സംസാരിക്കാൻ പാടില്ലെന്ന് ഞാൻ വിശ്വസിക്കണമോ?"– എക്കാലവും പ്രസക്തമായ ഈ ചോദ്യമുന്നയിച്ചുകൊണ്ടു നോറിച്ചിലെ ജൂലിയൻ എഴുതിയ *"ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലുകൾ' (Revelations of Divine Love)* എന്ന പുസ്തകം ആത്മീയമേഖലയിൽ പുതിയൊരു ലോകം തുറന്നിട്ടു. ഇംഗ്ലീഷ് ഭാഷയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സ്ത്രീ രചിച്ച ഗ്രന്ഥവും ഇതു തന്നെ. ജീവിതത്തെ ഭാവാത്മകമായി കാണുന്നവർ ആവേശത്തോടെ സ്വീകരിക്കുന്ന All shall be well, and all shall be well, and all manners of things shall be well'എന്ന കലർപ്പില്ലാത്ത ശുഭാപ്തി വിശ്വാസത്തിന്റെ വെളിച്ചം നിറഞ്ഞ വാക്കുകൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ജൂലിയനു ലഭിച്ച 16 ദർശനങ്ങളുടെ വിവരണമാണ്. ഭൗതികമായ സ്വച്ഛതയും സമാധാനവും തികച്ചും അന്യമായിരുന്ന മധ്യകാല ഇംഗ്ലണ്ടിന്റെ ജീവിത പരിസരത്തിൽ നിന്നാണ് ഈ വാക്കുകൾ പിറക്കുന്നത്. ബ്യുബോണിക് വ്യാപിച്ചതോടെ ജനസംഖ്യയുടെ മൂന്നിലൊന്നു മരണത്തിനു കീഴടങ്ങി. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ വിനാശകരമായ യുദ്ധം നടക്കുന്നു. ചൂഷിതരായ കർഷകർ സംഘടിച്ചു നടത്തുന്ന പ്രക്ഷോഭം നാടിനെ പിടിച്ചുലയ്ക്കുന്നു. ചുറ്റുമുളള ദുഃഖവും



ദുരിതവും കൂടാതെ ശാരീരികമായ വേദനകളും അലട്ടുമ്പോൾ യാഥാർത്ഥ്യബോധമുള്ള ഒരാൾക്ക് എങ്ങനെ സന്തോഷിക്കാനാവുമെന്നു നമ്മൾ അത്ഭുപ്പെടുന്നിടത്താണ് ജൂലിയന്റെ ദൈവാനുഭവത്തിന്റെയും ജീവിതവീക്ഷണത്തിന്റെയും അടിത്തറ വെളിപ്പെടുന്നത്– *'ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലുകൾ.'*

കർത്താവിന്റെ യഥാർത്ഥ പേരോ കുടുംബപശ്ചാത്തലമോ നമുക്കറിയില്ല. എന്നാൽ ജൂലിയന്റെ ധന്യമായ ആത്മീയ ജീവിത സാക്ഷ്യമായ ഈ ഗ്രന്ഥത്തിൽ ചില സൂചനകൾ ലഭ്യമാണ്. ജൂലിയന് മുപ്പതു വയസു കഴിഞ്ഞപ്പോൾ മാരകമായ രോഗം ബാധിച്ചു കിടപ്പിലായി. മരണക്കിടക്കയിൽ രോഗീലേപനത്തിനു വന്ന വൈദികൻ നീട്ടിയ ക്രൂശിത രൂപത്തിലേക്ക് ഉറ്റു നോക്കിയ അവൾ ജീവിതത്തിലേക്ക് മടങ്ങി വന്നു. പിൽക്കാലത്തു നോറിച്ചിലെ വിശുദ്ധ ജൂലിയന്റെ ദൈവാലയത്തോടു അനുബന്ധിച്ച ഒരു ചെറിയ സെല്ലിൽ ജീവിതകാലം ഏകാന്തവാസം നയിച്ച ജൂലിയൻ കുരിശിന്റെയും പീഡാനുഭവത്തിന്റെയും ആഴമായ അർഥം സ്നേഹമാണെന്നു തിരിച്ചറിഞ്ഞു. ദർശനങ്ങളിൽ ഈശോ അഗാധമായ വേദന അനുഭവിക്കുന്നെങ്കിലും തിരുമുഖത്ത് ചുഴ്ന്നു

നിൽക്കുന്ന അവാച്യമായ ആനന്ദവും സമാധാനവുമാണ് ജൂലിയന്റെ ഹൃദയത്തെ ആകർഷിച്ചത്. സഹനങ്ങളുടെ അർഥം മാത്രമല്ല, നമ്മുടെ കർത്താവിന്റെ അർത്ഥംതന്നെ സ്നേഹമെന്നാണ് ജൂലിയൻ പഠിപ്പിക്കുന്നത്. നന്മയുടെയും കരുണയുടെയും പ്രഭാപൂരത്തിൽ ഇല്ലായ്മ തന്നെയായിപ്പോകുന്ന തിന്മയെക്കുറിച്ചുള്ള ജൂലിയന്റെ കാഴ്ചപ്പാട് ഒരുവേള അമ്പരപ്പിച്ചെന്നു വരാം. തിന്മയിൽ നിന്നുപോലും നന്മ ഉളവാക്കാൻ ദൈവത്തിനുസാധിക്കുമെന്ന ആശയം വിശദീകരിക്കുന്നിടത്തു കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ജൂലിയനെ ഉദ്ധരിക്കുന്നുണ്ട് (CCC 304,313,314).

ലോകം –പിശാച് –ശരീരം– ആത്മീയസമരത്തിന്റെ പൊതുഭാഷ ജൂലിയനിൽ നമ്മൾ കാണുന്നില്ല. ഇത് വെളിപ്പെടുത്തുന്ന മനോഹരമായൊരു ദർശനത്തെക്കുറിച്ചു ജൂലിയൻ പറയുന്നുണ്ട്. അനന്തരം എന്റെ ഉള്ളംകൈയിൽ ഹെയ്സൽനട്ട് പോലെ വളരെ ചെറിയൊരു വസ്തു കാണപ്പെട്ടു. ഗോളാകൃതിയിൽ ഉള്ള ഈ ചെറിയ വസ്തു എന്തായിരിക്കാമെന്നു ഞാൻ ആലോചിച്ചു. ഇക്കാണുന്ന 'സൃഷ്ടിജാലമെല്ലാം' എന്നെനിക്കു മറുപടി ലഭിച്ചു. തീർത്തും നിസ്സാരമായി കാണപ്പെട്ട ഇത് ശൂന്യതയിലേക്ക് എപ്പോൾ വേണമെങ്കിലും വീണുപോയേക്കാമെന്നു അമ്പരപ്പെട്ട എന്നോട് അവിടുന്ന് പറഞ്ഞു: ഇല്ല. ഞാൻ ഇതിനെ സൃഷ്ടിച്ചു, പരിപാലിക്കുന്നു, സ്നേഹിക്കുന്നു. അതുകൊു ഇതുനിലനിൽക്കുന്നു. ഈ പ്രപഞ്ചം മാത്രമല്ല, ഓരോ വ്യക്തിയും, ദൈവത്താൽ അഗാധമായി സ്നേഹിക്കപ്പെടുന്നു, പരിപാലിക്കപ്പെടുന്നു. കാരണം, അവിടുന്ന് അവനെ/ അവളെ സൃഷ്ടിച്ചു. വിശുദ്ധഗ്രന്ഥത്തിന്റെ സാരമെല്ലാം, ഉള്ളം കൈയിലെ നെല്ലിക്കയെപ്പോലെ വ്യക്തമാക്കുന്നതാണീ ദർശനം. 'ഏതൊരു ആവശ്യത്തിന്റെയും ആഴത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്ന ദൈവത്തിന്റെ നന്മയിൽ സ്വസ്ഥമായിരിക്കുക' എന്നതാണ് ഉത്തമമായ പ്രാർത്ഥന എന്ന് അവളെഴുതി. ഫ്രാൻസിസ് പാപ്പാ പറയുന്നതുപോലെ നമ്മുടെ 'പൊതുഭവന'മായ ഭൂമിയിലെ അധ്വാനവും ദൈവമഹത്ത്വത്തിലേക്കു നയിക്കുന്നതാണെന്നു പഠിപ്പിക്കുന്ന മനോഹരമായൊരുചെറുകവിതയും ജൂലിയന്റേതായുണ്ട്.

> **ദുഃഖ ദുരിതങ്ങളുടെ ഇരുട്ട് വ്യാപിക്കുമ്പോൾ എല്ലാറ്റിനെയും പൊതിഞ്ഞു നിൽക്കുന്ന ദൈവനന്മയുടെ ശക്തിയിൽ വിശ്വാസമർപ്പിക്കാൻ ജൂലിയൻ പഠിപ്പിക്കുന്നു.**

*Be a gardener.*
*Dig a ditch,*
*toil and sweat*
*and turn the earth*
*upside down*
*and seek the deepness*
*and water the plants*
*in time.*
*Continue this labor*
*and make sweet floods*
*to run*
*and noble and*
*abundant fruits*
*to spring.*
*Take this food and drink*
*and carry it to God*
*as your true worship.*

നമുക്ക് ചുറ്റും ദുഃഖ ദുരിതങ്ങളുടെ ഇരുട്ട് വ്യാപിക്കുമ്പോഴും ദൈവത്തിന്റെ നമ്മോടൊത്തുള്ള സഹവാസത്തിലും എല്ലാറ്റിനെയും പൊതിഞ്ഞു നിൽക്കുന്ന നന്മയുടെ ശക്തിയിലും വിശ്വാസമർപ്പിക്കാൻ നോറിച്ചിലെ ജൂലിയൻ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ അസ്തമിക്കാത്ത സ്നേഹത്തിൽ അടിസ്ഥാനമുള്ളതിനാൽ ഈ പ്രത്യാശ, വിശുദ്ധവും അർത്ഥപൂർണവുമാണ്. കോവിഡിന്റെ നിഴൽ വീണ വഴികളിലും വിശുദ്ധമായ ശുഭാപ്തി വിശ്വാസം നമ്മെ നയിക്കട്ടെ: and all manner of things shall be well. ■

# വെള്ളിയാഴ്ച മാംസവർജനം അനിവാര്യമോ?

വെള്ളിയാഴ്ചകളിലുള്ള മാംസവർജനം ഇപ്പോഴും പാലിക്കപ്പെടുന്നുണ്ടോ? മാംസവർജനത്തെക്കുറിച്ചുള്ള നിയമം ഒന്നു വിശദീകരിക്കാമോ?

*– അമൽ ജോർജ്, താമരശ്ശേരി*



റവ. ഡോ. എബ്രഹാം
കാവിൽപുരയിടത്തിൽ
*വൈസ് ചാൻസലർ,*
*മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ, മൗണ്ട് സെന്റ്തോമസ്, കാക്കനാട്*

ഈ ചോദ്യത്തിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. പഴയതലമുറ മാംസവർജനമെന്ന നിയമം കർശനമായി പാലിച്ചിരുന്നു. ഇപ്പോൾ ഈ നിയമത്തിൽ അയവു വന്നിരിക്കുന്നു, അല്ലെങ്കിൽ വിശ്വാസികൾ സ്വയം അയവുവരുത്തിയിരിക്കുന്നു. എല്ലാറ്റിനെയും വ്യക്തികളുടെ സൗകര്യാർത്ഥം വ്യാഖ്യാനിക്കുന്ന പ്രവണത കൂടിവരുന്നു എന്നതും സാന്ദർഭികമായി പറയേണ്ടതുണ്ട്.

വർജനം (abstinence) എന്നത് മാംസവും മാംസമടങ്ങിയ മറ്റ് ഭക്ഷ്യവസ്തുക്കളും ഉപേക്ഷിക്കലാണ്. ക്രൈസ്തവരുടെയിടയിൽ പുരാതനകാലം മുതൽ നിലനിന്നിരുന്ന ഒരു ജീവിതശൈലിയാണിത്. കർത്താവിശോമിശിഹാ ദുഃഖവെള്ളിയാഴ്ച മരിച്ചതുകൊണ്ട്, അവിടുത്തോടുള്ള ബഹുമാനത്തിന്റെ പേരിലാണ് വെള്ളിയാഴചകളിൽ മാംസം ഉപേക്ഷിക്കുന്ന സമ്പ്രദായം തുടങ്ങിയത്. പിന്നീട് ഇത് സഭാനിയമത്തിന്റെ ഭാഗമായി മാറുകയുണ്ടായി.

പൗരസ്ത്യസഭകൾക്കുള്ള കാനൻനിയമത്തിൽ 882-ാം കാനോന പ്രകാരം മാംസവർജനത്തെക്കുറിച്ചുള്ള നിയമങ്ങൾ ഓരോ വ്യക്തിസഭയും പ്രാബല്യത്തിൽ വരുത്തേണ്ടവയാണ്. ഓരോ സംസ്കാരത്തിന്റെയും പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുക്കാൻ ഇത് അവസരം നൽകുന്നു. ലത്തീൻ കാനൻനിയമത്തിൽ (cc. 1251-1252) ഇത് സംബന്ധിച്ച പൊതുവായ നിർദ്ദേശം നൽകുന്നുണ്ടെങ്കിലും പ്രാദേശിക മെത്രാൻ സംഘങ്ങൾക്ക് അവശ്യാനുസരണം ഭേദഗതി വരുത്താനുള്ള സാധ്യത നൽകുന്നുണ്ട്.

സീറോമലബാർസഭയുടെ പ്രത്യേകനിയമം മാംസവർജനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സഭയുടെ പ്രത്യേകനിയമം (art. 196 §2) മാംസത്തിൽ നിന്നും മാംസം അടങ്ങിയ മറ്റ് വസ്തുക്കളിൽ നിന്നുമുള്ള വർജനത്തെക്കുറിച്ച് പറയുന്നു.

ഏതൊക്കെ ദിവസങ്ങളിലാണ് മാംസവർജനം പാലിക്കേണ്ടത്?

പ്രത്യേകനിയമം art. 198 §1 പ്രകാരം എല്ലാ വെള്ളിയാഴ്ചകളിലും മാംസവർജനം നിർബന്ധമായും പാലിച്ചിരിക്കണം. എന്നാൽ നിയമംതന്നെ ചില വെള്ളിയാ

ഴ്ചകളെ ഒഴിവാക്കുന്നുണ്ട്. ക്രിസ്തുമസ്സിനും ദനഹാത്തിരുനാളിനുമിടയിൽ (ഡിസംബർ 25–ജനുവരി 6) വരുന്ന വെള്ളിയാഴ്ചകളിൽ മാംസം വർജിക്കേണ്ടതില്ല. അതുപോലെതന്നെ ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന ആദ്യത്തെ വെള്ളിയാഴ്ചയും ഈ നിയമം പാലിക്കേണ്ടതില്ല. മറ്റെല്ലാ വെള്ളിയാഴ്ചകളിലും മാംസം വർജിക്കാൻ സഭാനിയമം വിശ്വാസികളെ കടപ്പെടുത്തുന്നു. ഇതിനുപുറമേ, മാംസവർജനം പാലിക്കാൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്ന ദിവസങ്ങളുമുണ്ട്. പ്രത്യേക നിയമം art.198 §2 അനുസരിച്ച് താഴെപ്പറയുന്ന ദിവസങ്ങളിൽ മാംസം ഒഴിവാക്കാൻ സഭ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

1. വലിയ നോമ്പിന്റെ ദിവസങ്ങൾ (വിഭൂതിമുതൽ ഈസ്റ്റർവരെ)
2. ഇരുപത്തഞ്ച് നോമ്പിന്റെ ദിവസങ്ങൾ
3. മൂന്നുനോമ്പ് (യോനാ മൽസ്യത്തിന്റെ ഉദരത്തിൽ ആയിരുന്ന ദിവസങ്ങളുടെ അനുസ്മരണം. ഈസ്റ്ററിന് മുമ്പുള്ള 10–ാമത്തെ ആഴ്ചയിലെ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് മൂന്ന് നോമ്പ് ക്രമപ്പെടുത്തിയിരിക്കുന്നത്).
4. എട്ടുനോമ്പ് (മാതാവിന്റെ പിറവിത്തിരുനാളിനൊരുക്കമായി സെപ്റ്റംബർ 1 മുതൽ 8 വരെ).
5. പതിനഞ്ചുനോമ്പ് (ആഗസ്റ്റ് 1 മുതൽ 15 വരെ മാതാവിന്റെ സ്വർഗാരോപണത്തിരുനാളിനൊരുക്കമായി).

മുകളിൽ പറഞ്ഞിരിക്കുന്ന നോമ്പിന്റെ ദിവസങ്ങളിൽ മാംസം വർജിക്കാൻ കടമയില്ല. എന്നാൽ, ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുമെന്നതിനാൽ ഈ ദിവസങ്ങളിലും മാംസവർജനത്തിനായി സഭ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

ആരൊക്കെയാണ് മാംസവർജനത്തിന് കടപ്പെട്ടവർ? പൗരസ്ത്യകാനൻനിയമമോ, സീറോ മലബാർസഭയുടെ പ്രത്യേകനിയമമോ ഇക്കാര്യം വ്യക്തമാക്കുന്നില്ലെങ്കിലും, ലത്തീൻ സഭാനിയമമനുസരിച്ചു 14 വയസിനു മുകളിലുള്ളവരെയാണ് മാംസം വർജിക്കാൻ സഭ കടപ്പെടുത്തുന്നത് (c. 1252).

മാംസവർജനം, ഉപവാസം തുടങ്ങിയ സഭാനിയമങ്ങൾ വിശ്വസ്തയോടെ പാലിക്കുന്നത് നമ്മുടെ വിശ്വാസത്തെ പ്രഘോഷിക്കലും സാക്ഷ്യപ്പെടുത്തലുമാണ് എന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. ഇവ ഒരു വിശ്വാസിയുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിക്കുന്നതിനു സഹായിക്കുന്ന സഭാനിയമങ്ങളാണ്. എല്ലാറ്റിനും ഒഴിവുകണ്ടെത്തി ഓരോരുത്തർക്കും സൗകര്യപ്രദമായ കാര്യങ്ങൾ മാത്രം ചെയ്യാൻ പരിശ്രമിക്കുന്ന ഇന്നത്തെ വിശ്വാസിസമൂഹം ഇവയുടെ ആത്മീയമൂല്യം വീണ്ടെടുക്കേണ്ടത് സഭാ ജീവിതത്തിനും തലമുറകളുടെ ശിക്ഷണത്തിനും അനിവാര്യമായ വസ്തുതയാണ്. ■

**മാംസവർജനം, ഉപവാസം തുടങ്ങിയ സഭാനിയമങ്ങൾ വിശ്വസ്തയോടെ പാലിക്കുന്നത് വിശ്വാസത്തെ പ്രഘോഷിക്കലും സാക്ഷ്യപ്പെടുത്തലുമാണ് എന്നത് പ്രധാനപ്പെട്ട വസ്തുതയാണ്. ഇവ വിശ്വാസികളുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിക്കുന്നതിനു സഹായിക്കുന്ന സഭാനിയമങ്ങളാണ്.**



# സാമൂഹികം


വേരുകൾ ആഴപ്പെടുമ്പോഴേ
ശാഖകൾ ബലവത്താകൂ.
മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യ
ങ്ങൾ, ആനുകാലിക കഥകൾ,
കവിതകൾ, സിനിമകൾ,
പുസ്തകങ്ങൾ എന്നിവ
പരിചയപ്പെടുത്തിക്കൊ്
സമൂഹജീവിതത്തിന്റെ
സമഗ്രതയിലേക്കും
സുസ്ഥിതിയിലേക്കും
പറന്നുയരാൻ...

## കാറ്റിനരികെ

- വന(സു)വിശേഷം

റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
ജെ.സി. ബുക്ക്മാൻ

# കാറ്റിനരികെ



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

**കപ്പൂച്ചിൻ സന്ന്യാസസഭാംഗമായ ഫാ. റോയി കാരക്കാട്ട് സംവിധാനം ചെയ്ത 'കാറ്റിനരികെ' എന്ന ചിത്രമാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്. മികച്ച ചിത്രത്തിനുള്ള ഫിലിം ക്രിട്ടിക്സ് അവാർഡിനർഹമായ ഈ ചിത്രത്തിൽ അശോകൻ, സിനി അബ്രഹാം, സിദ്ധാർത്ഥ് ശിവ എന്നിവരാണ് പ്രധാന അഭിനേതാക്കൾ.**

ലാളിത്യത്തിന്റെ സൗന്ദര്യം, നന്മയുടെ വാഴ്വ് എന്നൊക്കെ ചുരുക്കി വിശേഷിപ്പിക്കാം 'കാറ്റിനരികെ' എന്ന ചിത്രത്തെ. അറിയാത്ത തെറ്റിന് അപ്പച്ചൻ ശിക്ഷിക്കപ്പെടുമ്പോൾ അപ്പച്ചനെ തിരികെ വീട്ടിലെത്തിക്കുന്നതിന് രണ്ട് കുഞ്ഞുമക്കൾ നടത്തുന്ന പ്രാർത്ഥനയും പരിത്യാഗവും ചേർത്തുവച്ച് നിഷ്ക്കളങ്കസ്നേഹത്തിന്റെ, നന്മയുടെ, കഥ പറയുകയാണ് 'കാറ്റിനരികെ.' കലയിൽ, ജീവിതത്തിൽ സുവിശേഷമൂല്യങ്ങളുടെ അനന്ത സാധ്യതകൾ അന്വേഷിക്കുന്ന ഒരു തീർത്ഥയാത്രയായാണ് ഈ സിനിമയെ റോയ് അച്ചൻ അവതരിപ്പിക്കുന്നത്.

ജോണി (അശോകൻ), ആനി (സിനി അബ്രഹാം), ജയിൽ വാർഡൻ (സിദ്ധാർഥ് ശിവ) തുടങ്ങിയ കഥാപാത്രങ്ങളാണ് ചിത്രത്തിലെ മുഖ്യരെങ്കിലും ഈ സിനിമയെ മുന്നോട്ടുകൊണ്ടുപോകുന്നത് ഇവർ ആരുമല്ല. ജോണിയുടെയും ആനിയുടെയും മക്കളായ തൊമ്മിക്കുഞ്ഞ്, അമ്മുക്കുട്ടി എന്നീ സഹോദരങ്ങളെ അവതരിപ്പിക്കുന്ന ബാലതാരങ്ങളാണ്.

ഒരു സാധാരണ സിനിമയുടേതുപോലെ പ്രേക്ഷകരെ തീയേറ്ററിൽ പിടിച്ചുനിർത്താൻ വേണ്ടി സൃഷ്ടിച്ച കഥയല്ലിത്. കഷ്ടപ്പാടുകൾക്കിടയിലും പ്രാർത്ഥനയും സന്മാതൃകയും വഴി ഒരു ക്രൈസ്തവ കുടുംബം എങ്ങനെ പ്രതിസന്ധിഘട്ടങ്ങളെ തരണംചെയ്യുമെന്ന പ്രതിപാദനമാണ് 'കാറ്റിനരികെ' അനാവരണം ചെയ്യുന്നത്.

ജോണി, ആനി, തൊമ്മിക്കുഞ്ഞ്, അമ്മുക്കുട്ടി, അവരുടെ ഓമനകളായ ആട്ടിൻകുട്ടികൾ എന്നിവർ ചേരുമ്പോൾ കാറ്റിനരികെ സ്നേഹപ്രപഞ്ചത്തിന്റെ ചേരുവകകളായി. അവർക്ക് സമ്പത്തിനുമാത്രമേ കുറവുള്ളൂ; സ്നേഹത്തിനും സമാധാനത്തിനും ഒരു കുറവുമില്ല. ഭൂമിയിലെ സ്വർഗം എന്ന് വിശേഷിപ്പിക്കാവുന്ന ഒരു മലഞ്ചെരുവിൽ പ്രകൃതിരമണീയ പ്രദേശത്താണ് ഇവരുടെ കൊച്ചുകുടിൽ. അവർക്ക് ചുറ്റും അയൽ

പക്കവീടുകൾ ഒന്നുമില്ല. ജോണിക്കും ആനിക്കും കുടുംബ സ്വത്തും നഗരത്തിൽ പാർക്കാനൊരു വീടും! ഇതൊക്കെ ഒരു സ്വപ്നമാണ്. പക്ഷേ, മോഹിക്കാൻ മാത്രമേ അവർക്ക് കഴിയുന്നുള്ളൂ. ഇവരുടെ സാമ്പത്തിക പശ്ചാത്തലം സുന്ദരസ്വപ്നങ്ങളിൽ ചുരുങ്ങുകയാണ്.

ഇവരുടെ ഒരു ദിവസം തുടങ്ങുന്നതും എന്തൊരു നല്ല കാര്യത്തിനും ഇവർ ഇറങ്ങുന്നതും കുടുംബം ഒരുമിച്ചു ചേർന്ന് പ്രാർത്ഥിച്ചുകൊണ്ടാണ്. പ്രാർത്ഥന കഴിഞ്ഞു കുട്ടികൾ സ്കൂളിലേക്കും സിസ്റ്റേഴ്സിന് ഭക്ഷണം ഒരുക്കാൻ ആനി മഠത്തിലേക്കും വിറകു ശേഖരിച്ചു വിൽക്കാനായി ജോണി കാട്ടിലേക്കും പോകും. ഇതാണവരുടെ പതിവ് ദിനചര്യ.

നന്മയുടെ ഈ പ്രതീകങ്ങൾക്കുനേരെ വിപരീത ദിശയിൽ സഞ്ചരിക്കുന്ന കുറച്ചു കഥാപാത്രങ്ങളെയും കഥയിൽ കണ്ടുമുട്ടാനാകുന്നുണ്ട്. ഏതൊരു നാട്ടിലും കാണാവുന്നതുപോലെ ഇവിടെയുമുണ്ട് പലചരക്ക് കട നടത്തുന്ന ഒരു ഏഷണിക്കാരൻ. കുഗ്രാമം എന്ന് വിളിക്കാവുന്ന ഈ നാട്ടിൽ ജീവിതത്തിന് ദ്രുതതാളം ഒന്നുമില്ലാത്തതിനാൽ ഈ പലചരക്ക് കടയെ ചുറ്റിപ്പറ്റിയാണ് മനുഷ്യരുടെ ജീവിതം. അതല്ലെങ്കിൽ ആണുങ്ങൾക്ക് അന്തിക്കുമേയാൻ നാട്ടിലൊരു കള്ളുഷാപ്പും. ഇത്രയേയുള്ളൂ ഈ നാട്ടിലെ 'വികസനം'. അതുകൊണ്ട് കടക്കാരന്റെ മുഖ്യവിനോദം വായ്നോട്ടവും നാട്ടിൽ എല്ലാവരുടെയും ജീവിതത്തിലേക്ക് ഒളിഞ്ഞു നോക്കലും ഏഷണി പരത്തലും ഒക്കെയാണ്.

ജോണിക്കൊപ്പം വിറക് വെട്ടാനും മറ്റു അല്ലറചില്ലറ പണികൾക്കുമായി നടക്കുന്ന മാത്തനും കൂടെയുള്ള ഏറാംമൂളി ചെറുപ്പക്കാരനും ജോണിയെ ഉദ്രവത്തിലേക്കല്ലാതെ ഒരു നല്ല കാര്യത്തിനും കൂടെ നിന്ന് സഹായിക്കുന്നില്ല. ഈയൊരു യാത്രയാണ് ചിത്രത്തിന്റെ ക്ലൈമാക്സും ചീത്ത കൂട്ടുകാർ ഒരുക്കുന്ന ചതിക്കുഴികളിൽ ചെന്നുവീഴുന്ന നിഷ്കളങ്കനായ ഒരു മനുഷ്യന്റെ ദുരന്തവും അനാവരണം ചെയ്യുന്നത്.

ജോണി നിർത്തിവച്ചിരുന്ന മദ്യപാനം എന്ന ദുശ്ശീലത്തിലേക്ക് അയാളെ മടക്കിക്കൊണ്ടുപോകുന്നതാണ് ഇവരുടെ ആദ്യചതി. തന്റെ തെറ്റുമന



സ്സിലാക്കി ജോണി പശ്ചാത്തപിച്ചു വീട്ടിൽചെന്ന് കയറുമ്പോൾ ആനിയും മക്കളും അയാൾക്ക് തെറ്റ് മനസ്സിലാകുംവിധം സ്നേഹശാസന കൊണ്ട് അയാളെ പൊതിയുന്നുണ്ട്. ആ കുടുംബം ദാരിദ്ര്യത്തിന്റെ നടുവിലും വീണ്ടും ഭൂമിയിലെ സ്വർഗരാജ്യത്തിന്റെ പതിപ്പായി മാറുന്നു.

പക്ഷെ, വലിയൊരു കൊടുങ്കാറ്റിനുമുമ്പുള്ള ശാന്തത മാത്രമായിരുന്നു ആ സ്വർഗീയദിനങ്ങൾ. ജോണിക്കൊപ്പമുള്ള ചെറുപ്പക്കാരുടെ കഞ്ചാവിന്റെയും കള്ളനോട്ടിന്റെയും മേഖലയിലുള്ള 'പിൻവാതിൽ വ്യാപാരങ്ങൾ' ജോണി അറിഞ്ഞിരുന്നില്ല. ഒരുപക്ഷേ അവരും ഒന്നുമറിയാതെ കൗതുകത്തിനോ നാലുകാശുണ്ടാക്കാം എന്നുകരുതിയോ ചെന്നുപെടുന്നതാകാം ഈ ദുരൂഹവ്യാപാരങ്ങളിൽ. പക്ഷെ പൊലിസിന്റെ പിടിയിലാവുന്നത് ഇതൊന്നും അറിയാത്ത, ഒന്നിനും ഉത്തരവാദിയല്ലാത്ത നിരപരാധിയായ ജോണിയാണ്.

നമ്മുടെ നിയമവ്യവസ്ഥകളിൽ ഒരാളുടെ, പ്രത്യേകിച്ചും പണമോ സ്വാധീനമോ ഇല്ലാത്തൊരു മനുഷ്യന്റെ നിരപരാധിത്വം തെളിയിക്കുക എളുപ്പമുള്ള കാര്യമല്ല എന്ന് നമ്മെ ബോധവാന്മാരാക്കും വിധമാണ് സംവിധായകൻ ഈ രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്നത്. ഇവിടെ പ്രതീക്ഷയുടെ കിരണമായി, ഒരു മാലാഖയെ പോലെ കടന്നുവന്ന് ജോണിയുടെ വീടിനെ, ആനിയെ, കുഞ്ഞുങ്ങളെ എല്ലാം ധീരമായി ഈ വിഷമസന്ധികളെ തരണം ചെയ്യാൻ സഹായിക്കുന്നത് പഞ്ചായത്ത് മെമ്പർ ആണ്.

പക്ഷെ 'കാറ്റിനരികെ' എന്ന ചിത്രത്തെ ക്രൈസ്തവ ആത്മീയതയുടെ ഒരു കാവ്യമായി സുന്ദരമാക്കുന്നത് പ്രതിസന്ധികളുടെ നടുവിലും ദൈവത്തിന്റെ കരസ്പർശം അനുഭവിക്കാൻ കഴിയും എന്ന് ഓർമിപ്പിക്കുന്ന അമ്മുകുട്ടിയുടെയും തൊമ്മിക്കുഞ്ഞിന്റെയും മാതൃകയാണ്.

ഈശോയുടെ സുവിശേഷതത്വങ്ങൾ അനുദിനജീവിതത്തിൽ തന്നെ നമുക്ക് പ്രാവർത്തികമാക്കാൻ കഴിയും എന്ന് ഈ കുഞ്ഞുമനസ്സുകളിലേക്ക് ആഴത്തിൽ പതിയുംവിധം ചൊല്ലിക്കൊടുക്കുന്നത് സിനിമയിൽ ധ്യാനഗുരുവിന്റെ റോ



ളിൽ അതിഥിതാരമായി എത്തുന്നജോസഫ്പുത്തൻപുരക്കൽ അച്ചനാണ്. ഓരോ ദിവസവും ചെയ്യുന്ന കൊച്ചു സ്നേഹപ്രവൃത്തികളും ത്യാഗാനുഷ്ഠാനങ്ങളും ഫലം കാണാതെ പോകില്ല എന്ന് ധ്യാന ദിവസങ്ങളിൽ പുത്തൻപുരക്കൽ അച്ചൻ പള്ളിയിൽ പ്രസംഗിച്ചത് അമ്മുക്കുട്ടിയും തൊമ്മിക്കുഞ്ഞും ഓർത്തുവച്ചിരുന്നു, പരസ്പരം ഓർമിപ്പിച്ചുകൊണ്ടിരുന്നു. ആ ഓർമ, തിരുവചനത്തിന്റെ ശക്തിയിലുള്ള കുഞ്ഞുമനസ്സുകളുടെ വിശ്വാസം അപ്പച്ചൻ ജോണി ജയിലിൽ നീതി ലഭിക്കാതെ കിടന്ന നാളുകളിൽ ആ കുടുംബത്തിന് തുണയായി.

ചിത്രത്തിൽ ഏറ്റവും സുന്ദരം എന്ന് തോന്നിക്കുന്നത് അമ്മുക്കുട്ടിയും തൊമ്മിക്കുഞ്ഞും കൂടി ദിവസവും ഓരോ മഞ്ചാടിക്കുരു നിക്ഷേപിച്ച് ഉണ്ടാക്കിയെടുക്കുന്ന കറകളഞ്ഞ ദൈവവിശ്വാസത്തിന്റെ 'മാന്ത്രികച്ചെപ്പ്' ആണ്. ദൈവം ഉറപ്പായും തങ്ങളുടെ പ്രാർത്ഥനയ്ക്കുത്തരം തരുന്നു എന്നതിന്റെ അടയാളമായി ഓരോ മഞ്ചാടിക്കുരു ഓരോ തവണയും അവർ ചെപ്പിൽ നിക്ഷേപിച്ചു. ഒരു മഞ്ചാടിക്കുരു ചെപ്പിൽ ഇടുമ്പോൾ ദൈവം തങ്ങളുടെ വിശ്വാസത്തിന് ഉറപ്പായി, പ്രാർത്ഥനക്ക് ഉത്തരം തരുന്നു എന്ന് ആ കുഞ്ഞു മനസ്സുകൾ ഉറച്ചു വിശ്വസിച്ചു. അവസാന മഞ്ചാടിക്കുരു ചെപ്പിലിടുന്ന ദിവസം അപ്പച്ചൻ ജയിലിൽ നിന്ന് മോചിതനായി മടങ്ങിവരും എന്ന് ആ കുഞ്ഞുങ്ങൾക്കു ഉറച്ച വിശ്വാസവുമുണ്ടായിരുന്നു.

ആനിക്ക് തന്റെ ഭർത്താവ് ജോണി അരികത്തില്ലാതെ, ജയിലിൽ കിടന്ന് നരകിക്കുമ്പോൾ കുടുംബവും കുട്ടികളെയും എങ്ങനെ സംരക്ഷിക്കും എന്ന വേവലാതികൾക്കിടയിലും ആശ്വാസം പകർന്നത് മക്കൾ ധൈര്യം വെടിയാതെ, വിശ്വാസപൂർവം ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കുന്നതായിരുന്നു. ഇതവർക്ക് വലിയ ആത്മീയ ശക്തിയായി മാറി.


ഒടുവിൽ നിരന്തരപ്രാർത്ഥനകൾക്ക് ദൈവത്തിന്റെ ഉത്തരമുണ്ടായി. കള്ളനോട്ടിന്റെയും ലഹരിമരുന്നിന്റെയും പുറകിലെ യഥാർത്ഥ കുറ്റവാളികളുടെ മാഫിയ സംഘത്തെ പൊലിസ് വിദഗ്ധമായി പിന്തുടർന്നു അഴികൾക്കുള്ളിലാക്കുന്നു. നിരപരാധിയായ ജോണി ജയിൽ വിമുക്തനായി തന്നെ കാത്തിരിക്കുന്ന സ്നേഹകൂടാരത്തിലേക്കു മടങ്ങുന്നു.

'കാറ്റിനരികെ' പ്രേക്ഷകരുമായി പങ്കുവയ്ക്കുന്ന മൂല്യങ്ങളുടെയും ആത്മീയാനുഭവങ്ങളുടെയും ആകർഷണീയമായി തോന്നിയ ഘടകങ്ങളിൽ നല്ല കൂട്ടുകെട്ടിന്റെ പ്രാധാന്യം അടിവരയിട്ടു പറയേണ്ടിയിരിക്കുന്നു. കൂട്ടുകെട്ടുകൾ ഉണ്ടാക്കിയ പൊല്ലാപ്പുകളിൽനിന്ന് ജോണിയെ ആത്യന്തികമായി രക്ഷിക്കുന്നത് സ്വന്തം കുടുംബത്തിലെ ആഴമേറിയ സ്നേഹവും ദൈവവിശ്വാസവും കൊണ്ട് അവർ പണിതുയർത്തിയിരുന്ന ഭദ്രതയുമാണ്. ഏതു കാറ്റിലും കോളിലും ആടിയുലഞ്ഞാലും തകർന്നു വീഴാത്ത കുടുംബം എന്ന സ്നേഹസൗധത്തിന്റെ കെട്ടുറപ്പും സൗന്ദര്യവും ആയിരുന്നിരിക്കണം പുരോഹിതനായ സംവിധായകനെ ഈ കഥ പറയാൻ പ്രേരിപ്പിച്ചതിനു പിന്നിലെ മുഖ്യപ്രചോദനം.


'കാറ്റിനരികെ' സാങ്കേതിക മേന്മയിലും പുറകിലല്ല; പ്രത്യേകിച്ച് ചിത്രത്തിന്റെ ഛായാഗ്രഹകൻ മലഞ്ചെരുവിലെ ആ ഗ്രാമത്തിന്റെ സൗന്ദര്യവും ഉൾക്കാടിന്റെ ഭംഗിയും ആ നാട്ടിലെ ജീവിതത്തിന്റെ സ്വച്ഛതാളവും പകർത്തിവച്ചിരിക്കുന്നു. സംഗീത സംവിധാനവും വിദഗ്ധ കൈകളിൽ തന്നെ. വളരെ ചെറിയ ബഡ്ജറ്റിൽ നിർമിച്ചെടുത്ത ഈ ചിത്രത്തിന്റെ ചാരുത വർധിപ്പിക്കുന്നതിൽ അഭിനേതാക്കളും മുഖ്യപങ്കുവഹിക്കുന്നുണ്ട്. സംവിധായകൻ റോയ് കാരേക്കാട്ട് കപ്പുച്ചിനും സ്മിരിൻ സെബാസ്റ്റിനുംചേർന്ന് തിരക്കഥ ഒരുക്കിയിരിക്കുന്ന ഈ ചിത്രത്തിന്റെ കഥ ആന്റണി കപ്പൂച്ചിന്റേതാണ്. ■

# വന(സു)വിശേഷം

ജെ.സി. ബുക്ക്മാൻ




സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.




## മഹാരഹസ്യത്തിന്റെ വിഹായസ്സിലേക്ക്

**ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS**

ആരാധനക്രമത്തിലധിഷ്ഠിതമായ ആധ്യാത്മികതയ്ക്ക് സൂര്യവെളിച്ചം പകരുന്ന ഗ്രന്ഥഭാഷ്യമാണ് മഹാരഹസ്യത്തിന്റെ വിഹായസ്സ്. സീറോമലബാർസഭയുടെ പുനരുദ്ധരിക്കപ്പെട്ട റാസാക്രമം പ്രോദ്ഘാടനം ചെയ്തിട്ട് മൂന്നര പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും എതിർപ്പുകളാൽ നവീകരണവും ഏകീകരണവും സാധ്യമായിരുന്നില്ല. സഭയുടെ സിനഡാനന്തര ഐക്യ ഫോർമുലയും പ്രായോഗികമായില്ലെങ്കിലും ഈ വിഷയത്തിൽ തുടർന്നുകൊണ്ടിരുന്ന പഠനത്തിന്റെ അനാവൃതമായ ഒരു ഗ്രന്ഥമാണിത്.

സീറോമലബാർ ആരാധനക്രമത്തിലെ സപ്ത വിഷയങ്ങളെ അധികരിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം തെറ്റുകൾ തിരുത്താനും വിശ്വാസജീവിതത്തിൽ ബലിയർപ്പണത്തിൽ ശരിയായ ബോധ്യങ്ങളോടെ പങ്കുചേരുന്നതിനും സഹായകരമായിരിക്കും.

*പേജ് 122, വില - ₹ 100/- , എമ്മാവൂസ് പബ്ലിക്കേഷൻസ്*

*കോപ്പികൾക്ക്: 8281773551*

## വിരിയുംമുമ്പേ

**ജയിംസ് ജോസഫ് കാരക്കാട്ട്**

പ്രകൃതിയോടുള്ള പ്രണയവും സമൂഹത്തിൽ നടക്കുന്ന മൂല്യനിരാസത്തിന്റെയും ആത്മവഞ്ചനയുടെയും കണ്ണീരണിഞ്ഞ പരിഹാസവും ആത്മഹാസവും അക്ഷരങ്ങളായി അടവച്ചപ്പോൾ വിരിഞ്ഞുവന്ന രചനയാണ് വിരിയുംമുമ്പേ. പ്രകൃതിയുടെയും പരിസ്ഥിതിയുടെയും നിലാവെളിച്ചം പകരുന്ന ഈ ഗ്രന്ഥത്തിനെ കവിതകളും നാടകവുംകൊണ്ടാണ് അണിയിച്ചൊരുക്കിയിട്ടുള്ളത്.


കവിതകളെ വരവിന്യാസത്തോടെ അവതരിപ്പിച്ചിരിക്കുന്നതിനാൽ ചിത്രാവിഷ്ക്കാരം കവിതകളുടെ അന്തഃസത്തയെ വെളിപ്പെടുത്തുന്നു. കഥയോ കവിതയോപോലെ ആസ്വദിക്കേണ്ടതല്ല നാടകമെന്നും അത് നടിക്കാനുള്ളതാണെന്ന അവബോധത്തോടെയാണ് ഗ്രന്ഥകാരൻ ഇതിലെ നാടകരചന നിർവഹിച്ചിരിക്കുന്നത്. ഭൂമിക്കുമേൽ മനുഷ്യൻ നടത്തുന്ന നിഷ്ഠൂരമായ കൈയേറ്റങ്ങളാണ് നാടകത്തിന്റെ ഇതിവൃത്തം.

*പേജ് 86, വില - ₹ 90/- , പരിധി പബ്ലിക്കേഷൻസ്,*

*കോപ്പികൾക്ക്: 9895686526*

## ക്രിസ്തുവിന്റെ രക്തം

**സ്റ്റീഫൻ കായിക്കോടത്ത്**




പീഡകൾസഹിച്ച് കുരിശിൽ രക്തംചിന്തി മരിച്ച ക്രിസ്തുവിന്റെ പീഡാസഹനങ്ങൾ ഓർമ്മപ്പെടുത്തുന്ന അമൂല്യ സ്നേഹത്തെക്കുറിച്ചുള്ള ഒരടയാളപ്പെടുത്തലാണ് ക്രിസ്തുവിന്റെ രക്തം. ക്രൂശിതന്റെ വചനവും വഴിയും വരവും ഒരു സ്നേഹ പ്രവാഹമായി ഒഴുകിയിറക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

16 ചെറുഅധ്യായങ്ങളിലൂടെ ഉള്ളടക്ക ക്രമീകരണം നടത്തിയിരിക്കുന്ന ഈ പുസ്തകം വിശുദ്ധഗ്രന്ഥാധിഷ്ഠിതമായാണ് മനഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു വചനവിരുന്ന് ആസ്വദിക്കുന്നതിന്റെ രുചിക്കൂട്ട് വായനക്കാരന് പകർന്നുതരുന്നുണ്ട്. ബ്രദേഴ്സ് ഓഫ് ഹോളിസ്പിരിറ്റ് ആതുരസേവന ശുശ്രൂഷയിലൂടെ ഗ്രന്ഥകാരന് ലഭ്യമായ അനുഭവങ്ങളെ കോർത്തിണക്കിക്കൊണ്ട് 'ആരാണെന്റെ അയൽക്കാരൻ' എന്ന കവിതയിലൂടെയാണ് ഗ്രന്ഥരചന പൂർത്തിയാക്കിയിരിക്കുന്നത്.

---

*പേജ് 74, വില – ₹ 90/–, ഐറിൻ ബുക്സ്, കോപ്പികൾക്ക്: 9605770005*

## സഞ്ചാരികളുടെ പറുദീസ

**ഫാ. ഫ്രാൻസീസ് കൂത്തൂർ**




സഞ്ചാരനുഭവത്തിന്റെ ആത്മീയ സൗന്ദര്യത്തെ കാച്ചിക്കുറുക്കിയ ഒരു സുഗന്ധകൂട്ടാണ് യൂറോപ്പ് സന്ദർശകർക്ക് ഒരു വഴികാട്ടിയായ സഞ്ചാരികളുടെ പറുദീസ. യൂറോപ്യൻ നാടുകളിൽ ഒന്നര ദശാബ്ദക്കാലം നടത്തിയ പഠന സേവനങ്ങളുടെയും അരപതിറ്റാണ്ടുകാലം കേരളത്തിൽനിന്നും വിദേശയാത്രകൾക്ക് നേതൃത്വം കൊടുത്തതിന്റെയും അറിവിന്റെയും അനുഭവത്തിന്റെയും സമ്മോഹന സങ്കലനമാണിത്.

വത്തിക്കാൻമുതൽ ഫാത്തിമവരെ പടിഞ്ഞാറൻ യൂറോപ്പിലൂടെ സഞ്ചരിക്കുന്നവർക്ക് ഒരുത്തമ ഗൈഡാണിത്. യൂറോപ്പിന്റെ ഭൂമിശാസ്ത്ര പശ്ചാത്തലം മാത്രമല്ല, ഇവിടത്തെ സാമൂഹിക–സാംസ്കാരിക പൈതൃകങ്ങളുടെയും ഭാഷ, ആചാരങ്ങൾ, ആഘോഷങ്ങൾ, കലാ–സാഹിത്യ സംഭാവനകൾ എന്നിവയും സമഗ്രതയോടെ സംക്ഷിപ്തമായി പ്രതിപാദിക്കുന്നുണ്ട്. കണ്ടറിഞ്ഞ ദേശകാഴ്ചകൾ മാത്രമല്ല അനുഭവങ്ങളുടെ വിവരണവും മിശ്രിതമാക്കി വർണചിത്രങ്ങളാൽ അലംകൃതമാക്കിയിരിക്കുന്നിതിൽ.

---


*പേജ് 66, വില – ₹ 70/–, H&C ബുക്സ്, കൊച്ചി, കോപ്പികൾക്ക്: 90727 33335*

വായനയുടെ വിശാലലോകത്തേക്ക്

എമ്മാവൂസ് പബ്ലിക്കേഷൻസിന്റെ

# പുസ്തകാലയം!

**ആധ്യാത്മിക – ചരിത്ര – സാമൂഹിക പ്രതിബദ്ധതകളുടെ ഉറവുണർത്തുന്ന നവ ഗ്രന്ഥങ്ങൾ ഇപ്പോൾ വിപണിയിൽ !**




തേവര കാരുണികൻ ഓഫീസിലും
കേരളത്തിലെ പ്രമുഖ ബുക്ക്സ്റ്റാളുകളിലും കോപ്പികൾ ലഭ്യമാണ്

**EMMAUS PUBLICATIONS**
Perumanoor P.O., Kochi - 15
Ph: 0484-2663933, 2664733,
e-mail : emmauspublications9634@gmail.com

തപാൽ സൗജന്യത്തോടെ കോപ്പികൾ ലഭിക്കാൻ

**+91 8281773551**

**BANK DETAILS**

A/c Name : Director, Emmaus Publication IFSC code : SIBL0000025
Account No.: 0025053000009634 Bank : South Indian Bank, M G Road, EKM

Date of Publication: 13.07.2021 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
**Total Pages 70**


# കാരുണികൻ

ദൈവശാസ്ത്രത്തിന്റെ മലയാള നാദം

## പുതിയ കെട്ടിലും മട്ടിലും



**സഭയെ അറിയാൻ... സമൂഹത്തെ അറിയാൻ...**

**വായിക്കുക! പ്രചരിപ്പിക്കുക!**

For Subscription

**KARUNIKAN**

Perumanoor P.O. Thevara, Kochi - 682015, Kerala, India

Ph: 0484 - 2663933, 2664733, 9995802006

e-mail : mail@karunikan.com | website: www.karunikan.com


Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682015, Ernakulam Dt.